# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

നവംബർ 2015 വാല്യം 42 ലക്കം 8 *ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ്* പേജ് 16 വില 5.00 രൂപ


# ജീവിതപ്രശ്നങ്ങൾ അവഗണിച്ച രാഷ്ട്രീയ കർത്തവ്യങ്ങൾ വിസ്മരിച്ച പഞ്ചായത്ത് തെരഞ്ഞെടുപ്പ്

**പഞ്ചായത്ത് തെരഞ്ഞെടുപ്പ് കഴിഞ്ഞു. അഴിമതിയും ജനദ്രോഹവുംകൊണ്ട് പൊറുതിമുട്ടിയ ജനങ്ങൾ യുഡിഎഫിന് തിരിച്ചടി നൽകി. എൽഡിഎഫിന് ഇത് നേട്ടമായി. ബിജെപിയും നേട്ടമുണ്ടാക്കിയെങ്കിലും ബിജെപി-എസ്എൻഡിപി സഖ്യത്തെ ജനങ്ങൾ തിരസ്ക്കരിച്ചു.**

കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിലും ഉപതെരഞ്ഞെടുപ്പുകളിലും നേട്ടമുണ്ടാക്കിയ യുഡിഎഫ് ഇക്കുറിയും വിജയപ്രതീക്ഷയിലായിരുന്നു. ഈ തെരഞ്ഞെടുപ്പും ങ്ങളാകട്ടെ, ശക്തമായി പ്രതികരിച്ചു. അതോടൊപ്പം, ഘടകകക്ഷികൾ പരസ്പരം സൗഹൃദ മത്സരം നടത്തിയതും കോൺഗ്രസ്സിലെ ശക്തമായ ഗ്രൂപ്പ് പോരും സംസ്ഥാന കോൺഗ്രസ്സും പരസ്പരം മത്സരിച്ചു. സ്ഥാനാർത്ഥി നിർണ്ണയത്തിലെ പരാതി മൂലം നൂറുകണക്കിന് കോൺഗ്രസ്സ് സ്ഥാനാർത്ഥികൾ റിബലുകളായി രംഗത്തുവന്നു. വിമ

## ജനങ്ങൾ അഭിലഷിക്കുന്നത് ഇടതുപക്ഷ രാഷ്ട്രീയ മുന്നേറ്റം

സംസ്ഥാനഭരണത്തിന്റെ വിലയിരുത്തലാകും എന്ന് പ്രഖ്യാപിച്ച മുഖ്യമന്ത്രിക്ക് അതിരറ്റ ആത്മവിശ്വാസമുണ്ടായിരുന്നു. ബിജെപി-എസ്എൻഡിപി സഖ്യം ഇടതുമുന്നണിക്കാകും കോട്ടമുണ്ടാക്കുക എന്ന കണക്കുകൂട്ടലിൽ ആ കൂട്ടുകെട്ടിനോട് മൃദുസമീപനം പുലർത്തിയത് യുഡിഎഫിന് തിരിച്ചടിയായി. എൽഡിഎഫ്, ബിജെപി മുന്നണിക്കെതിരെ വാചാലമായപ്പോൾ ന്യൂനപക്ഷ വോട്ടുകളിൽ ഒരു പങ്ക് അവരുടെ പെട്ടിയിലും വീണു. ജന വ്യാപകമായിത്തന്നെ വിമതർ രംഗത്തുവന്നതും യുഡിഎഫിന് വിനയായി. തെരഞ്ഞെടുപ്പിനുതൊട്ടുമുമ്പ് ബാർകോഴ വിഷയത്തിലുണ്ടായ കോടതി പരാമർശം കൂടിയായപ്പോൾ യുഡിഎഫിന്റെ പരാജയം ഉറപ്പായി.

വിമതർ ഇരുമുന്നണികൾക്കും ശല്യമായിരുന്നു. പതിവുപോലെ യുഡിഎഫിനായിരുന്നു ഏറെ തലവേദന. മുന്നണികളുടെ സീറ്റുവിഭജനത്തിൽ തൃപ്തരാകാതെ പലയിടങ്ങളിലും കോൺഗ്രസ്സും ലീഗും കേരളാ തർക്കെതിരെ നടപടിയെടുക്കുമെന്ന് കെപിസിസിവക മുന്നറിയിപ്പുണ്ടായിരുന്നു. നോമിനേഷൻ കൊടുക്കരുത്, കൊടുത്താൽ പിൻവലിക്കണം, പിൻവലിച്ചില്ലെങ്കിൽ വോട്ടുപിടിക്കരുത്, പിടിച്ചാലും ശത്രുപക്ഷവുമായി സഹകരിക്കരുത് എന്നിങ്ങനെ ഇണ്ടാസുകൾ പലത് ഇറക്കിയിട്ടും ഫലമില്ലാതെവന്നപ്പോൾ സൗഹൃദമത്സരം എന്ന ഒരു മത്സര ഇനം കൂടി ഉൾപ്പെടുത്തേണ്ടിവന്നു. വിമതർ ജയി

(ശേഷം 2-ാം പേജിൽ)

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കു നടന്ന തെരഞ്ഞെടുപ്പിന്റെ ഫലം വിലയിരുത്തിക്കൊണ്ട് എസ്‌യുസിഐ(സി) കേരള സംസ്ഥാന കമ്മിറ്റി പുറപ്പെടുവിച്ച പ്രസ്താവന

അടിമുടി അഴിമതിയും ജനദ്രോഹവും നിറഞ്ഞ യുഡിഎഫ് ഭരണത്തോടുള്ള ജനങ്ങളുടെ വിദ്വേഷം പ്രതിഫലിപ്പിക്കുന്നതാണ് ഈ തെരഞ്ഞെടുപ്പുഫലം. അതേസമയം മുന്നണികൾ ഒരുപോലെ പിന്തുടരുന്ന അവസരവാദ രാഷ്ട്രീയവും വർഗ്ഗീയ പ്രീണനവും നിരാശരാക്കിയ ഒരു വിഭാഗമാളുകൾ ബിജെപി ഉയർത്തുന്ന വർഗ്ഗീയ രാഷ്ട്രീയ പ്രചാരണത്തിൽ വശീകരിക്കപ്പെട്ടിട്ടുണ്ടെന്നുള്ള സൂചനയും ഈ ഫലം നൽകുന്നുണ്ട്. എന്നാൽ, ജനാധിപത്യ-മതേതര കാഴ്ചപ്പാടുകൾ മുറുകെപ്പിടിച്ചു മുന്നേറാൻ തയ്യാറുള്ള ശക്തമായ ഇടതുപക്ഷ മനസ്സാണ് സംസ്ഥാന ത്തിനുള്ളതെന്ന് ഈ തെരഞ്ഞെടുപ്പുഫലം അസന്നിഗ്ധമായി തെളിയിക്കുന്നുണ്ട്. ഇടതു-ജനാധിപത്യ പ്രസ്ഥാനങ്ങൾ ഈ ജനവിധി ശരിയാംവണ്ണം ഉൾക്കൊണ്ട് കാലഘട്ടമുയർത്തുന്ന വെല്ലുവിളികൾ ഏറ്റെടുക്കാൻ തയ്യാറാകണമെന്ന് എസ്‌യുസിഐ(സി) സംസ്ഥാന കമ്മിറ്റി അഭ്യർത്ഥിച്ചു.

# ശ്രീനാരായണഗുരുവും കമ്മ്യൂണിസ്റ്റുകളും

**ഭാഗം 2**

**ഈ ലേഖനത്തിന്റെ ഒന്നാം ഭാഗത്ത്, ശ്രീനാരായണഗുരുവിനെ ഹിന്ദുമതത്തിന്റെയും ജാതിയുടെയും ക്ഷേത്രാരാധനയുടെയും വക്താവായി അവതരിപ്പിക്കുന്നതിന് നീതീകരണമില്ലെന്ന് അദ്ദേഹത്തിന്റെ തന്നെ വാക്കുകളുടെ അടിസ്ഥാനത്തിൽ വ്യക്തമാക്കുകയുണ്ടായി. ആ മഹാനായ നവോത്ഥാന നായകനെ സംബന്ധിച്ച് കമ്മ്യൂണിസ്റ്റുകളുടെ വിലയിരുത്തലെന്ത്, കേരളത്തിൽ കമ്മ്യൂണിസ്റ്റെന്നറിയപ്പെടുന്ന പ്രസ്ഥാനത്തിന് നമ്മുടെ നവോത്ഥാനത്തെയും നവോത്ഥാന നായകന്മാരെയും സംബന്ധിച്ച് ശരിയായ മാർക്സിസ്റ്റ് നിലപാട് സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ, നവോത്ഥാന നായകന്മാരെ ഇന്ന് അനുസ്മരിക്കുന്നതിന്റെ പ്രസക്തിയെന്ത് എന്നീ വിഷയങ്ങളാണ് ഇനി പരിശോധിക്കാനുള്ളത്. ഈ വിഷയങ്ങൾ വ്യക്തമാകണമെങ്കിൽ, ഇൻഡ്യൻ നവോത്ഥാനത്തിന്റെയും നമ്മുടെ ജനാധിപത്യവിപ്ലവത്തിന്റെയും ചരിത്രപരമായ സവിശേഷതകൾ കൂടി മനസ്സിലാക്കിയിരിക്കേണ്ടതുണ്ട്. അതിനാൽ, അവിടെ നിന്ന് തുടങ്ങാം.**

### ഇൻഡ്യൻ നവോത്ഥാനത്തിന്റെ ചരിത്രപരമായ സവിശേഷത

ഇൻഡ്യൻ നവോത്ഥാനത്തെ മാർക്സിസ്റ്റ് കാഴ്ചപ്പാടിൽ നിന്ന് വിശകലനം ചെയ്തുകൊണ്ട് സഖാവ് ശിബ്ദാസ് ഘോഷ് ഇങ്ങനെ ചൂണ്ടിക്കാട്ടി: "നമ്മുടെ രാജ്യത്ത് നവോത്ഥാനം ആരംഭിച്ചത് രാജാ റാം മോഹൻ റായിയോടുകൂടിയാണെന്ന് കണക്കാക്കപ്പെടുന്നു. അദ്ദേഹം മതപരിഷ്കരണത്തിലൂടെയാണ് നവോത്ഥാനപ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്. ബൂർഷ്വാ മാനവവാദ ധാരണകളെയും യൂറോപ്യൻ നവോത്ഥാനത്തിന്റെ ധാർമ്മിക മൂല്യങ്ങളെയും മതത്തിന്റെ മുഖ്യപ്രമേയവുമായി വിലയിപ്പിക്കുകയാണ് അദ്ദേഹം ചെയ്തത്. തൽഫലമായി നമ്മുടെ രാജ്യത്തെ നവോത്ഥാന പ്രസ്ഥാനം മതപരിഷ്കരണത്തിന്റെ മാർഗ്ഗത്തിലൂടെയാണ് മുന്നേറിയത്. തുടർന്ന് വിദ്യാസാഗറിന്റെ ആവിർഭാവം നമ്മുടെ നവോത്ഥാനപ്രസ്ഥാനത്തിൽ പുതിയൊരു നാഴികക്കല്ലായി. എന്തെന്നാൽ, അദ്ദേഹമാണ് നമ്മുടെ നവോത്ഥാനത്തെ മതോന്മുഖമായ അവസ്ഥയിൽ നിന്ന് മോചിപ്പിച്ചത്. ഈ മണ്ണിൽ ആദ്യമായി, അന്ന് സാദ്ധ്യമായിരുന്നേടത്തോളം, ശാസ്ത്രത്തിന്റെയും ചരിത്രത്തിന്റെയും യുക്തിചിന്തയുടെയും ഉറച്ച അടിത്തറയിൽ മാനവവാദപ്രസ്ഥാനം വളർത്തിയെടുക്കാൻ അദ്ദേഹം കഠിനപ്രയത്നം നടത്തി.

വിദ്യാസാഗറിന് ശേഷം നമ്മുടെ നവോത്ഥാനപ്രസ്ഥാനം ഒരിക്കൽക്കൂടി മതനവീകരണത്തിന്റെ പന്ഥാവിലൂടെ നീങ്ങാൻ തുടങ്ങി... ഒരുവശത്ത്, ഹിന്ദുസമൂഹത്തെ അതിന്റെ തിന്മകളിൽനിന്നും പിഴവുകളിൽനിന്നും മോചിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ബ്രഹ്മസമാജത്തിന്റെ ആഭിമുഖ്യത്തിലുള്ള മതപ്രസ്ഥാനത്തിന്റെ വേലിയേറ്റം. മറുവശത്ത്, അതിനോടുള്ള പ്രതികരണമെന്ന നിലയിൽ മതപുനരുജ്ജീവനപ്രസ്ഥാനം. ഹിന്ദുമതപരിഷ്കർത്താക്കൾ ഹിന്ദുമതത്തിന്റെ പൈതൃകവും പാരമ്പര്യവും പിന്തുടർന്നുകൊണ്ട്, ഹിന്ദുസമൂഹത്തെ ജാതിയുടെയും മറ്റ് തിന്മകളുടെയും ശാപത്തിൽ നിന്ന് മോചിപ്പിക്കാനുള്ള പ്രയത്നങ്ങൾ നടത്തി... ഈ ഹിന്ദുമതപുനരുജ്ജീവന പ്രസ്ഥാനത്തിന്റെ സൃഷ്ടിയായ അത്യുന്നതവ്യക്തിത്വമാണ് സ്വാമിവിവേകാനന്ദൻ. അദ്ദേഹം നവോത്ഥാനത്തെ കേവലം മതപരിഷ്കരണത്തിന്റെ അതിരുകൾക്കുള്ളിൽ ഒതുക്കിനിർത്തിയില്ല. ആരാധനയുടെയും ധ്യാനത്തിന്റെയും സ്ഥാനത്ത് അദ്ദേഹം കർമ്മയോഗത്തിന് ഊന്നൽ നൽകി. രാജ്യത്തുടനീളം അഗാധമായ ദേശാഭിമാനത്തിന്റെയും രാജ്യസ്നേഹ

(ശേഷം 10-ാം പേജിൽ)

## ഉൾപേജുകളിൽ


പട്ടേൽ സംവരണ സമരം -പേജ് 3

ഡോക്ടർമാരുടെ സമരം -പേജ് 4

നവംബർ വിപ്ലവപാഠങ്ങൾ -പേജ് 5

ബുദ്ധിജീവികളുടെ അരുംകൊല - പേജ് 6

ടിഎസ്ഒ സംസ്ഥാന കൺവൻഷൻ -പേജ് 7

ദാദ്രി കൊലപാതകം -പേജ് 8

പ്രത്യയശാസ്ത്രപരവും സംഘടനാപരവുമായ ചില പ്രശ്നങ്ങളെപ്പറ്റി - പേജ് 13





**കൊച്ചിയിൽ വൈദ്യുതി മന്ത്രിമാരുടെ യോഗത്തിലേക്ക് വൈദ്യുതി മേഖലയിൽ പ്രവർത്തിക്കുന്ന സംഘടനകളുടെ കോ-ഓർഡിനേഷൻ കമ്മിറ്റി സംഘടിപ്പിച്ച പ്രതിഷേധറാലിയിൽ ആൾ ഇന്ത്യാ പവർമെൻസ് ഫെഡറേഷൻ പ്രവർത്തകർ**

# ബിജെപി-എസ്എൻഡിപി സഖ്യത്തെ ജനങ്ങൾ തിരസ്ക്കരിച്ചു

(1-ാം പേജിൽ നിന്ന്)

ച്ചാലും വിമതർ തന്നെ ആയിരിക്കും എന്ന പരിഭവം പറച്ചിൽ അകമ്പടിയായി ഉണ്ടായിരുന്നു എന്നുമാത്രം. എന്നിട്ടും നിരവധി വിമതർക്കെതിരെ കോൺഗ്രസ്സിനും ലീഗിനും മറ്റും നടപടിയെടുക്കേണ്ടിവന്നു. എന്തായാലും യുഡിഎഫിലെ ഐക്യമാണ് ഈ തെരഞ്ഞെടുപ്പിന്റെ മുഖ്യആകർഷണം എന്ന് മുഖ്യമന്ത്രി പറഞ്ഞത് വെറുതെയല്ല. ഇടതുമുന്നണിയിൽ സിപിഐ(എം), സിപിഐ കക്ഷികൾ പലയിടത്തും പരസ്പരം മത്സരിച്ചു. ആർഎസ്പി(എം) മുന്നണിയോടു പിണങ്ങി ഒറ്റയ്ക്ക് മത്സരിച്ചു. ബിജെപിക്കും അങ്ങിങ്ങ് വിമതശല്യം നേരിടേണ്ടിവന്നു.

എന്നാൽ ഒരു ദയനീയപരാജയത്തിൽ നിന്ന് യുഡിഎഫിനെ രക്ഷിച്ചത് എൽഡിഎഫ് ആണെന്നുപറയാം. യുഡിഎഫ് ഭരണത്തിനെതിരെ ശക്തമായ ജനവികാരമുയർന്നപ്പോഴെല്ലാം അവർ ദുർബലമായ പ്രതിഷേധം രേഖപ്പെടുത്തി ജനങ്ങളുടെ കണ്ണിൽപൊടിയിട്ടു. സമരരാഷ്ട്രീയത്തെ ശക്തിപ്പെടുത്തുന്ന ഇടതുപക്ഷ നിലപാടിനുപകരം ഭരണവിരുദ്ധവികാരം വോട്ടാക്കിമാറ്റുന്ന വലതുപക്ഷ രാഷ്ട്രീയമാണവർ അവലംബിച്ചത്. ഇത് താൽക്കാലികമായ നേട്ടങ്ങൾക്ക് അവസരമൊരുക്കിയെങ്കിലും ആത്യന്തികമായി ഇടതുപക്ഷ രാഷ്ട്രീയത്തിന് തിരിച്ചടിയാകുകതന്നെ ചെയ്യും.

ജനകീയ സമരധാര ശക്തിപ്പെട്ടാൽ കൃത്യമായ ഇടവേളകളിൽ ഭരണം കയ്യാളുന്ന തങ്ങൾക്കും അത് ഭീഷണിയാകുമെന്ന തിരിച്ചറിവാണ് എൽഡിഎഫിനെ നിഷ്ക്രിയമാക്കുന്നത്. ഏതെങ്കിലുമൊരു ജനവിരുദ്ധ പാർട്ടിയെ അല്ലെങ്കിൽ മുന്നണിയെ തോളിലേറ്റാൻ ഇതുവഴി ജനങ്ങൾ നിർബന്ധിതരാകുന്നു. കേന്ദ്രത്തിൽ ബിജെപി അധികാരത്തിൽ വന്നത് ഈ ഭരണവിരുദ്ധവികാരം മുതലെടുത്താണ്. സംസ്ഥാനത്ത് യുഡിഎഫ്-എൽഡിഎഫ് ദുർഭരണത്തിന് ജനങ്ങൾ ഇരയായിക്കൊണ്ടിരിക്കുന്നതും ഇതേകാരണത്താൽതന്നെ.

ആര് അധികാരത്തിൽ വന്നാലും അവരുടെ ജനവിരുദ്ധ നിലപാടുകളെ എതിർക്കുകയും കക്ഷിരാഷ്ട്രീയത്തിനതീതമായി ആക്രമണങ്ങൾക്കിരയാകുന്ന ജനവിഭാഗങ്ങൾ യോജിച്ച് മുന്നേറുകയും ചെയ്യുക എന്നതാണ് ഇന്നത്തെ രാഷ്ട്രീയ കർത്തവ്യം. ഇതിന് ജനങ്ങളെ പ്രാപ്തരാക്കേണ്ടത് ഇടതുപക്ഷപാർട്ടികളുടെ ഉത്തരവാദിത്വമാണ്. ഇക്കാര്യത്തിൽ ദയനീയ പരാജയമായി മാറുകയാണ് സിപിഐ(എം), സിപിഐ പാർട്ടികൾ.

എസ്എൻഡിപി യോഗവുമായി ചങ്ങാത്തംകൂടി പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ വൻനേട്ടമുണ്ടാക്കാം എന്ന കണക്കുകൂട്ടലുമായി മത്സരിച്ച ബിജെപിക്കും പ്രതീക്ഷിച്ചതുപോലുള്ള ചലനമുണ്ടാക്കാൻ കഴിഞ്ഞില്ല. നരേന്ദ്രമോദിയുടെ പ്രതിച്ഛായ എന്ന കള്ളനാണയവും ദേശീയതലത്തിൽ ബിജെപിക്ക് കൈവരുന്ന സ്വാധീനവുമെല്ലാം ഉപയോഗപ്പെടുത്തി സംഘടനാപരമായി ബിജെപിക്ക് ഉണ്ടാക്കാൻ കഴിയുമായിരുന്ന നേട്ടംപോലും സഖ്യത്തിന് ഉണ്ടാക്കാൻ കഴിഞ്ഞില്ല എന്നതാണ് വസ്തുത. അരുവിക്കര ഉപതെരഞ്ഞെടുപ്പിൽ നടത്തിയ പ്രകടനം അവർക്ക് വലിയ പ്രതീക്ഷ നൽകിയിരുന്നു. എന്നാൽ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ തിരുവനന്തപുരം കോർപ്പറേഷനിലും ചില പട്ടണപ്രദേശങ്ങളിലും ശ്രദ്ധേയമായ നേട്ടം കൈവരിക്കാൻ അവർക്കായി. പലയിടത്തും അക്കൗണ്ട് തുറക്കാനുമായി. യുഡിഎഫ്-എൽഡിഎഫ് അവസരവാദ നിലപാടുകളിൽ മനംമടുത്തവരെ വശീകരിക്കാൻ കഴിഞ്ഞതാണ് അവരുടെ വോട്ടിൽ വർദ്ധനയുണ്ടാക്കിയത്. എസ്എൻഡിപിയോഗത്തിന്റെ പ്രഖ്യാപിത നിലപാടുകൾ വിസ്മരിച്ച് ഹിന്ദുവർഗ്ഗീയ ശക്തികളുടെ കുടിലപദ്ധതികൾക്ക് വിധേയമാകാൻ യോഗനേതൃത്വം എടുത്ത തീരുമാനത്തിന് സമുദായാംഗങ്ങളിൽ നിന്നുതന്നെ കനത്ത തിരിച്ചടി കിട്ടി. യോഗം ജനറൽ സെക്രട്ടറിയുടെ തട്ടകത്തിൽ പോലും മത്സരിച്ച സഖ്യം സ്ഥാനാർത്ഥികൾ എല്ലാവരും പരാജയപ്പെട്ടു. ചിലയിടങ്ങളിൽ ബിജെപി സ്ഥാനാർത്ഥികൾ വിജയിച്ചെങ്കിലും എസ്എൻഡിപിയോഗത്തിന്റെ സ്ഥാനാർത്ഥികൾ പരാജയപ്പെട്ടു. ബിജെപിയേക്കാൾ കേമന്മാരാണ് തങ്ങൾ എന്ന തോന്നൽ എസ്എൻഡിപി യോഗം നേതാക്കൾക്ക് ഉണ്ടായതോടെ സംസ്ഥാന ബിജെപി നേതൃത്വത്തിനും മുറുമുറുപ്പായി. പി.പി.മുകുന്ദൻ-രാമൻപിള്ള വിവാദങ്ങൾ ബിജെപിയിലെ വിഭാഗീയതയും പുറത്തുകൊണ്ടുവന്നു.

ബിജെപി-എസ് എൻഡിപി സഖ്യം തങ്ങൾക്കുവിനയാകുമെന്ന് മനസ്സിലാക്കിയ സിപിഐ(എം) നേതൃത്വം ഇതിനെതിരെ ശക്തമായി രംഗത്തുവന്നു. ശാശ്വതീകാനന്ദയുടേത് കൊലപാതകമാണെന്നും അതിനുത്തരവാദികൾ വെള്ളാപ്പള്ളി നടേശനും പുത്രനുമാണെന്നും അവർ ആരോപിച്ചു. മൈക്രോ ഫിനാൻസ് ഇടപാടുകളെക്കുറിച്ചും അവർ അന്വേഷണം ആവശ്യപ്പെട്ടു. ഇതോടെ വെള്ളാപ്പള്ളി അല്പം പരുങ്ങലിലായി. ഇടതുമുന്നണിയുമായി വിരോധമൊന്നുമില്ലെന്നും വേണമെങ്കിൽ കൂട്ടുകെട്ടാകാമെന്നുംവരെ പറയേണ്ടിവന്നു വെള്ളാപ്പള്ളിക്ക്. എസ്എൻഡിപി പുതിയ രാഷ്ട്രീയ പാർട്ടിയുണ്ടാക്കുന്നതിനായി നടത്തിയ നീക്കങ്ങൾക്ക് താൽക്കാലികമായെങ്കിലും ഇതോടെ തിരിച്ചടിയായി.

**എസ്എൻഡിപി യോഗവുമായി ചങ്ങാത്തംകൂടി പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ വൻനേട്ടമുണ്ടാക്കാം എന്ന കണക്കുകൂട്ടലുമായി മത്സരിച്ച ബിജെപിക്കും പ്രതീക്ഷിച്ചതുപോലുള്ള ചലനമുണ്ടാക്കാൻ കഴിഞ്ഞില്ല. സംഘടനാപരമായി ബിജെപിക്ക് ഉണ്ടാക്കാൻ കഴിയുമായിരുന്ന നേട്ടംപോലും സഖ്യത്തിന് ഉണ്ടാക്കാൻ കഴിഞ്ഞില്ല എന്നതാണ് വസ്തുത. അരുവിക്കര ഉപതെരഞ്ഞെടുപ്പിൽ നടത്തിയ പ്രകടനം അവർക്ക് വലിയ പ്രതീക്ഷ നൽകിയിരുന്നു. എന്നാൽ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ തിരുവനന്തപുരം കോർപ്പറേഷനിലും ചില പട്ടണപ്രദേശങ്ങളിലും ശ്രദ്ധേയമായ നേട്ടം കൈവരിക്കാൻ അവർക്കായി. പലയിടത്തും അക്കൗണ്ട് തുറക്കാനുമായി. യുഡിഎഫ്-എൽഡിഎഫ് അവസരവാദ നിലപാടുകളിൽ മനംമടുത്തവരെ വശീകരിക്കാൻ കഴിഞ്ഞതാണ് അവരുടെ വോട്ടിൽ വർദ്ധനയുണ്ടാക്കിയത്.**

വിശാല ഹിന്ദു ഐക്യത്തിനുവേണ്ടി നിലകൊള്ളുന്നവർ സ്വാർത്ഥ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ ഇറങ്ങിത്തിരിച്ചവരാണെന്നുപറഞ്ഞ എൻഎസ്എസ് ജനറൽ സെക്രട്ടറി എസ്എൻഡിപി യോഗത്തിന്റെ നീക്കങ്ങളോടുള്ള വിയോജിപ്പ് ശക്തമായ ഭാഷയിൽ രേഖപ്പെടുത്തി. എന്തായാലും ബിജെപി-എസ്എൻഡിപി സഖ്യം പ്രതീക്ഷിച്ചതുപോലുള്ള ചലനമുണ്ടാക്കിയില്ല.

വി.എസ്.അച്യുതാനന്ദനെ മുൻനിർത്തിയുള്ള പ്രചാരണമാണ് ഇടതുമുന്നണിയും സിപിഐ(എം)ഉം നടത്തിയത്. 'ജനശക്തി' വാരികയ്ക്ക് നൽകിയ അഭിമുഖത്തിൽ പാർട്ടി നേതൃത്വത്തെ പരസ്യമായി വിമർശിച്ച് വിഎസ് ഒരിക്കൽകൂടി തനിനിറം കാണിച്ചിരുന്നു. വർഗ്ഗീയപ്രസ്ഥാനങ്ങളുമായി ചങ്ങാത്തം കൂടിയതും ഘടകകക്ഷികളെ പുറന്തള്ളിയതുമൊക്കെ തുടർച്ചയായുള്ള പരാജയത്തിന്റെ കാരണങ്ങളായി വിഎസ് അക്കമിട്ടു നിരത്തി. എന്തായാലും വെള്ളാപ്പള്ളി വിരുദ്ധ പ്രചാരണത്തിന്റെ ചുക്കാൻ ഏറ്റെടുത്തതോടെ പാർട്ടിക്കാകെ അഭിമതനായി മാറി പ്രതിപക്ഷ നേതാവ്. 'ജനശക്തി' റിപ്പോർട്ട് നിഷേധിക്കുക മാത്രമല്ല കാരായി മാർക്കുവേണ്ടി പ്രചാരണം നടത്താൻ കണ്ണൂർജില്ലയിൽ പര്യടനം നടത്തുകയും ചെയ്തു അദ്ദേഹം.

ബാർകോഴ വിഷയത്തിൽ കോടതി പരാമർശം വന്നതോടെ പ്രചാരണത്തിന്റെ കേന്ദ്രബിന്ദു അഴിമതിയായി. എന്നാൽ കശുവണ്ടി വികസനകോർപ്പറേഷന്റെ ഭീമമായ അഴിമതിയെക്കുറിച്ച് ഇരുമുന്നണികളും മൗനംപാലിച്ചു. കാരണം, ഇരുവരും ചേർന്നാണല്ലോ കോർപ്പറേഷൻ ഭരണം നടത്തുന്നത്. മാണിയെ കൂടെക്കൂട്ടി യുഡിഎഫ് ഭരണം അട്ടിമറിക്കാൻ എൽഡിഎഫ് പദ്ധതിയിട്ടിരുന്നു എന്ന് എൽഡിഎഫിന്റെ ചങ്ങാതിയായ പി.സി.ജോർജ്ജ് തന്നെ വെളിപ്പെടുത്തിയല്ലോ? അപ്പോൾ മാണിവിരുദ്ധതയുടെ പുറംപൂച്ചും വ്യക്തമാണ്. മുസ്ലീംവോട്ടുകൾ പെട്ടിയിലാക്കാൻ നടത്തുന്ന നീക്കങ്ങൾ വർഗ്ഗീയ വിരുദ്ധ പ്രചാരണത്തിന്റെയും മുനയൊടിച്ചു. ബീഫ് വിഷയത്തിൽ കാണിച്ച ഉത്സാഹംപോലും ന്യൂനപക്ഷ വോട്ടുകൾ ലാക്കാക്കിയുള്ളതായിരുന്നു.

ഈ തെരഞ്ഞെടുപ്പിലും ധാർമ്മികത കാറ്റിൽപ്പറത്തിയതിന് ഉദാഹരണങ്ങൾ ഏറെയാണ്. ഏറെ കോളിളക്കം സൃഷ്ടിച്ച കൊലപാതകകേസ്സുകളിലെ പ്രതികൾ വരെ സ്ഥാനാർത്ഥികളായി. പ്രതികളെ ഒഴിവാക്കിയാൽ സിപിഐ(എം)ന് മത്സരിക്കാൻ ആളെ കിട്ടില്ല എന്ന സത്യം സംസ്ഥാന സെക്രട്ടറി തുറന്നുപറഞ്ഞു. അവരുടെ പാർട്ടിയിൽ 4,60,000 പ്രതികൾ ഉണ്ടെന്ന് അഭിമാനപൂർവ്വം ഓർമ്മിപ്പിക്കുകയും ചെയ്തു. മുന്നണി മര്യാദകൾ കാറ്റിൽപറത്തി വോട്ടുപിടിക്കുന്ന അടവുനയം ഇത്തവണയും അരങ്ങേറി. മുസ്ലീം ലീഗും കോൺഗ്രസ്സും പരസ്പരം മത്സരിച്ച മലപ്പുറം ജില്ലയിൽ സിപിഐ(എം) തരംപോലെ നിലപാടുകളെടുത്തു. മുസ്ലീംലീഗ് വർഗ്ഗീയ കക്ഷിയല്ല എന്ന പിണറായി വിജയന്റെ പ്രഖ്യാപനവും മുസ്ലീംവോട്ടുകളിൽ കണ്ണുവച്ചുള്ളതായിരുന്നു.

കാസർഗോഡ് ജില്ലയിലെ കാറഡുക്ക പഞ്ചായത്തിൽ എൽഡിഎഫിന്റെ പരോക്ഷ പിന്തുണയോടെയാണ് ബിജെപി ഭരണം നടത്തിയിരുന്നത് എന്നത് രഹസ്യമല്ല. പാലക്കാട് ജില്ലയിലെ അയിലൂർ പഞ്ചായത്തിലാകട്ടെ യുഡിഎഫ്-എൽഡിഎഫ് സംയുക്ത ഭരണമായിരുന്നു. കാസർഗോഡ് ജില്ലയിലെ ചില പഞ്ചായത്തുകളിൽ കോൺഗ്രസ്സിനും ബിജെപിക്കും പൊതുസ്ഥാനാർത്ഥികളുണ്ടായിരുന്നു. ചിലയിടങ്ങളിൽ ബിജെപിക്കെതിരെ യുഡിഎഫ്-എൽഡിഎഫ് സഹകരണവും. ചെങ്ങന്നൂർ നഗരസഭയിലെ 27-ാം വാർഡിൽ എൽഡിഎഫിനും ബിജെപിക്കും സ്ഥാനാർത്ഥികളില്ലായിരുന്നു. ഒരു കോൺഗ്രസ്സ് വിമതൻ ആയിരുന്നു ഇരുവരുടെയും പ്രതീക്ഷ. അയാൾ പക്ഷേ പിൻവലിഞ്ഞുകളഞ്ഞു. അങ്ങനെ കോൺഗ്രസ്സ് എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു. ഇടുക്കിജില്ലയിൽ പള്ളിയുടെ ആശീർവാദത്തോടെ പ്രവർത്തിക്കുന്ന ഹൈറേഞ്ച് സംരക്ഷണ സമിതിയുമായി ഇടതുമുന്നണി പാർലമെന്റുതെരഞ്ഞെടുപ്പുകാലത്തുണ്ടാക്കിയ സഖ്യം തുടർന്നു.

സ്ഥാനാർത്ഥിത്വത്തിനായി പരക്കംപാച്ചിൽ, കുതന്ത്രങ്ങൾ പയറ്റൽ ഇതൊക്കെ തെരഞ്ഞെടുപ്പിൽ പതിവു കാഴ്ചകളാണ്. എന്നാൽ ഉടുപ്പൂരി പ്രകടനം നടത്തുന്നത് പുതിയ സമരമുറയായിരുന്നു. അതുസംബന്ധമായി വിലകുറഞ്ഞ ഫേയ്സ്ബുക്ക് പോസ്റ്റുകളും അതേതുടർന്ന് വിവാദങ്ങളുമുണ്ടായി. സ്ഥാനാർത്ഥിത്വം ലഭിക്കാതെ പോയ നേതാക്കൾ പൊട്ടിക്കരയുന്നതു കാണാനും ജനങ്ങൾക്കവസരമുണ്ടായി.

ജനജീവിതവുമായി ബന്ധപ്പെട്ട കാതലായ വിഷയങ്ങളൊന്നും ചർച്ച്ക്കെടുത്തില്ല എന്നതാണ് ഈ തെരഞ്ഞെടുപ്പിലും ആവർത്തിക്കപ്പെട്ട ദുരന്തം. അതിരൂക്ഷമായ വിലക്കയറ്റമാണ് ജനങ്ങൾ നേരിടുന്നത്. പരിപ്പിന്റെ വില ഇരുന്നൂറിനുമുകളിലായി. എല്ലാ പയറുവർഗ്ഗങ്ങളുടെയും വിലകുത്തനെ കൂടി. പച്ചക്കറിയുടെയും മറ്റും കാര്യം പറയാനുമില്ല. പൊതുവിതരണം ശക്തിപ്പെടുത്തി അവശ്യസാധനങ്ങളെല്ലാം മതിയായ അളവിൽ മിതമായ വിലയ്ക്ക് ജനങ്ങളിലെത്തിക്കുക എന്നതാണ് വിലക്കയറ്റം തടയാനുള്ള ഫലപ്രദമായ ഉപാധി. ഈ ഡിമാന്റ് ഉന്നയിച്ചുകൊണ്ട് അതിശക്തമായ ജനകീയ മുന്നേറ്റം വളർത്തിയെടുക്കാൻ ഇടതുമുന്നണിപോലും തയ്യാറാകുന്നില്ല. വിലയിടിവ്, വിളത്തകർച്ച തുടങ്ങി കർഷകരനുഭവിക്കുന്ന പ്രശ്നങ്ങൾ, ആദിവാസി മേഖലയിലെ ദുരിതങ്ങൾ, ആരോഗ്യരംഗം നേരിടുന്ന വെല്ലുവിളികൾ, വിദ്യാഭ്യാസക്കച്ചവടം തുടങ്ങി എണ്ണിയാലൊടുങ്ങാത്ത പ്രശ്നങ്ങളുടെ നടുവിലാണ് സാധാരണക്കാർ. ഹിന്ദുപരിവാറിന്റെ നേതൃത്വത്തിൽ രാജ്യത്ത് നടക്കുന്ന ഫാസിസ്റ്റ് നീക്കങ്ങളും ജനങ്ങൾക്കിടയിൽ ഫലപ്രദമായി ചർച്ച ചെയ്യപ്പെടുന്നില്ല. ദാദ്രി, ഹരിയാന സംഭവങ്ങൾ, ഗുലാംഅലി വിഷയം, ഗോവധ നിരോധനം അടിച്ചേൽപ്പിക്കാനുള്ള ശ്രമം, അക്കാദമിക സ്ഥാപനങ്ങൾ പിടിച്ചെടുക്കാനുള്ള പദ്ധതികൾ, ബുദ്ധിജീവികളെ അരുംകൊല ചെയ്യൽ, അസഹിഷ്ണുത പടർത്തുന്ന പ്രസ്താവനകളും നിലപാടുകളും, ഏറ്റവും ഒടുവിൽ ഷാരൂഖ്ഖാനെതിരെ ഉയർത്തിയ ആരോപണം എന്നിങ്ങനെ സാമൂഹ്യ-സാംസ്കാരികാന്തരീക്ഷമാകെ വിഷമയമാക്കുന്ന ഒട്ടേറെ നീക്കങ്ങൾ ആർഎസ്എസ്-ബിജെപി-ഹിന്ദുപരിവാർ നേതൃത്വത്തിൽ നടക്കുകയാണ്. വ്യാപം അഴിമതിപോലുള്ള വിഷയങ്ങൾ വിസ്മൃതിയിലാക്കി മോദിയുടെ കപട വികസന അജണ്ടയും കപടപ്രിച്ഛായയും മുൻപന്തിയിലേക്ക് കൊണ്ടുവരാൻ കൊണ്ടുപിടിച്ച ശ്രമവുമുണ്ട്. തൊഴിൽനിയമ ഭേദഗതിയടക്കം അദ്ധ്വാനിക്കുന്ന വർഗ്ഗത്തിനുനേരെ ബിജെപി സർക്കാർ നടത്തുന്ന ആക്രമണങ്ങൾ അതീവ പ്രാധാന്യത്തോടെ ചെറുക്കപ്പെടേണ്ടതാണ്. വമ്പൻ തൊഴിലാളി സമരങ്ങളും അതോടൊപ്പം ബൃഹത്തായ സാംസ്കാരിക മുന്നേറ്റവും വളർത്തിയെടുക്കേണ്ട സന്ദർഭമാണിത്.

ഏറെ കൊട്ടിഘോഷങ്ങളോടെയാണ് പഞ്ചായത്തീരാജ് നിയമം രാജ്യത്ത് നടപ്പാക്കിയത്. അതേ തുടർന്ന് അധികാര വികേന്ദ്രീകരണത്തിന്റെ നിറം പിടിപ്പിച്ച കഥകൾ നാടെമ്പാടും പ്രചരിപ്പിച്ചു. പക്ഷേ യഥാർത്ഥത്തിൽ ഇന്ത്യയിലെ സാധാരണ ജനങ്ങളുടെ സ്ഥിതിയെന്താണ്. മുക്കാൽപങ്ക് ആളുകളും ദാരിദ്ര്യത്തിലും ദുരിതത്തിലും കഴിയുന്നു. ഇവരുടെ ജീവിതത്തിൽ എന്തെങ്കിലും അഭിവൃദ്ധി കൈവരുത്താൻ ജനകീയാസൂത്രണ പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ടോ? ഇല്ല എന്നുമാത്രമല്ല സ്ഥിതി നാൾക്കുനാൾ വഷളാവുകയും ചെയ്യുന്നു. ജനാധിപത്യാവകാശങ്ങളും പൗരാവകാശങ്ങളും പോലും അനുദിനം കവർന്നെടുക്കപ്പെടുകയാണ്. വിലക്കയറ്റവും തൊഴിലില്ലായ്മയും ഭീകരരൂപം പൂണ്ടിരിക്കുന്നു. എന്തുകൊണ്ടാണീ ദുഃസ്ഥിതി?

മുതലാളിത്ത ചൂഷണം നിലനിൽക്കുന്ന ഒരു നാട്ടിൽ മുതലാളിമാർക്കു മാത്രമേ അഭിവൃദ്ധി ഉണ്ടാകൂ. അധികാരം അവരുടെ കയ്യിൽ കേന്ദ്രീകരിക്കപ്പെടും. അത് സാധാരണക്കാരന് വികേന്ദ്രീകരിച്ച് നൽകാനാവില്ല. അതിന് മുതലാളിത്ത വ്യവസ്ഥ തകരണം. തൊഴിലാളി വർഗ്ഗ മുന്നേറ്റത്തിലൂടെ അതു സാധ്യമാകുന്നതുവരെ ജനങ്ങളുടെ ദുരിതങ്ങൾക്ക് അറുതിയില്ല. ഈ യാഥാർത്ഥ്യം എല്ലാ മുതലാളിത്ത പാർട്ടികളും കപട ഇടതുപക്ഷ പാർട്ടികളും മറച്ചുവയ്ക്കുന്നു. അവർ പഞ്ചായത്തീരാജിന്റെ ഗുണഗണങ്ങൾ വർണ്ണിച്ച് വീണ്ടും വീണ്ടും ജനങ്ങളെ കബളിപ്പിക്കുന്നു. ഇനിയെങ്കിലും ഈ യാഥാർത്ഥ്യം നമ്മൾ തിരിച്ചറിയണം.

രാജ്യവ്യാപകമായ ജനമുന്നേറ്റം വളർത്തിയെടുക്കാൻ ഉതകുംവിധം തെരഞ്ഞെടുപ്പുകളെ രാഷ്ട്രീയ പ്രചാരണത്തിന്റെ വേദിയാക്കാൻ കഴിയണം. ജനങ്ങളിൽ വ്യാമോഹം പടർത്തുന്ന പ്രചാരണങ്ങൾ പാടില്ല. പരിമിതമായ അധികാരസ്ഥാനങ്ങളെ പരിമിതമായ അളവിൽ ജനനന്മ ലക്ഷ്യമാക്കി ഉപയോഗപ്പെടുത്തണമെന്നുമാത്രം. അല്ലാതെ സമഗ്രവികസനമെന്നൊക്കെ പറയുന്നത് തട്ടിപ്പുമാത്രം.

ഏതാനും വോട്ടുകൾക്കുവേണ്ടി അവസരവാദ രാഷ്ട്രീയ നിലപാടുകൾ പയറ്റി വയറുപിഴപ്പിനു ശ്രമിക്കുന്നത് വലിയ പാതകമാണ്. ജനങ്ങളെ രാഷ്ട്രീയ പ്രബുദ്ധരാക്കാനും അവരെ ഒരു പ്രഹര ശക്തിയാക്കി അണിനിരത്താനുമുള്ള അവസരമായി വേണം തെരഞ്ഞെടുപ്പടക്കം ഏതൊരു ജനാധിപത്യ സമരവേദിയെയും ഉപയോഗപ്പെടുത്താൻ. ഈ കർത്തവ്യം ഇനിവരുന്ന നാളുകളിലെങ്കിലും ഇടതുപക്ഷമെന്നവകാശപ്പെടുന്നവർ തിരിച്ചറിയുമെന്ന് പ്രത്യാശിക്കാം.

# ഗുജറാത്തിലെ പട്ടേൽ സംവരണസമരം

**വികസനത്തിന് മാതൃകയെന്ന് വിശേഷിപ്പിക്കുന്ന മോദിയുടെ ഗുജറാത്തിൽ സംവരണപ്രശ്നം ഉന്നയിച്ചുകൊണ്ടുള്ള സമരം ശക്തമാകുകയാണ്. ഇത് കൂടുതൽ അപകടകരമായ മാനം കൈവരിക്കാനുള്ള സാദ്ധ്യതയും നിലനിൽക്കുന്നു. ഗുജറാത്തിലെ, സാമ്പത്തികമായും സാമൂഹികമായും മുൻപന്തിയിലുള്ള പട്ടേൽ സമുദായക്കാർ ജോലി, ഉദ്യോഗക്കയറ്റം, വിദ്യാഭ്യാസം എന്നീ രംഗങ്ങളിൽ സംവരണം ആവശ്യപ്പെട്ട് ലക്ഷങ്ങളെ അണിനിരത്തിയാണ് സമരം ചെയ്യുന്നത്. വിവിധ പട്ടേൽ വിഭാഗങ്ങൾ സമരത്തിലുണ്ട്. ഹാർദിക് പട്ടേലാണ് കൺവീനർ. സമരത്തെ കൈകാര്യം ചെയ്യാൻ മുഖ്യമന്ത്രിയായ ആനന്ദി ബെൻ പട്ടേലിന്റെ നേതൃത്വത്തിൽ ബിജെപി സർക്കാർ ശ്രമിച്ചെങ്കിലും സമരം സംസ്ഥാനവ്യാപകമായി പടർന്നിട്ടുണ്ട്. പട്ടേൽ സമുദായത്തിൽ നിന്നുള്ള മന്ത്രിമാരുടെ വസതികൾ ആക്രമിക്കുന്നതടക്കം ഏറെ അക്രമാസക്തമായ സമരമുറകളാണ് സ്വീകരിക്കുന്നത്. പോലീസിനെ ഉപയോഗിച്ച് അടിച്ചമർത്താൻ ശ്രമിക്കുന്നതു കൂടാതെ സർക്കാർ സോഷ്യൽ മീഡിയ വഴിയുള്ള പ്രചാരണവും ഇന്റർനെറ്റും മെസേജ് അയയ്ക്കലും വരെ തടസ്സപ്പെടുത്തിയിരിക്കുന്നു. അക്രമം നടക്കുന്ന സ്ഥലങ്ങളിൽ അർദ്ധ സൈനിക വിഭാഗങ്ങളെയും നിയോഗിച്ചിട്ടുണ്ട്. ഒടുവിൽ, ഒരു മാസത്തിനുശേഷം മൗനംവെടിഞ്ഞ പ്രധാനമന്ത്രി പട്ടേൽ സമുദായത്തിന് ഒബിസി സംവരണം വാഗ്ദാനം ചെയ്തു. എന്നാൽ പട്ടേൽ സമുദായത്തിലെ അസംതൃപ്തി കൂടുതൽ ആഴമാർന്നതായിരുന്നു.**

### സംവരണ പ്രക്ഷോഭങ്ങൾ

ദീർഘകാലമായി അടിച്ചമർത്തപ്പെടുന്ന ദളിത് ജനവിഭാഗങ്ങളുടെ അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കുക എന്ന ഉദ്ദേശത്തോടെയാണ് ഭരണഘടനയിൽ സംവരണം ഉൾപ്പെടുത്തിയിട്ടുള്ളത്. സർക്കാരുകളുടെ ഉടമസ്ഥതയിലും പൊതുമേഖലയിലുമുള്ള ഉദ്യോഗത്തിലും വിദ്യാഭ്യാസത്തിലും എസ്‌സി, എസ്ടി വിഭാഗങ്ങൾക്ക് ഒരു നിശ്ചിത ശതമാനം അവസരം സംവരണത്തിലൂടെ ഉറപ്പാക്കപ്പെടുന്നു. 10 വർഷത്തിനുശേഷം ഇതിന്റെ ഫലം വിലയിരത്തണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. ഇപ്പോൾ 60 വർഷം കഴിഞ്ഞു. ശരിയായ ഒരു വിലയിരുത്തലുണ്ടായിട്ടില്ല. സംവരണം തുടരുക മാത്രമല്ല, മറ്റുപല വിഭാഗങ്ങളിലേയ്ക്കുകൂടി വ്യാപിപ്പിക്കുകയും ചെയ്തിരിക്കുന്നു. 1990-ൽ വി.പി.സിംഗ് ഗവൺമെന്റ് മറ്റു പിന്നോക്ക വിഭാഗങ്ങൾക്കുകൂടി സംവരണാനുകൂല്യം നൽകി. മണ്ഡൽ കമ്മീഷൻ ശുപാർശപ്രകാരം 27 ശതമാനം ജോലി സംവരണം നൽകിയതുവഴി ജനങ്ങളിൽ ഇതിന്റെ പേരിലുള്ള ഭിന്നതയും പ്രത്യക്ഷപ്പെട്ടു. 2005-06 ൽ കോൺഗ്രസ്സ് സർക്കാർ ഐഐഎം, ഐഐടി, കേന്ദ്രയൂണിവേഴ്സിറ്റികൾ എന്നീ സ്ഥാപനങ്ങളിലേക്കുകൂടി സംവരണം വ്യാപിപ്പിച്ചു. 2007-ൽ രാജസ്ഥാനിലും ഡൽഹി, ഹരിയാന, എംപി, യുപി എന്നീ സംസ്ഥാനങ്ങളുടെ സമീപ പ്രദേശങ്ങളിലുമുള്ള ഒബിസി വിഭാഗത്തിൽ പെടുത്തിയിരുന്ന ഗുജ്ജാറുകൾ പട്ടികവർഗ്ഗ വിഭാഗത്തിൽപെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമരം നടത്തി. സംവരണത്തിന്റെ പേരിൽ പലപ്പോഴായി ഉയർന്നുവന്ന സമരങ്ങളൊന്നും ഏതെങ്കിലും വിഭാഗത്തിന്റെ ഉന്നമനം ലക്ഷ്യമാക്കിയുള്ളതായിരുന്നില്ല. ഏതെങ്കിലുമൊക്കെ വിഭാഗങ്ങളെ പ്രീണിപ്പിക്കുന്നതുമായി ബന്ധപ്പെട്ടതായിരുന്നു. ജനങ്ങൾക്കിടയിൽ ഇത് അനൈക്യം സൃഷ്ടിച്ചു. പരസ്പരം പോരടിക്കുന്ന വിഭാഗങ്ങളെ വോട്ടുബാങ്കുകളായി മാറ്റുകയും ചെയ്തു.

### ചൂഷിതർ സംഘടിക്കുമ്പോൾ സംവരണ പ്രശ്നം ഉയർന്നുവരുന്നു.

മുതലാളിത്ത വ്യവസ്ഥ സാമ്പത്തിക മാന്ദ്യവും തൊഴിലില്ലായ്മയും സൃഷ്ടിക്കുന്നു. ജനങ്ങൾ ഇതിനെതിരെ പൊട്ടിത്തെറിക്കുന്നു. ഇത് വ്യവസ്ഥിതിക്കെതിരായ സമരമായി വളരരുതെന്ന് ബൂർഷ്വാ-പെറ്റിബൂർഷ്വാ-സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടികൾക്കെല്ലാം നിർബന്ധമുണ്ട്. ഒരുവശത്ത് അവർ വികസനമുദ്രാവാക്യമുയർത്തി ജനങ്ങളെ കബളിപ്പിക്കുന്നു. മറുവശത്ത് ജനവിഭാഗങ്ങളെ പരസ്പരം കലഹിപ്പിച്ച് ഐക്യം തകർക്കുന്നു. ചരിത്രപരമായ കാരണങ്ങളാൽതന്നെ ജാതി, മതം തുടങ്ങിയ വിഷയങ്ങളൊക്കെ ഇതിന് അനുയോജ്യമായ ഉപാധികളാണ്. അങ്ങനെ മുതലാളിവർഗ്ഗം കാലാകാലങ്ങളിൽ സംവരണത്തിന്റെ പേരിൽ ഓരോ വിഭാഗങ്ങളെ അണിനിരത്തുന്നു. അവർക്കിടയിൽ നിന്ന് ചില നേതാക്കളെ ഉയർത്തിക്കാട്ടുന്നു. പ്രചാരണവും മറ്റു പിന്തുണയുമെല്ലാം നൽകുന്നു. ജനങ്ങളിൽ പരസ്പരം വിദ്വേഷം ജ്വലിപ്പിച്ചെടുക്കുന്നു.

1990-ൽ ആധുനികവൽക്കരണവും കമ്പ്യൂട്ടർവൽക്കരണവും നടപ്പാക്കി നിലവിലുള്ള തൊഴിലവസരങ്ങൾതന്നെ സർക്കാരുകളും സ്വകാര്യസംരംഭകരും വെട്ടിക്കുറച്ചു. നിയമനങ്ങൾക്കുമേൽ കേന്ദ്രഗവൺമെന്റ് നിരോധനവും ഏർപ്പെടുത്തി. ആ സന്ദർഭത്തിലാണ് മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കി യഥാർത്ഥ പ്രശ്നത്തിൽനിന്ന് ജനശ്രദ്ധ തിരിക്കുകയും സംവരണാനുകൂലികളെയും വിരുദ്ധരെയും തമ്മിലടിപ്പിക്കുകയും ചെയ്തത്. 2006-ൽ ആഗോളീകരണ നയങ്ങൾ നടപ്പാക്കിയതുമൂലം വിദ്യാഭ്യാസ ചെലവും മറ്റും കുത്തനെ ഉയർന്ന സന്ദർഭത്തിൽ ഐഐടികളിലേയ്ക്കും മറ്റും സംവരണം വ്യാപിപ്പിച്ച് സവർണ്ണരും അവർണ്ണരും തമ്മിലുള്ള കലാപങ്ങൾക്ക് വഴിമരുന്നിട്ടു. 1990-ൽ വി.പി.സിംഗ് സർക്കാരും 2006-ൽ കോൺഗ്രസ്സ് സർക്കാരും എസ്‌സി, എസ്ടി, ഒബിസി വിഭാഗങ്ങളുടെ വോട്ടുബാങ്ക് സൃഷ്ടിക്കാൻ ശ്രമിച്ചപ്പോൾ ബിജെപി ശ്രമിച്ചത് സവർണ്ണ ഹിന്ദു വോട്ടുബാങ്ക് സൃഷ്ടിക്കാനാണ്.

2007-ൽ ഗുജ്ജാർ വിഷയവുമായി ബന്ധപ്പെട്ട് രാജസ്ഥാനിലെ ഗുജ്ജാർ, മീനാസ് വിഭാഗങ്ങൾ തമ്മിൽ രക്തരൂക്ഷിതമായ കലാപങ്ങൾ നടന്നു. രണ്ടുവിഭാഗങ്ങളും ഒടുവിൽ വോട്ടുബാങ്കുകളായി പരിണമിച്ചു. രണ്ടു വിഭാഗത്തിലെയും പ്രബലർക്ക് ചില നേട്ടങ്ങളുണ്ടായി എന്നുമാത്രം.

### പട്ടേൽ വിഭാഗത്തിലെ അസംതൃപ്തി മുതലെടുക്കാൻ ശ്രമം.

പട്ടേൽ സംവരണവും പട്ടീദാർ, താക്കൂർ വിഭാഗങ്ങൾ തമ്മിലുള്ള രൂക്ഷമായ സംഘട്ടനങ്ങൾക്ക് വഴിവച്ചിരിക്കുന്നു. മുമ്പു നടന്ന സംവരണ സമരങ്ങളുടെ എല്ലാ ചിട്ടവട്ടങ്ങളും ഇവിടെയും കാണാം-ജനങ്ങളുടെ അസംതൃപ്തി, സ്ഥാപിത താൽപ്പര്യക്കാരുടെ രംഗപ്രവേശം, മാദ്ധ്യമപിന്തുണ, പണം, കലാപം എല്ലാം പതിവുപോലെ.

ഗുജറാത്ത് മോഡൽ വികസനത്തെക്കുറിച്ചുള്ള വീരവാദങ്ങൾ മുഴങ്ങുമ്പോഴും സംസ്ഥാനത്ത് വീറോടെ നടപ്പിലാക്കപ്പെടുന്നത് തികച്ചും കോർപ്പറേറ്റുകൾക്കും കുത്തകകൾക്കും മറ്റും അനുകൂലമായ നയങ്ങളാണ്. അതുകൊണ്ടുതന്നെ ചെറുകിട-ഇടത്തരം വ്യവസായങ്ങൾ പലതും തകർന്നു. ഇതോടെ തൊഴിലില്ലായ്മ പെരുകി. വൻകിട സംരഭങ്ങളിൽ കാര്യമായ തൊഴിലവസരങ്ങൾ ഉണ്ടാകുന്നുമില്ല. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഭൂമി സംബന്ധമായ നയങ്ങളും വൻകിടക്കാരനുവേണ്ടി സാധാരണക്കാരുടെ ഭൂമി പിടിച്ചെടുക്കുന്നതിന് സഹായകമായിട്ടുള്ളതാണ്. ഇതുമൂലം ഒരിക്കൽ സാമ്പത്തികമായി വളരെ ശക്തമായിരുന്ന പട്ടേൽ വിഭാഗം വൻകിടക്കാരും ചെറുകിടക്കാരുമായി വേർതിരിഞ്ഞു. ഒരുവശത്ത് വൻകിട രത്നവ്യാപാരികളും ബിസിനസ്സുകാരും റിയൽഎസ്റ്റേറ്റ് ഭീമന്മാരും. മറുവശത്ത് ചെറുകിടക്കാരുടെ സ്ഥാപനങ്ങൾ അടഞ്ഞുപോകുന്നു. ഇടത്തരക്കാരുടെ കൈവശമുള്ള ഭൂമിയുടെ അളവ് കുറയുന്നു. പരുത്തിയുടെ അപര്യാപ്തമായ താങ്ങുവില പ്രതിസന്ധി സൃഷ്ടിക്കുന്നു. കഴിഞ്ഞ രണ്ടുപതിറ്റാണ്ടിനുള്ളിൽ ഗുജറാത്തിൽ 1.8 ലക്ഷം കോടിയുടെ നിക്ഷേപവും 22 ശതമാനം വ്യവസായിക വളർച്ചാനിരക്കും ഉണ്ടായെന്ന് കണക്കാക്കുമ്പോഴും തൊഴിൽരംഗത്തെ വളർച്ച 3.5 ശതമാനം മാത്രമാണ്. 2015 കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ റിപ്പോർട്ടുപ്രകാരം കാർഷികമേഖലയിൽ ജിഡിപി വളർച്ച, ആദ്യമായി, -6.96 ആണ് 2012-13 ൽ രേഖപ്പെടുത്തിയത്. ഇതെല്ലാം ചെറുകിട കർഷകരുടെയും രത്നമേഖലയിൽ പണിയെടുക്കുന്നവരുടെയും ചെറുകിട ബിസിനസ്സുകാരുടെയുമൊക്കെ തകർച്ചയ്ക്ക് ഇടയാക്കുകയും യുവാക്കൾ തൊഴിൽ രഹിതരും പ്രതീക്ഷ നഷ്ടപ്പെട്ടവരുമായിത്തീരാൻ ഇടയാക്കുകയും ചെയ്തിട്ടുണ്ട്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന അനേകം പട്ടേലുമാരിന്നുണ്ട്. മുതലാളിത്തം സമ്പന്നനും ദരിദ്രനുമിടയിലുള്ള മദ്ധ്യവർഗ്ഗത്തെ ഇല്ലായ്മ ചെയ്തുകൊണ്ടിരിക്കും എന്ന മാർക്സിന്റെ നിരീക്ഷണം അറിയാതെയാണെങ്കിലും പട്ടേൽ സമരക്കാരും ശരിവയ്ക്കുകയാണ്. ഒരിക്കൽ നല്ല നിലയിൽ കഴിഞ്ഞിരുന്ന ഇവരുടെയിടയിൽ ഇത് കടുത്ത അസംതൃപ്തിയും അരക്ഷിതാവസ്ഥയും ഉണ്ടാക്കിയത് സ്വാഭാവികം. രാജ്യത്തെവിടെയും ഇതാണ് സ്ഥിതി. എന്നാൽ ഈ അസംതൃപ്തി ഒരു ശരിയായ സമരമായി വളരുന്നില്ല എന്ന് സർവ്വപ്രകാരേണയും ഭരണവർഗ്ഗവും അവരുടെ ശിങ്കിടികളും ഉറപ്പാക്കുന്നു.

അങ്ങനെ ഭരണകേന്ദ്രങ്ങളെപ്പോലും സ്തംഭിപ്പിക്കുന്ന പ്രക്ഷോഭത്തിനുപിന്നിൽ ചില അദൃശ്യമായ, ശക്തമായകരങ്ങൾ പ്രവർത്തിക്കുന്നു. പണം, നേതൃത്വം, സാങ്കേതിക സഹായം, മാദ്ധ്യമപിന്തുണ എല്ലാ സന്നാഹങ്ങളുംകൂടി അസംതൃപ്തരെയാകെ അണിനിരത്തുന്നു. പട്ടേലുമാരിൽ ഇത് അവസാനിക്കില്ല. ഏറ്റവും ഉയർന്ന വിഭാഗമായ ബ്രാഹ്മണർപോലും സംവരണം ആവശ്യപ്പെടാനൊരുങ്ങുന്നതായാണ് വിവരം.

### സംവരണം ആവശ്യപ്പെടുന്നവർ തൊഴിലില്ലായ്മയുടെ കാരണത്തെക്കുറിച്ച് ഉരിയാടുന്നില്ല

സംവരണത്തിനുവേണ്ടി വാദിക്കുന്നവർ തൊഴിലില്ലായ്മയും മറ്റും ഉണ്ടാകുന്നതെങ്ങനെ എന്ന വിഷയം ചർച്ച ചെയ്യുന്നതേയില്ല. എല്ലാ ദുരിതങ്ങൾക്കും കാരണമായ മുതലാളിത്ത വ്യവസ്ഥയെ മാറ്റുന്നതിനെക്കുറിച്ച് അവർ ജനങ്ങളോട് സംസാരിക്കുന്നില്ല. ബൂർഷ്വാരാഷ്ട്രീയക്കാർക്ക് വോട്ടുരാഷ്ട്രീയമാണ് വിഷയം. സംവരണം വേണം, വേണ്ട എന്നുമാത്രമേ അവർ പറയൂ. ജനങ്ങളെ തമ്മിലടിപ്പിക്കുക. അവരുടെ കഴുത്തിൽ പിടിമുറുക്കി വോട്ടുബാങ്കായി നിലനിർത്തുക. അടിസ്ഥാന വിഷയങ്ങളിൽ നിന്നൊക്കെ ജനശ്രദ്ധ അകറ്റിനിർത്തുക.

എന്നാൽ ഈ സംവരണം എന്തു നേട്ടമാണുണ്ടാക്കിയത്? ദലിതരെ പൊതുധാരയിലെത്തിക്കാനാണ് സംവരണം ഏർപ്പെടുത്തിയത്. അത് സാദ്ധ്യമായോ? അതിന്റെ നേട്ടം ചെറിയ അളവിലെങ്കിലും ഈ ജനവിഭാഗത്തിന് പ്രാപ്തമായോ? ഇല്ലതന്നെ. സ്വതന്ത്ര ഇന്ത്യയുടെ 65 വർഷത്തെ അനുഭവമെന്താണ്? അടിസ്ഥാന ജീവിതാവശ്യങ്ങളുടെ കാര്യത്തിൽ പോലും ദലിതരടക്കമുള്ള സാധാരണ ജനങ്ങളാകെ ഒരു പുരോഗതിയും കൈവരിച്ചിട്ടില്ല. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം എല്ലാവിഭാഗങ്ങളിലും വർദ്ധിച്ചുവരുന്നു. വിദ്യാഭ്യാസ അവസരങ്ങൾ ചുരുങ്ങിവരുന്നു. ദാരിദ്ര്യം പെരുകുന്നു. നിരക്ഷരരുടെയും, സ്കൂളിൽനിന്ന് കൊഴിഞ്ഞുപോകുന്നവരുടെയും കാര്യത്തിലും സംവരണസീറ്റുകൾ നികത്തുന്നകാര്യത്തിലും എല്ലാ കാര്യത്തിലും ദലിതർ ഏറ്റവും പിന്നാക്കം നിൽക്കുന്നു.

ഈ വിഭാഗത്തിൽ കഷ്ടിച്ച് രണ്ടോ മൂന്നോ ശതമാനം പേർക്ക് എല്ലാ നേട്ടങ്ങളും കരഗതമായിട്ടുണ്ട്. അവർ ഒരു ക്രീമിലേയർ ആയി ഉപരിതലത്തിൽ വിരാജിക്കുന്നു. അതേ വിഭാഗത്തിൽപ്പെടുന്ന സാധാരണക്കാരുടെ ദുരിതങ്ങളോട് അവർ മുഖം തിരിഞ്ഞു നിൽക്കുകയും ചെയ്യുന്നു. അവരിൽ നല്ലൊരു പങ്ക് സൗഭാഗ്യങ്ങൾ സമ്മാനിച്ച മുതലാളിത്ത വ്യവസ്ഥയോട് വിധേയത്വം പുലർത്തുന്നു. ജാർഖണ്ഡിലെ ആദിവാസിവിഭാഗത്തിൽപ്പെട്ട മുൻ മുഖ്യമന്ത്രി അനധികൃതമായി ഖനനാനുമതി നൽകി 6,000 കോടി രൂപ സമാഹിച്ചത് ഒരു ഉദാഹരണം മാത്രം.

ജനങ്ങളുടെ ദുരിതങ്ങളും പിന്നോക്കാവസ്ഥയും മുതലെടുത്ത് ബൂർഷ്വാരാഷ്ട്രീയക്കാർക്ക് നേട്ടമുണ്ടാക്കാനുള്ള ഒരുപകരണമായി സംവരണപ്രശ്നം മാറിയിരിക്കുന്നു. സംവരണം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നില്ല. യഥാർത്ഥ പ്രശ്നങ്ങളിൽ നിന്ന് ശ്രദ്ധ തിരിക്കാനേ അത് ഉപകരിക്കൂ. ഇപ്പോൾ അൽപ്പം ഭേദപ്പെട്ട വിഭാഗങ്ങൾവരെ സംവരണത്തിനായി മുറവിളികൂട്ടുന്നു. ബ്രാഹ്മണരുടേത് ഒരുദാഹരണം. മുതലാളിത്ത വ്യവസ്ഥയെ സംരക്ഷിക്കാനായി ജനങ്ങളുടെ ഐക്യം തകർക്കേണ്ടതുണ്ട്. അതിനവരെ പരസ്പരം കലഹിപ്പിക്കാൻ ഉതകുന്ന സാഹചര്യം സൃഷ്ടിച്ചുകൊണ്ടിരിക്കണം. അതിനിണങ്ങുന്ന വിഷയങ്ങൾ കണ്ടെത്തണം. ബൂർഷ്വാരാഷ്ട്രീയക്കാരുടെ ഈ കുതന്ത്രത്തെ ജനങ്ങളുടെ വിശാല വിഭാഗങ്ങളെ അണിനിരത്തിവേണം ചെറുക്കാൻ.

ഗുജറാത്തിൽ പട്ടേലുമാരുടെ സാമ്പത്തിക നില അനുദിനം തകർന്നുകൊണ്ടിരിക്കുകയാണ്. മോദിയുടെ കോർപ്പറേറ്റ് നയങ്ങൾ പട്ടേൽ സമുദായത്തിലും ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള അന്തരം വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ടവർ സംവരണം ആവശ്യപ്പെടുന്നു. ഇത് തത്വത്തിന്റെ പ്രശ്നമല്ല. നിലനിൽപ്പിന്റെ പ്രശ്നമാണ്. ഇല്ലാത്തവരുടെയിടയിലുണ്ടാകുന്ന അസംതൃപ്തി ഉള്ളവർക്കുഭീഷണിയാകും. അവരുടെ വിശേഷാവകാശങ്ങൾ നഷ്ടപ്പെടുന്ന സ്ഥിതിവരാം. എന്നാൽ ഇത് പട്ടേൽ വിഭാഗത്തിന്റെ മാത്രം പ്രശ്നമല്ല. ജാതിക്കും മതത്തിനുമൊക്കെ അതീതമായി സാധാരണക്കാരാകെ അഭിമുഖീകരിക്കുന്നവിഷയമാണ്. സംവരണംവഴി ജോലിയോ, ജോലിസ്ഥിരതയോ ഉണ്ടാകില്ല. ഭൂമിപിടിച്ചെടുക്കൽ നിയമവും ഇതിലൂടെ ചെറുക്കപ്പെടാൻ പോകുന്നില്ല. കോർപ്പറേറ്റുകളുടെയും വമ്പന്മാരുടെയും കടന്നുവരവിനുമുന്നിൽ ചെറുകിട ഉൽപ്പാദന യൂണിറ്റുകൾക്ക് പിടിച്ചുനിൽക്കാനുമാവില്ല. ഒന്നിനും സംവരണം പരിഹാരമല്ല തന്നെ.

പട്ടേൽ വിഭാഗത്തിലെ അദ്ധ്വാനിച്ചു ജീവിക്കുന്നവർ ഈ യാഥാർത്ഥ്യങ്ങൾ ഉൾക്കൊള്ളണം. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന വ്യവസായങ്ങൾ പൊതുമേഖലയിൽ ആരംഭിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് അവർ യോജിച്ച ജനകീയ സമരം വളർത്തിയെടുക്കണം. എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനകാഴ്ചപ്പാടാണ് വേണ്ടത്. ഇതിന് തടസ്സം നിൽക്കുന്നത് മുതലാളിത്ത വ്യവസ്ഥയാണെന്ന തിരിച്ചറിവുണ്ടാകണം. സാമ്പത്തിക അഭിവൃദ്ധി ഉറപ്പാക്കുന്നതിനായിരിക്കണം അടിസ്ഥാന പരിഗണന എന്ന വിഷയം മുൻനിർത്തിയായിരിക്കണം സംവരണത്തെ സമീപിക്കാൻ. ചൂഷണവും അടിച്ചമർത്തലിലും അടിസ്ഥാനമാക്കി നിലകൊള്ളുന്ന ഈ വ്യവസ്ഥിതിക്കെതിരെ രാജ്യത്തിന്റെ ഇതരഭാഗങ്ങളിൽ ഉയർന്നുവരുന്ന ഇതരജനവിഭാഗങ്ങളുടെ സമരങ്ങളുമായി ഐക്യപ്പെടാൻ പട്ടേൽ വിഭാഗത്തിലുള്ളവർ തയ്യാറാകണം. ജനങ്ങളുടെ ഐക്യം കണ്ണിലെ കൃഷ്ണമണി പോലെ കാത്തുസൂക്ഷിക്കണം. വിപ്ലവശക്തിയായ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)ക്കു മാത്രമേ ജനങ്ങളുടെ ഐക്യം കാത്തുപുലർത്തുന്നതിന് സഹായകരമായി വർത്തിക്കാൻ കഴിയൂ എന്ന വസ്തുതയും മനസ്സിലാക്കണം. വിപ്ലവശക്തിയുടെ നേതൃത്വത്തിൽ പടുത്തുയർത്തപ്പെടുന്ന യഥാർത്ഥ ഇടതു-ജനാധിപത്യമുന്നേറ്റത്തിന്റെ ബദൽ പ്രവാഹത്തിൽ നിന്നേ സംവരണ രാഷ്ട്രീയത്തിന്റെ ചതിക്കുഴിയിൽപ്പെട്ടിരിക്കുന്നവർക്കും ആശ്വാസം ലഭിക്കൂ.

# ഡോക്ടർമാരുടെ സമരം - ഒരു അവലോകനം

തകർന്നുകൊണ്ടിരിക്കുന്ന കേരളത്തിലെ പൊതുജനാരോഗ്യസംവിധാനത്തിന്റെ യഥാർത്ഥ ചിത്രം ജനങ്ങളുടെ മുന്നിൽ തുറന്നു കാണിക്കുവാനും, തങ്ങളുടെ അവകാശ നിഷേധങ്ങൾക്ക് പരിഹാരം കാണുവാനുമായി കേരളത്തിലെ സർക്കാർ ഡോക്ടർമാർ നടത്തി വന്ന സമരം വിജയം നേടി. വളരെയധികം ആശുപത്രികളിൽ അത്യാഹിത വിഭാഗം പ്രവർത്തിക്കുവാൻ പോലുമുള്ള ഡോക്ടർമാരെ നിയമിക്കാതിരിക്കുകയും, നിലവിലുള്ള ഡോക്ടർമാരുടെ കുറവ് നികത്താനായി പിഎസ്സി ലിസ്റ്റിൽ നിന്ന് ഡോക്ടർമാരെ നിയമിക്കുന്നതിന് പകരം, രാത്രികാല ഡ്യൂട്ടി എടുക്കുന്ന ഡോക്ടർപോലും തുടർന്ന് പകലും ഡ്യൂട്ടിനോക്കണമെന്നുള്ള സർക്കാരുത്തരവിന്റെ അപകടം ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ ഡോക്ടർമാരുടെ സംഘടനയ്ക്ക് കഴിഞ്ഞു. കാലഹരണപ്പെട്ട സ്റ്റാഫ് പാറ്റേൺ മാറ്റണമെന്നും, ബോർഡ്മാറ്റം മാത്രമായി ആശുപത്രി വികസനം പരിമിതപ്പെടുത്തരുതെന്നും മരുന്നുകളുടെയും ഭക്ഷ്യവസ്തുക്കളുടെയും ഗുണനിലവാരം അളക്കുവാനുള്ള ലാബുകൾ എല്ലാ ജില്ലകളിലും സ്ഥാപിക്കണമെന്നും മറ്റുമുള്ള ഡിമാന്റുകളാണ് ഈ സമരത്തിൽ ഉന്നയിച്ചത്. അതിനാൽ മുൻകാലങ്ങളിലെപോലെ ജനങ്ങളെ ഈ സമരത്തിനെതിരായി തിരിച്ചുവിടാൻ സർക്കാരിന് കഴിഞ്ഞില്ല. പതിനാറു ഡിമാന്റുകളും അംഗീകരിച്ച് സമരം രേഖാമൂലം ഒത്തുതീർപ്പാക്കുവാൻ സർക്കാർ നിർബ്ബന്ധിതമായി. എന്നാൽ ഈ സമരത്തിന് ശേഷവും ജനങ്ങൾ മനസ്സിലാക്കേണ്ടുന്ന ചില ചുട്ടുപൊള്ളുന്ന യാഥാർത്ഥ്യങ്ങൾ ആരോഗ്യ മേഖലയിൽ നിലനിൽക്കുന്നു. ആഗോളവൽകരണനയങ്ങളിലൂടെ ആരോഗ്യമേഖല കോർപ്പറേറ്റുകളുടെ കഴുത്തറുപ്പൻ കച്ചവടത്തിനായി തുറന്നുകൊടുത്തിരിക്കുന്നു എന്നതാണ് അതിൽ ഏറ്റവും പ്രധാനം.

കഴിഞ്ഞ പതിറ്റാണ്ടുകളിൽ ആരോഗ്യ സംരക്ഷണരംഗത്ത് ഉന്നതസ്ഥാനം അലങ്കരിച്ചിരുന്നത് ഗവൺമെന്റ് മെഡിക്കൽ കോളേജുകളായിരുന്നു. കാലികമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിൽ കാലാകാലങ്ങളിൽ അധികാരത്തിലിരുന്ന സർക്കാരുകൾ വരുത്തിയ ബോധപൂർവ്വമായ വീഴ്ചകൾ മൂലം ഇന്നവ പിന്നോക്കം പോയിരിക്കുന്നു. വർഷങ്ങളായി അദ്ധ്യാപകരുൾപ്പെടെയുള്ള സ്റ്റാഫിനെ നിയമിക്കാത്തതു മൂലം അവയ്ക്കുള്ള മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ(എംസിഐ)അംഗീകാരം തുലാസിലാടുന്നു. നിലവിലുള്ള മെഡിക്കൽ കോളേജുകളിൽ ആവശ്യത്തിന് സ്റ്റാഫിനെ നിയമിക്കുന്നതിനു പകരം, പല ജില്ല ആശുപത്രികളെയും ജനറൽ ആശുപത്രികളെയും മെഡിക്കൽ കോളേജുകളാക്കി മാറ്റുവാൻ ശ്രമം തുടരുന്നു. ഇതിലൂടെ അദ്ധ്യാപകരുടെ കുറവ് നിലനിൽക്കുന്ന സർക്കാർ മെഡിക്കൽ കോളേജുകളിൽ നിന്നും വീണ്ടും സ്റ്റാഫിനെ പിൻവലിച്ച് പുതിയ മെഡിക്കൽ കോളേജുകളിൽ നിയമിക്കേണ്ടതായിവരുന്നു. രോഗീപരിചരണത്തിനായി നീക്കിവെക്കപ്പെട്ട ജില്ലാ ആശുപത്രികളിലെയും മറ്റും മുറികൾ ലൈബ്രറികളായും ക്ലാസ്സ് മുറികളായും മാറുന്നു. അങ്ങനെ സാധാരണക്കാരന്റെ നിലവിലുള്ള ചികിത്സാസൗകര്യം നഷ്ടമാകുന്നതിനോടൊപ്പം ഗവൺമെന്റ് മെഡിക്കൽ കോളേജുകളുടെയെല്ലാം അംഗീകാരവും നഷ്ടപ്പെടാൻ പോകുന്നു. ഇതിന്റെ ഫലമായി ചികിത്സയും മെഡിക്കൽ വിദ്യാഭ്യാസവും സ്വകാര്യ സ്ഥാപനങ്ങളിലൂടെ മാത്രം സാധ്യമാകുന്ന അവസ്ഥ സംജാതമാകും. ഇന്ന് കോർപ്പറേറ്റ് ആശുപത്രികളിൽ നടക്കുന്ന റോബോട്ടിങ്ങ് സർജറികളെയും അവയവദാനങ്ങളെയും മഹത്വവൽക്കരിക്കുമ്പോൾ രോഗപ്രതിരോധ പ്രവർത്തനങ്ങളെ അവഗണിക്കുകയും അവമതിക്കുകയും ചെയ്യുന്നു. മറുവശത്ത് മനുഷ്യനെ നിത്യരോഗികളാക്കുന്ന മദ്യപാനവും ലഹരി വസ്തുക്കളുടെ വ്യാപനവും തടയില്ലാതെ മുന്നേറുന്നു. രാസകീടനാശിനികളും പ്ലാസ്റ്റിക്കും വിവേകപൂർവ്വമല്ലാതെ യഥേഷ്ടം ഉപയോഗിക്കുന്നു. ഇതിലൂടെ മാരക രോഗങ്ങളും പകർച്ച വ്യാധികളും കൊണ്ട് കോർപ്പറേറ്റുകളുടെ ബിസിനസ്സിന് ആക്കം കൂട്ടുന്നു.

മെഡിക്കൽ കോളേജിലെ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിരോധനം ഈ പശ്ചാത്തലത്തിൽ വേണം വിലയിരുത്തുവാൻ. കള്ളക്കടത്തോ, കരിഞ്ചന്തയോ നടത്തുന്നവരെപ്പോലെ ഒളിച്ചുംപാത്തും വേണം മെഡിക്കൽ കോളേജ് ഡോക്ടർമാർക്ക് വീട്ടിൽ രോഗിയെ പരിശോധിക്കുവാൻ. രോഗികളുടെ എണ്ണക്കൂടുതൽ കാരണം സർക്കാരാശുപത്രികളിൽ കിട്ടുന്ന പരിമിതമായ സമയത്തിനുള്ളിൽ തങ്ങളുടെ ആശങ്ക ഡോക്ടറുമായി പങ്കുവയ്ക്കാൻ പറ്റാത്തതിനാലാണ് രോഗികൾ ഡോക്ടറുടെ വീട് തേടി പോകുന്നത്. അതിനവസരം നിഷേധിച്ചാൽ അവർക്കും സ്വകാര്യ മേഖലയെ ആശ്രയിക്കേണ്ടിവരും.

സൗജന്യ ചികിത്സയ്ക്കു പകരം സ്വകാര്യവത്കരണവും ഇൻഷുറൻസ് സർവ്വീസും, മെഡിക്കൽ എത്തിക്സിനു പകരം ലാഭവും പണവും എന്നതരത്തിലുള്ള ആരോഗ്യനയം കേന്ദ്രസർക്കാർ അവതരിപ്പിച്ചു കഴിഞ്ഞു. അതിനാൽ ഡോക്ടർമാർ താൽക്കാലികമായി നിർത്തിവെച്ച ഈ സമരം ജനങ്ങൾ ഏറ്റെടുത്ത് ശക്തമായി മുന്നോട്ടു കൊണ്ടുപോയാൽ മാത്രമേ പൊതുജനാരോഗ്യരംഗത്തെ സമ്പൂർണ്ണ വിനാശത്തിൽനിന്നും നമുക്ക് രക്ഷിക്കുവാൻ കഴിയൂ.

## അമ്പലപ്പുഴ താലൂക്ക് ഓഫീസിലേക്ക് ഇന്ത്യൻ നഴ്സസ് പേരന്റ്സ് അസോസിയേഷൻ പ്രതിഷേധ മാർച്ച് നടത്തി

മൊറട്ടോറിയം കാലയളവിൽ ജപ്തി നടപടികൾ കൈക്കൊള്ളരുത്, ബാങ്കുകൾക്കൊപ്പം ചേർന്ന് ജനങ്ങളെ ഭീഷണിപ്പെടുത്തി ആത്മഹത്യയ്ക്ക് പ്രേരിപ്പിക്കുന്ന നടപടികൾ അധികാരികൾ അവസാനിപ്പിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ഒക്ടോബർ 27ന് അമ്പലപ്പുഴ താലൂക്ക് ഓഫീസിലേക്ക് വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും പ്രതിഷേധമാർച്ച് നടത്തി. ആലപ്പുഴ ജനറൽ ആശുപത്രി ജംഗ്ഷനിൽ നിന്നാരംഭിച്ച മാർച്ചിനോടനുബന്ധിച്ച് താലൂക്ക് ഓഫീസിനു മുൻപിൽ നടന്ന പ്രതിഷേധയോഗം ഐഎൻപിഎ ജില്ലാ പ്രസിഡന്റ് നന്ദനൻ വലിയപറമ്പിൽ ഉദ്ഘാടനം ചെയ്തു. ജില്ലാ ജോയിന്റ് സെക്രട്ടറി അഡ്വ.എം.എ.ബിന്ദു അധ്യക്ഷത വഹിച്ച പരിപാടിയിൽ ജില്ലാ സെക്രട്ടറി കെ.ജെ.ഷീല, നേതാക്കളായ കെ.പി.മനോഹരൻ, ചാക്കോ പുറക്കാട്, വി.ഉഷാകുമാരി, സി.വി.പീതാംബരൻ, വി.എക്സ്.ഫ്രാൻസിസ്, ടി.ആർ.രാജിമോൾ എന്നിവർ പ്രസംഗിച്ചു.




താലൂക്കോഫീസ് മാർച്ച് ഐഎൻപിഎ ആലപ്പുഴ ജില്ലാ പ്രസിഡന്റ് നന്ദനൻ വലിയപറമ്പിൽ ഉദ്ഘാടനം ചെയ്യുന്നു

## വിദ്യാഭ്യാസ വായ്പ : ബാങ്കുകൾ ജനപക്ഷ നിലപാടെടുക്കണം –ഐഎൻപിഎ ധർണ്ണ നടത്തി

രാജ്യത്തെ ന്യൂനപക്ഷം വരുന്ന കുത്തകകളുടെ ലക്ഷക്കണക്കിന് കോടിരൂപയുടെ കിട്ടാകടം ഉപാധികളില്ലാതെ എഴുതിതള്ളുന്നത് അവസാനിപ്പിച്ചുകൊണ്ട് ജനപക്ഷ നിലപാടെടുക്കുവാൻ ബാങ്കുകൾ തയ്യാറാവണമെന്ന് പ്രമുഖ പരിസ്ഥിതി- സാമൂഹ്യപ്രവർത്തകനും ഇന്ത്യൻ നഴ്സസ് പേരന്റ്സ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റുമായ ഡോ.ഡി.സുരേന്ദ്രനാഥ് അഭിപ്രായപ്പെട്ടു.

വിദ്യാഭ്യാസ വായ്പയുടെ പലിശ ഇളവ് നിഷേധിച്ചുകൊണ്ട് രക്ഷിതാക്കളെ കോടതി കയറ്റുന്ന ബാങ്കുകൾക്കെതിരെ സർക്കാർ കർശന നടപടിയെടുക്കണമെന്നാവശ്യപ്പെട്ട് ഐഎൻപിഎ ജില്ലാക്കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ തൃശൂർ കോർപ്പറേഷനു സമീപം നടന്ന രക്ഷിതാക്കളുടെ ധർണ്ണ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഐഎൻപിഎ ജില്ലാപ്രസിഡന്റ് ഡോ.പി.എസ്. ബാബു അദ്ധ്യക്ഷത വഹിച്ചു. ജയിംസ് മുട്ടിക്കൽ, ഗിരീശൻ മാഷ്, ജില്ലാ കോർഡിനേറ്റർ സി.കെ.ശിവദാസൻ, ടി.വാസുദേവൻ, സി.ആർ. ഉണ്ണികൃഷ്ണൻ, പി.ഡി.പോൾ, ഇ.പി.കുര്യക്കോസ്, എം.എ.മത്തായി, എ.എം.സുരേഷ് എന്നിവരും സംസാരിച്ചു.




ധർണ്ണ ഐഎൻപിഎ സംസ്ഥാനപ്രസിഡന്റ് ഡോ.ഡി.സുരേന്ദ്രനാഥ് ഉദ്ഘാടനം ചെയ്യുന്നു

## വിദ്യാസാഗർ വിമൻസ് ആന്റ് ചിൽഡ്രൻസ് ലൈബ്രറി ഉദ്ഘാടനം ചെയ്തു.



ആർ.പാർത്ഥസാരഥിവർമ്മ ഉദ്ഘാടനം നിർവ്വഹിച്ച് പ്രസംഗിക്കുന്നു

അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടനയുടെയും കുട്ടികളുടെ പ്രസ്ഥാനം പ്രചോദനയുടെയും സംയുക്താഭിമുഖ്യത്തിൽ ആലപ്പുഴ കപ്പക്കടയിൽ ഗ്രന്ഥശാല ആരംഭിച്ചു. ഒക്ടോബർ 23ന് ആർ.പാർത്ഥസാരഥി വർമ്മ കുമാരി നിവേദിത മഹേഷിന് 'ആൻ ഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകൾ' എന്ന പുസ്തകം നൽകി ഉദ്ഘാടനം നിർവ്വഹിച്ചു. മഹാനായ ഇന്ത്യൻ നവോത്ഥാന നായകൻ ഈശ്വരചന്ദ്ര വിദ്യാസാഗറിന്റെ സ്മരണാർത്ഥം 'വിദ്യാസാഗർ വിമൻസ് ആന്റ് ചിൽഡ്രൻസ് ലൈബ്രറി' എന്ന് ഗ്രന്ഥശാലക്ക് നാമകരണം ചെയ്തു. പ്രദേശവാസികളുടെ സഹായ സഹകരണങ്ങളോടെയാണ് ലൈബ്രറിയുടെ സംഘാടന പ്രവർത്തനങ്ങൾ നടന്നത്. അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടനയുടെ മേഖലാ പ്രസിഡന്റ് ശ്രീമതി. ടി.ആർ.രാജിമോൾ അദ്ധ്യക്ഷത വഹിച്ച ഉദ്ഘാടന സമ്മേളനത്തിൽ അഡ്വ.എം.എ.ബിന്ദു, ടി.ഷിജിൻ, സി.സി.ഉദയപ്പൻ, അഡ്വ.ആർ.അപർണ, അനന്തൻ ആലപ്പി എന്നിവർ പ്രസംഗിച്ചു. പ്രചോദന മേഖലാ പ്രസിഡന്റ് അപർണ അനിൽ സ്വാഗതവും ആനന്ദ് എസ്. ലാൽ കൃതജ്ഞതയും പറഞ്ഞു.



## നവംബർ വിപ്ലവപാഠങ്ങൾ

# അന്ധമായ അനുകരണത്തിലൂടെ വിപ്ലവം സാദ്ധ്യമാവുകയില്ല

**മഹത്തായ നവംബർ വിപ്ലവവാർഷികാചരണത്തോടനുബന്ധിച്ച് സഖാവ് ശിബ്ദാസ് ഘോഷ് 1968 നവംബർ 15 ന് നടത്തിയ പ്രസംഗത്തിൽ നിന്ന്.**

നവംബർ വിപ്ലവത്തിന്റെ നിരവധി പാഠങ്ങളിൽ വളരെ പ്രധാന്യത്തോടെ വിപ്ലവപ്രവർത്തകരും കമ്മ്യൂണിസ്റ്റുകളും ഓർമ്മയിൽ വെയ്ക്കേണ്ട ഒരു കാര്യമുണ്ട്. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനുള്ളിൽ തന്നെ അന്ധമായ അനുകരണത്തിന്റേതായ ഒരു പ്രവണത ഇപ്പോൾ ദൃശ്യമാണ്. വളരെക്കാലം മുമ്പുമുതൽക്കേ, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ആരംഭം മുതൽക്കേ എന്നുതന്നെ പറയാം, ആധികാരിക കേന്ദ്രങ്ങളെ അന്ധമായി അനുകരിക്കുകയും അവരുടെ വാക്കുകൾ വെറുതെ ഉരുവിട്ടുകൊണ്ടിരിക്കുകയും ചെയ്യുന്ന അനാരോഗ്യകരമായ ശീലം ആവർത്തിച്ച് പ്രകടിതമായിട്ടുണ്ട്. യഥാർത്ഥ മാർക്സിസ്റ്റ്-ലെനിനിസ്റ്റ് നേതൃത്വത്തിന് ഇതിനെതിരെ നിരന്തരമെന്നോണം സമരം ചെയ്യേണ്ടതായിട്ടും വന്നിട്ടുണ്ട്. ലെനിനും ഒരു സന്ദർഭത്തിൽ ഇതിനെ ചെറുത്ത് പരാജയപ്പെടുത്തേണ്ടി വന്നിട്ടുണ്ട്. റഷ്യയിൽ വിപ്ലവം കെട്ടിപ്പടുക്കുന്ന വേളയിൽ, മാർക്സിന്റെയും എംഗൽസിന്റെയും കൃതികൾ അരിച്ചുപെറുക്കി ഹൃദിസ്ഥമാക്കിയ ഒരു സംഘം ബുദ്ധിജീവികൾ ഈ പ്രാമാണികരുടെ വാക്കുകൾ വള്ളിപുള്ളി വ്യത്യാസം കൂടാതെ ഉദ്ധരിച്ചുകൊണ്ട് വിപ്ലവം സംഘടിപ്പിക്കുന്നതിനെക്കുറിച്ച് പറഞ്ഞുകൊണ്ടിരുന്നു. അതായത് അവർക്ക് ആവശ്യം വിപ്ലവം ഉത്പാദിപ്പിക്കുക എന്നതായിരുന്നു. ലെനിൻ അവർക്ക് മുമ്പാകെ ചൂണ്ടിക്കാണിച്ചു: വിപ്ലവം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ചടുലവും ചലനാത്മകവുമായ സംഭവവികാസങ്ങളെയാണ്. പോരാട്ടത്തിന്റെ ഗതിക്രമത്തിൽ നിന്ന് ഉയർന്നുവരുന്നതാണത്. നമുക്ക് നമ്മുടെ ഇച്ഛാനുസരണം ഉത്പാദിപ്പിക്കാൻ കഴിയുന്നതല്ലത്. ഒരു ഫാക്ടറിയിൽ ചരക്കുത്പാദിപ്പിക്കുന്നതുപോലെ വിപ്ലവം ഉത്പാദിപ്പിക്കാനാവില്ല.

**ഓരോ രാജ്യത്തെയും വിപ്ലവത്തിന് അതതിന്റേതായ സവിശേഷ സ്വഭാവഗുണമുണ്ട്.**

മാർക്സിസ്റ്റാചാര്യന്മാർ വിശദീകരിക്കുകയും ഘട്ടംഘട്ടമായി വികസിപ്പിക്കുകയും പോരാട്ടത്തിന്റെ ഗതിക്രമത്തിൽ സമ്പന്നമാക്കിത്തീർക്കുകയും ചെയ്ത വിപ്ലവസിദ്ധാന്തം അതിന്റെ സമഗ്രതയിൽ നാം മനസ്സിലാക്കേണ്ടതുണ്ട്. അതുപോലെ തന്നെ ആ സിദ്ധാന്തത്തെ നിരന്തരമായി പുതിയ പുതിയ ഉയരങ്ങളിലേയ്ക്ക് ആനയിച്ച അവരുടെ ജീവിതാനുഭവങ്ങളുടെ ആകെ തുകയിൽ നാം അത് ഗ്രഹിച്ചിരിക്കണം.

ഓർമ്മിക്കുക, ഓരോ വിപ്ലവത്തിനും അതതിന്റേതായ സ്വഭാവഗുണങ്ങളുണ്ട്, വ്യതിരിക്തങ്ങളായ രൂപങ്ങളുണ്ട്. ഓരോ വിപ്ലവസിദ്ധാന്തവും പൊതുവിൽ നിലനിൽക്കുന്ന പരിതസ്ഥിതിയിൽ സമൂർത്താനുഭവങ്ങളെ വിശകലനം ചെയ്യുന്നതിൽ നിന്ന് പ്രത്യേകം രൂപപ്പെടുത്തുന്നതും സമൂർത്ത സാഹചര്യത്തിൽ പ്രയോഗിക്കപ്പെടുന്നതുമായ സവിശേഷ വിപ്ലവസിദ്ധാന്തങ്ങളാണ്. സാഹചര്യങ്ങൾ എപ്പൊഴും മാറ്റത്തിന് വിധേയമായികൊണ്ടിരിക്കുന്നതിനാലും, വിവിധ രാജ്യങ്ങളിലെ സാഹചര്യങ്ങൾ ഒരുപോലെ അല്ലാതിരിക്കുന്നതിനാലും വിവിധ രാജ്യങ്ങളിലെ സങ്കീർണ്ണങ്ങളായ വിപ്ലവപ്രക്രിയകൾ സർവ്വസമാനമാവുക സാദ്ധ്യമല്ല. കാര്യങ്ങളെ ഇവ്വിധത്തിൽ ഗ്രഹിക്കുന്നില്ലെങ്കിൽ അത് വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദത്തിന് വിരുദ്ധമായിരിക്കും.അതുകൊണ്ടാണ് മാർക്സിനെയും എംഗൽസിനെയും മറ്റ് പ്രാമാണികരെയും പദാനുപദം ഉദ്ധരിക്കുന്നതിൽ നിപുണരായ പണ്ഡിതന്മാർക്ക് ലെനിൻ ഈ മുന്നറിയിപ്പ് നൽകിയത്: "മാർക്സിന്റെ സിദ്ധാന്തങ്ങൾ അന്തിമവും അലംഘനീയവുമായ ഒന്ന് എന്ന വിധത്തിൽ നാം ഒരു കാരണവശാലും കണക്കുകൂട്ടുന്നില്ല. മാർക്സിയൻ ശാസ്ത്രത്തിന്റെ മൂലക്കല്ലുകൾ നാട്ടുകമാത്രമാണ് അത് നിറവേറ്റിയിരിക്കുന്നതെന്നും സോഷ്യലിസ്റ്റുകൾ എല്ലാ ദിശയിലും വികസിപ്പിക്കേണ്ടതാണ് അതെന്നും കാലത്തിന് പുറകിലായി പോകാതിരിക്കാൻ നാമിത് ചെയ്തേ മതിയാവൂ എന്നും നമുക്ക് പൂർണ്ണബോദ്ധ്യമുണ്ട്."

"മാർക്സിന്റെ സിദ്ധാന്തത്തിന് സ്വതന്ത്രമായൊരു വിപുലീകരണം പ്രത്യേകിച്ചും ആവശ്യമായിരിക്കുന്നെന്ന് റഷ്യയിലെ സോഷ്യലിസ്റ്റുകൾ മനസ്സിലാക്കുന്നു. എന്തുകൊണ്ടെന്നാൽ ആ സിദ്ധാന്തം പൊതുവായ മാർഗ്ഗനിർദ്ദേശങ്ങളാണ് മുന്നോട്ടുവെയ്ക്കുന്നത്. ബ്രിട്ടണിലേതിൽ നിന്ന് വ്യത്യസ്ഥമായ വിധത്തിൽ ഫ്രാൻസിൽ പ്രയോഗിക്കേണ്ടത്, ഫ്രാൻസിലേതിൽ നിന്ന് വ്യത്യസ്ഥമായ വിധത്തിൽ ജർമ്മനിയിൽ പ്രയോഗിക്കേണ്ടത്, ജർമ്മനിയിലേതിൽ നിന്ന് വ്യത്യസ്ഥമായ വിധത്തിൽ റഷ്യയിലെ പ്രയോഗിക്കേണ്ടത് ഇങ്ങനെ പ്രത്യേകവും സവിശേഷവുമായ വിധത്തിൽ പ്രയോഗവൽകരിക്കപ്പെടേണ്ടതാണ് മാർക്സിന്റെ സിദ്ധാന്തം."(സമാഹൃത കൃതികൾ, വാല്ല്യം 4, പേജ് 191-192). ലെനിൻ ഇവിടെ ചൂണ്ടികാണിക്കുന്നത് റഷ്യയിലെ വിപ്ലവകാരികളുടെ മുമ്പിൽ മാർക്സിന്റെയും എംഗൽസിന്റെയും മറ്റുള്ള വിപ്ലവകാരികളുടെയും പൊതുവിലുള്ള സിദ്ധാന്തങ്ങളും പാഠങ്ങളും ഉണ്ടായിരിക്കെ തന്നെ, മാർക്സിസത്തിന്റെ വിശകലനങ്ങളും അനുഭവപാഠങ്ങളും എല്ലാം ഉണ്ടായിരിക്കെ തന്നെ, റഷ്യയിലെ വിപ്ലവത്തിന് അനുയോജ്യവും പര്യാപ്തവുമായ വിധത്തിൽ ആ സിദ്ധാന്തങ്ങളെയും പാഠങ്ങളെയും രൂപപ്പെടുത്തേണ്ടതുണ്ട് എന്നാണ്. അതായത് റഷ്യയിലെ വിപ്ലവപ്രക്രിയയിൽ സ്വാധീനം ചെലുത്തതക്കവിധം മാർക്സിസത്തെ ആ മണ്ണിൽ സമൂർത്തവൽകരിക്കുകയും വികസിപ്പിക്കുകയും സമ്പുഷ്ടമാക്കുകയും ചെയ്യേണ്ടതുണ്ട് എന്നാണ് ലെനിൻ ചൂണ്ടികാണിക്കുന്നത്. കൂടാതെ, വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദത്തിന്റെ പൊതുവായ നിഗമനമനുസരിച്ച് രണ്ട് പ്രതിഭാസങ്ങൾ സർവ്വസമാനമായിരിക്കുക സാദ്ധ്യമല്ല. ഇതിൽ നിന്ന്, വ്യത്യസ്ഥമായ രാജ്യങ്ങളിലെ വിപ്ലവം അതത് രാജ്യത്തെ ദേശീയപരിധികൾക്കുള്ളിലാണ് നിറവേറ്റപ്പെടുക എന്നതിനാൽ സർവ്വസമമായിരിക്കുകയില്ല എന്ന് സിദ്ധിക്കുന്നു. ചില സാമ്യങ്ങൾ ഉണ്ടാകാമെങ്കിലും പൊതുവായ ചില സ്വഭാവഗുണങ്ങൾ ഉണ്ടാകാമെങ്കിലും നിരവധി കാരണങ്ങളാൽ അവ വ്യത്യസ്തങ്ങളായിരിക്കും. ഓരോ രാജ്യത്തെയും സമൂർത്തമായ പ്രത്യേകം സാഹചര്യങ്ങൾ വെച്ചുകൊണ്ട് ഓരോ രാജ്യത്തെയും വിപ്ലവത്തിന് അതതിന്റേതായ സവിശേഷ സ്വഭാവ ഗുണങ്ങളാണ് ഉണ്ടായിരിക്കുക. ഒരു നിശ്ചിത രാജ്യത്തിന്റെ സവിശേഷസ്വഭാവങ്ങൾ ശരിയായി മനസ്സിലാക്കികൊണ്ട്, നിലവിലുള്ള ദേശീയ-അന്തർദേശീയ സാഹചര്യത്തിൽ പ്രയോഗവൽക്കരിക്കാൻ കഴിയുമ്പോഴേ ഫലത്തിൽ ആ സിദ്ധാന്തങ്ങളെ വിപുലീകരിക്കാനും വികസിപ്പിക്കാനും കൂടുതൽ സമ്പന്നമാക്കാനും നമുക്ക് സാധിക്കുകയുള്ളു. അതുകൊണ്ടാണ് മാർക്സും മറ്റ് വിപ്ലവകാരികളും വിശദീകരിച്ച സിദ്ധാന്തം അതേപടി തന്നെ യാതൊരു മാറ്റവും കൂടാതെ നിലനിൽക്കാത്തത്. വിപ്ലവസിദ്ധാന്തം വികസിച്ചുകൊണ്ടേയിരിക്കുന്നു. കൂടുതൽ കൂടുതൽ സമ്പന്നമായികൊണ്ടേയിരിക്കുന്നു.

**മാർക്സിസത്തിന്റെ സാമാന്യതത്വങ്ങൾ മൂർത്തമായ സാഹചര്യത്തിൽ സമൂർത്തവൽകരിക്കപ്പെടണം.**

വിപ്ലവസിദ്ധാന്തമില്ലാതെ വിപ്ലവം ഉണ്ടാകില്ല എന്ന് ആദ്യമായി ഊന്നിപ്പറഞ്ഞത് ലെനിൻ ആയിരുന്നു. ഈ വിപ്ലവസിദ്ധാന്തമാകട്ടെ ഒരു രാജ്യത്തെ മൂർത്തമായ വിപ്ലവപ്രക്രിയയ്ക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതും അതിനെ നേർദിശയിൽ നയിക്കുന്നതുമായിരിക്കണം — അല്ലാതെ ഉദ്ധരണികൾ ഉരുവിട്ടുകൊണ്ട് പാണ്ഡിത്യം വിളമ്പാനും ഗ്രന്ഥങ്ങൾ രചിക്കാനും മറ്റുള്ളവരെ അന്ധമായി കോപ്പിയടിക്കാനുമുള്ളതല്ല. അതിനാൽ മാർക്സും എംഗൽസും നമുക്ക് പ്രദാനംചെയ്ത മാർക്സിസമെന്ന ശാസ്ത്രവും പിന്നീട് ലെനിൻ അതിനെ വികസിപ്പിക്കുകയും കൂടുതൽ സമ്പന്നമാക്കുകയും ചെയ്തുകൊണ്ട് നടത്തിയ മുതൽക്കൂട്ടുകളും തുടർന്ന് സ്റ്റാലിൻ അതിൽ വരുത്തിത്തീർത്ത വികാസങ്ങളും ചൈനയിൽ വിപ്ലവം പൂർത്തീകരിച്ചുകൊണ്ട് മാവോ സെതുങ് നൽകിയ പാഠങ്ങളും വിപ്ലവം ഇനിയും പൂർത്തികരിക്കപ്പെടാത്ത വിവിധ രാജ്യങ്ങളിലെ വിപ്ലവകാരികൾ ആഴത്തിൽ ഗ്രഹിക്കുകയും സമൂർത്തവൽകരിക്കുകയും വികസിപ്പിക്കുകയും ചെയ്യേണ്ടതായിട്ടുണ്ട്. സ്വന്തം നാട്ടിലെ വിപ്ലവത്തിന്റെ ഗതിയെ സൂക്ഷ്മമായി നയിക്കുകയും സ്വാധീനിക്കുകയും ചെയ്യണമെന്നുണ്ടെങ്കിൽ അവർ ഈ പാഠങ്ങളെ വസ്തുനിഷ്ഠ സാഹചര്യത്തിന് കൃത്യമായും ഇണങ്ങും പടി സചേതനമാക്കിത്തീർക്കേണ്ടതുണ്ട്.

വിപ്ലവസിദ്ധാന്തം കോപ്പിയടിച്ചുകൊണ്ടോ തത്തമ്മയെപ്പോലെ ആവർത്തിച്ച് ഉരുവിട്ടുകൊണ്ടോ ഒരു നാട്ടിലും വിപ്ലവം നടത്താൻ സാദ്ധ്യമല്ല. അത്തരമൊരു ശീലം റഷ്യയിലെ വിപ്ലവത്തിന്റെ സാഹചര്യത്തിൽ നിലവിലുണ്ടായിരുന്നു. ലെനിൻ അതിന് ചുട്ട പ്രഹരമേകി. മാർക്സിസത്തെ സമൂർത്തവൽകരിച്ചുകൊണ്ടും കൂടുതൽ സമ്പന്നമാക്കികൊണ്ടും അദ്ദേഹം അതിനെ നിലവിലുണ്ടായിരുന്ന അന്തർദ്ദേശീയ സാഹചര്യത്തെ അഭിമുഖീകരിക്കത്തക്കവണ്ണം പര്യാപ്തമാക്കിത്തീർത്തു; അതിനെ ഉയരങ്ങളിലേയ്ക്ക് നയിച്ചുകൊണ്ട് റഷ്യൻ വിപ്ലവം സാക്ഷാത്കരിക്കുന്നതിന് ഉതകുംവിധം പ്രയോഗിച്ചു. പിൽക്കാലത്ത് സ്റ്റാലിനും മാവോ സെതുങ്ങും അതുതന്നെ ചെയ്തു......

**നവംബർ വിപ്ലവത്തിന്റെ പാഠങ്ങളെ അതിന്റെ സമഗ്രതയിലും സമ്പൂർണ്ണതയിലും ഗ്രഹിക്കുകയും പ്രയോഗിക്കുകയും ചെയ്യേണ്ടതുണ്ട്.**

മറ്റൊരു വശം ചർച്ച ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു... വിപ്ലവസിദ്ധാന്തം ശരിയായിരിക്കുന്നുവെന്നുള്ളതുകൊണ്ട് വിപ്ലവം താനേ സാക്ഷാത്കരിക്കപ്പെടും, സ്വയമേവ സംഭവിച്ചുകൊള്ളും എന്നുണ്ടോ? ഇല്ല. അങ്ങനെയത് സംഭവിക്കുകയില്ല.

നവംബർ വിപ്ലവത്തിന്റെ ഈയൊരു പ്രധാനപ്പെട്ട പാഠം ഊന്നിപ്പറയാൻ ഇത് എന്നെ നിർബ്ബന്ധിതനാക്കുന്നു. അതായത് ശരിയായ സിദ്ധാന്തം മാത്രം പോരാ എന്നുള്ളതാണത്. സിദ്ധാന്തം പ്രയോഗത്തിൽ വരുത്താൻ കഴിവുള്ള, ശേഷിയുറ്റ, എല്ലാ പ്രകാരേണയും പ്രാപ്തരായ വിപ്ലവസംഘാടകരുടെയും അണികളുടെയും ഒരു വൻ സേന അതായത് ശക്തമായൊരു വിപ്ലവപാർട്ടി കൂടിയേ തീരു. അതിന്റെ അഭാവത്തിൽ വിപ്ലവസിദ്ധാന്തത്തിന് മാത്രമായി വിപ്ലവം സഫലീകൃതമാക്കാൻ സാദ്ധ്യമല്ല. വിപ്ലവസിദ്ധാന്തത്തിന്റെയും മഹത്തായ ആദർശങ്ങളുടെയും മൂല്യങ്ങളുടെയും നൈതികതയുടെയും മനുഷ്യചേതനയെ തൊട്ടുണർത്തുന്ന പാഠങ്ങൾ നാം പഠിക്കുന്നു. എന്തിനുവേണ്ടി? തൊഴിലാളി വർഗ്ഗത്തിന്റെ വിപ്ലവരാഷ്ട്രീയം സ്വായത്തമാക്കുന്നതിനുവേണ്ടി, തൊഴിലാളികളെയും അദ്ധ്വാനിക്കുന്ന മറ്റെല്ലാ വിഭാഗം ജനങ്ങളെയും പ്രബുദ്ധരാക്കാനും വിപ്ലവസംഘടനയിൽ അവരെ അണിനിരത്താനും വേണ്ടി. അല്ലാത്തപക്ഷം ഉയർന്ന മൂല്യങ്ങളും നീതിബോധവും സംസ്കാരവും ആർജ്ജിക്കുന്നതുകൊണ്ടെന്ത് ഗുണം? മൂല്യങ്ങൾ, സംസ്കാരം, ഹൃദയവിശാലത, വിജ്ഞാനം, പാണ്ഡിത്യം, ബുദ്ധിശക്തി, തൊഴിലാളിവർഗ്ഗ സംസ്കാരം, അതിന്റെ രാഷ്ട്രീയം, ആ രാഷ്ട്രീയം പേറുന്ന പാർട്ടിയും മറ്റുള്ള പാർട്ടികളും തമ്മിൽ നിലവിലുള്ള സാഹചര്യത്തിൽ നടത്തുന്ന സമരത്തിന്റെ അർത്ഥം ഇവയെല്ലാം മനസ്സിലാക്കാനാകുന്നില്ലെങ്കിൽ മേൽപ്പറഞ്ഞവകൊണ്ടെല്ലാം എന്തു പ്രയോജനം? വിജയത്തിന്റെ വേളയിൽ മാത്രമല്ല പരാജയത്തിന്റെയും തിരിച്ചടിയുടെയും ബുദ്ധിമുട്ടുകളുടെയും സന്ദർഭങ്ങളിൽക്കൂടിയും ഈ സമരം നടത്തിക്കൊണ്ട് പോകാൻ കഴിവാർജ്ജിക്കുന്നതിനുവേണ്ടിയല്ലെങ്കിൽ പിന്നെ ഇവകൊണ്ടെല്ലാം എന്തു പ്രയോജനം? സംസ്കാരത്തെക്കുറിച്ച്, മൂല്യത്തെക്കുറിച്ച്, തത്വശാസ്ത്രത്തെക്കുറിച്ച് നാം പഠിക്കുന്നത് വർഗ്ഗരാഷ്ട്രീയം വിജയം വരിക്കുമ്പോൾ മാത്രമല്ല കടുത്ത പ്രതികൂലാവസ്ഥയ്ക്കെതിരെ പോരടിക്കുമ്പോഴും ആവർത്തിച്ച് തിരിച്ചടികളും പരാജയങ്ങളും നേരിടുമ്പോഴും അത് കരുപിടിപ്പിക്കുന്നതിനുള്ള കഴിവാർജ്ജിക്കുന്നതിനുവേണ്ടിയാണ്.

**വിപ്ലവപെരുമാറ്റത്തിന്റെയും അച്ചടക്കബോധത്തിന്റെയും പ്രധാന്യം**

ഈ കഴിവ് നമുക്ക് ആർജ്ജിച്ചെടുക്കണമെങ്കിൽ ഒരു സ്വഭാവഗുണം കൂടി നമുക്ക് ഉണ്ടായേ തീരൂ. വിപ്ലവകരമായ പെരുമാറ്റശീലവും അച്ചടക്കബോധവുമാണ് അത്. പട്ടാളത്തിൽ യാന്ത്രികമായ അച്ചടക്കം അടിച്ചേൽപ്പിക്കപ്പെട്ടിരിക്കുകയാണ്. നിർബ്ബന്ധിതമായ അച്ചടക്കപരിപാലനമാണ് പട്ടാളത്തിന്റേത്. എന്നാൽ ഒരു വിപ്ലവപാർട്ടിക്കുള്ളിലെ അച്ചടക്കബോധം പട്ടാളച്ചിട്ടയിൽ ഉള്ളതല്ല. അത്തരമൊരു സംഗതിയേ ഉദിക്കുന്നില്ല. വിപ്ലവപാർട്ടിയിൽ അച്ചടക്കമെന്നത് സ്വയമേവ പരിപാലിക്കപ്പെടുന്നതാണ്. സ്വന്തം ബോദ്ധ്യപ്പെടലിൽ നിന്ന് സ്വയം പാലിക്കപ്പെടുന്നതാണ്. വിപ്ലവപാർട്ടിക്കുള്ളിൽ അച്ചടക്കബോധം ആവശ്യകതയുടെ അംഗീകാരത്തിൽ നിന്ന് ഉളവാകുന്നതാണ്.

*(Selected works, Vol: IV)*

# ബുദ്ധിജീവികൾ അരുംകൊല ചെയ്യപ്പെടുന്നു

ഡോക്ടറും അന്ധവിശ്വാസവിരുദ്ധ പ്രവർത്തകനും യുക്തിവാദിയുമായ ഡോ.നരേന്ദ്ര ധബോൽക്കറെ ബൈക്കിലെത്തിയ രണ്ട് അജ്ഞാതർ രണ്ടുവർഷംമുമ്പ് പൂനയിൽ വെടിവച്ചുകൊന്നപ്പോൾ ഇന്ത്യയാകെ സ്തംഭിച്ചുപോയി. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ കുരിശുയുദ്ധം പ്രഖ്യാപിച്ച ഡോ. ധബോൽക്കർ സ്വാഭാവികമായും മതത്തിന്റെ പേരിൽ ജനങ്ങളെ ചൂഷണം ചെയ്യുന്ന മനുഷ്യദൈവങ്ങൾക്കെതിരെ പോരാടി. മുതലാളിത്ത ഇന്ത്യയിൽ ഭരണവർഗ്ഗവും അവരുടെ ശിങ്കിടികളും മതത്തെയും മറ്റു പിന്നോക്കാവസ്ഥകളെയും ഉപയോഗപ്പെടുത്തിക്കൊണ്ട് ജനങ്ങളെ അന്ധകാരത്തിലും പ്രതിലോമചിന്താഗതികളിലും തളച്ചിടുന്നു. ഇത് ജനങ്ങളെ വർദ്ധിച്ചുവരുന്ന ദുരിതങ്ങളുടെയും പട്ടിണിയുടെയും യഥാർത്ഥ കാരണങ്ങളെന്തെന്ന് ചിന്തിക്കുവാൻ അപ്രാപ്യരാക്കുന്നു. ഈ ദുരുദ്ദേശത്തോടെയാണ് നിക്ഷിപ്തതാൽപ്പര്യക്കാർ മനുഷ്യദൈവങ്ങളെ സൃഷ്ടിക്കുകയും ഉയർത്തിക്കൊണ്ടുവരികയും ഉപയോഗപ്പെടുത്തുകയും ചെയ്യുന്നത്. ഒരു അന്ധവിശ്വാസവിരുദ്ധ ബിൽ മഹാരാഷ്ട്ര നിയമസഭയെക്കൊണ്ട് പാസ്സാക്കിയെടുക്കാൻ ഡോ.ധബോൽക്കർ ശ്രമിച്ചെങ്കിലും അതിൽ പരാജയപ്പെട്ടു. സ്വാഭാവികമായും അദ്ദേഹം നിക്ഷിപ്തതാൽപ്പര്യക്കാരുടെ കണ്ണിലെ കരടായി മാറുകയും ഹിന്ദുമത തീവ്രവാദഗ്രൂപ്പുകളായ 'സനാതൻ പ്രഭാത്', 'ഹിന്ദുജന ജാഗ്രതീ സമിതി' എന്നിവയുടെ നിരന്തര ഭീഷണിക്ക് ഇരയാകുകയും ചെയ്തു.

**ഒ**ട്ടുംവൈകാതെ, മതാന്ധതയ്ക്കും അന്ധവിശ്വാസങ്ങൾക്കുമെതിരെ പോരാടിയിരുന്ന വന്ദ്യവയോധികനായിരുന്ന ഡോ.ഗോവിന്ദ് പൻസാരെ വർഗ്ഗീയവാദികളുടെ വെടിയുണ്ടയ്ക്കിരയായി. ശിവജിയുടെ മഹാരാഷ്ട്രയിൽ മുസ്ലീങ്ങൾ നൽകിയ സംഭാവനകൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് അദ്ദേഹം മറാഠിയിൽ എഴുതിയ ശിവജി കോൻ ഹോത്താ? (ശിവജി ആരാണ്?) എന്ന വൻവിൽപ്പന നടന്ന ലഘുലേഖയിലൂടെ ഹിന്ദു വർഗ്ഗീയവാദികളുടെയും പ്രാദേശിക വാദികളുടെയും ചിറകൊടിച്ചു. ഗാന്ധിയെ വധിച്ച ആർഎസ്എസ് അംഗമായ നാഥുറാം ഗോഡ്സേയെ മഹത്വവൽക്കരിക്കാനുള്ള ഹിന്ദുമത മൗലികവാദികളായ ആർഎസ്എസ്-സംഘപരിവാർ ശക്തികളുടെ ശ്രമങ്ങൾക്കെതിരെ അദ്ദേഹം തന്റെ പ്രതിഷേധ ശബ്ദം ഉയർത്തുകയും അപക്വമനസ്സുകളിൽ ഗോഡ്സേ ആരാധന വേരോടുന്നതിനെതിരെ നിരന്തരം മുന്നറിയിപ്പു നൽകുകയും ചെയ്തു. സ്വാഭാവികമായും ഇത് ഹിന്ദുത്വ-മറാഠി സങ്കുചിത ദേശീയവാദികൾക്ക് അംഗീകരിക്കാനാവുമായിരുന്നില്ല.

മഹാരാഷ്ട്രയിലെ പൂനയും സാംഗ്ലി പ്രദേശങ്ങളും ബ്രാഹ്മണ യാഥാസ്ഥിതികത്വത്തിന്റെ ശക്തികേന്ദ്രവും ആർഎസ്എസ് സൈദ്ധാന്തികരായ വി.ഡി.സവർക്കറും എം.എസ്.ഗോൾവാൾക്കറും പ്രചരിപ്പിച്ച, വളരെ അപകടകരവും സങ്കുചിതവുമായ ഹിന്ദു ദേശീയവാദത്തിന്റെ കളിത്തൊട്ടിലുമായിരുന്നു എന്ന കാര്യം ഇവിടെ പ്രത്യേകം സ്മരിക്കേണ്ടതാണ്. സ്വാഭാവികമായും, അവിടെ ജനങ്ങൾക്കിടയിൽ മതേതരവും പുരോഗമനപരവുമായ മനോഭാവം പടർത്തുന്നതും, വളരെയധികം ആദരിക്കപ്പെടുന്ന സാമൂഹ്യ പരിഷ്ക്കർത്താക്കളായ മഹാത്മാ ഫൂലേ, ജ്യോതിബ ഫൂലേ എന്നിവർക്ക് ഒരിടം കണ്ടെത്തുന്നതും മുരത്ത ഹിന്ദുവർഗ്ഗീയവാദികളുടെ നോട്ടത്തിൽ 'ഈശ്വരനിന്ദ' യാണ്.

അറിയപ്പെടുന്ന കന്നട എഴുത്തുകാരനും ഗവേഷകനും യുക്തിവാദിയും മുൻ കർണ്ണാടക യൂണിവേഴ്സിറ്റി വൈസ്ചാൻസലറും നിരവധി സാഹിത്യ അക്കാദമി അവർഡ് ജേതാവുമായ ഡോ.എം.എം. കൽബുർഗിയുടെ ഊഴമായിരുന്നു അടുത്തത്. കർണ്ണാടകത്തിലെ ധർവാഡ് ആയിരുന്നു ഇത്തവണ വേദി. തന്റെ വിദ്യാർത്ഥികളെന്ന വ്യാജേന വന്ന ആയുധധാരികളായ മൂന്നു അക്രമികൾ അദ്ദേഹത്തിന്റെ തലയ്ക്കുനേരെ വെടിയുണ്ടകൾ ചൊരിഞ്ഞു. തൽക്ഷണംതന്നെ അദ്ദേഹം മരിച്ചു. ഡോ.കൽബുർഗി വർഗ്ഗീയവാദികളുടെ ക്രോധത്തിനിരയായതിന് കാരണങ്ങൾ പലതുണ്ടായിരുന്നു. അദ്ദേഹം ജന്മംകൊണ്ട്, 12-ാം നൂറ്റാണ്ടിലെ തത്വചിന്തകനായ ബാസവണ്ണയെ ഗുരുവായി കരുതുന്ന ലിംഗായത്ത് സമുദായക്കാരനാണ്. മതത്തിനും മതപരമായ ചടങ്ങുകൾക്കും ബ്രാഹ്മണാനുഷ്ഠാനങ്ങൾക്കും എതിരായിരുന്നു ബാസവണ്ണ. അദ്ദേഹത്തിന്റെ തത്വചിന്തയെ ശരിയായി ഉൾക്കൊണ്ടാൽ ലിംഗായത്തുകളെ ഒരിക്കലും ഹിന്ദുക്കളായി കരുതാനാവില്ലെന്ന് ഡോ.കൽബുർഗി തന്റെ നീണ്ടകാലത്തെ ഗവേഷണത്തിലൂടെ ചൂണ്ടിക്കാണിച്ചു.

കർണ്ണാടകത്തിലെ വോട്ടുബാങ്ക് രാഷ്ട്രീയത്തിലെ ഒരു പ്രബല വിഭാഗമായ ലിംഗായത്ത് സമുദായത്തിലെ പ്രമാണിമാരെ ഇത് ചൊടിപ്പിച്ചു. ഹിന്ദുസമുദായത്തിന്റെ പരിവൃത്തത്തിനു പുറത്താണ് ലിംഗായത്തുകളെന്നു വന്നാൽ, ഹിന്ദുവോട്ടുബാങ്കിന്റെ ഭാഗമായി ലിംഗായത്തുകളെ ഉപയോഗിക്കുന്നവർക്ക് പാർലമെന്ററി വോട്ടുരാഷ്ട്രീയത്തിലുള്ള സ്വാധീനം നഷ്ടപ്പെടും. ഹിന്ദുക്കളുടെ വിഗ്രഹാരാധനയ്ക്കെതിരെ നടത്തിയ പരാമർശങ്ങൾ കടുത്ത ഹിന്ദുത്വവാദികളായ വിഎച്ച്പി, ബജ്റംഗ്ദൾ തുടങ്ങിയവരുടെ നോട്ടപ്പുള്ളിയായി ഡോ. കൽബുർഗിയെ മാറ്റി. വിഎച്ച്പിയിലെയും ബജ്റംഗദളിലെയും സംഘപരിവാറിലെ മറ്റു സംഘടനകളിലെയും കൂലിത്തല്ലുകാർ അദ്ദേഹത്തിനുനേരെ കല്ലുകളും കുപ്പികളും എറിഞ്ഞും പ്രസംഗം തടസ്സപ്പെടുത്തിയും കോലംകത്തിച്ചും ആദ്യം തങ്ങളുടെ എതിർപ്പുപ്രകടിപ്പിച്ചു. ഹിന്ദുമതത്തെ അവഹേളിക്കുന്നതിൽ സന്തോഷം കണ്ടെത്തുന്നവരെയും സമുദായത്തെ വഴിതെറ്റിക്കുന്നവരെയും സ്ഥിരമായി ജയിലിലടയ്ക്കണമെന്നാണ് ഒരു വിഎച്ച്പി നേതാവ് അഭിപ്രായപ്പെട്ടത്. ഹിന്ദുമതത്തെ പരിഹസിക്കുന്നവർക്ക് പട്ടിയെപ്പോലെ മരിക്കേണ്ടിവരുമെന്നാണ് ഒരു ബജറംഗദൾ നേതാവ് പരസ്യമായി ഭീഷണിപ്പെടുത്തിയത്.

കൽബുർഗിയുടെ നിഷ്ഠൂരമായ കൊലപാതകത്തിനുശേഷം ഇതേ മതഭ്രാന്തന്മാർ പ്രഖ്യാപിച്ചിരിക്കുന്നത്, യുക്തിവാദിയും പണ്ഡിതനും മൈസൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് വിരമിച്ച പ്രൊഫസറും ഹിന്ദുവർഗ്ഗീയവാദികളുടെ നിരന്തരവിമർശകനുമായ ശ്രീ. കെ.എസ്.ഭഗവാനാണ് തങ്ങളുടെ അടുത്ത ലക്ഷ്യം എന്നാണ്. കൽബുർഗിയുടെ കൊലപാതകത്തിനുപിന്നിൽ തങ്ങളാണെന്ന് പരോക്ഷമായി ഇതിലൂടെ ബജറംഗ്ദൾ നേതാക്കൾ പ്രഖ്യാപിച്ചിരിക്കുകയാണ്. പക്ഷേ, ഈ വധ ഭീഷണിയിൽ ശ്രീ.ഭഗവാൻ കുലുങ്ങിയിട്ടില്ല. "എന്നെ ആക്രമിക്കുന്നവരെക്കുറിച്ച് എനിക്ക് ഭയമില്ല. മറിച്ച്, സഹതാപമാണ് തോന്നുന്നത്. അവർക്ക് ഒരു ചിന്തകനെ ഇല്ലായ്മ ചെയ്യാൻ കഴിയും, പക്ഷേ അദ്ദേഹത്തിന്റെ ചിന്തകളെ ഇല്ലായ്മ ചെയ്യാൻ കഴിയില്ല. അറിവില്ലായ്മയാണ് അത്തരം അക്രമങ്ങൾക്ക് പ്രേരിപ്പിക്കുന്നത്. കുഴപ്പക്കാരെ വിലക്കുവാൻ പ്രധാനമന്ത്രി മുന്നോട്ടുവരണം-അങ്ങനെ ചെയ്യുന്നില്ലെന്നതാണ് കേന്ദ്രത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ച. കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നുള്ള മൗനം മൗലികവാദികൾക്ക് തെറ്റായ സന്ദേശമാണ് നൽകുന്നത്." അന്ധവിശ്വാസങ്ങളെയും പിന്തിരിപ്പൻ ചിന്താഗതികളെയും പ്രോത്സാഹിപ്പിക്കുന്നതിനെതിരെയും യുക്തിചിന്ത വളർത്തുന്നതിനുവേണ്ടിയും തുറന്ന് സംസാരിക്കുന്ന എഴുത്തുകാരെയും പണ്ഡിതന്മാരെയും ശാസ്ത്രജ്ഞന്മാരെയും സാമൂഹ്യപ്രവർത്തകരെയും ഇല്ലായ്മചെയ്യുന്നതിലുള്ള പ്രേരകശക്തിയായി വർത്തിക്കുന്നത് ആർഎസ്എസ്-ബിജെപി-സംഘപരിവാർ സംഘടനകളുടെ കടുത്ത ഹിന്ദുവർഗ്ഗീയ വീക്ഷണങ്ങളും പ്രബോധനങ്ങളുമാണ്. പ്രസംഗിക്കുവാനും ആശയപ്രകാശനം നടത്തുവാനും ഭരണഘടന ഉറപ്പുനൽകുന്ന സ്വാതന്ത്ര്യത്തെ അവർ അങ്ങനെ നിർലജ്ജം തട്ടിത്തെറിപ്പിക്കുകയും തങ്ങളുടെ ഫാസിസ്റ്റ് മുഖം പ്രകടമാക്കുകയുമാണ്.

മറ്റൊരു രീതിയിൽ പറഞ്ഞാൽ, യുക്തിവാദികളുയർത്തുന്ന എല്ലാ വിഷയങ്ങളിലും ഒരു ചർച്ചയെ അഭിമുഖീകരിക്കേണ്ടിവന്നാൽ തങ്ങൾക്ക് നിലനിൽപ്പില്ലെന്ന് ഹിന്ദുവർഗ്ഗീയവാദികൾക്കറിയാം. ആശയപരമായി ഹിന്ദുത്വ സൈനികദളം പാപ്പരാണ്. ചിന്തയെ ചിട്ടപ്പെടുത്തിയും അന്ധത വളർത്തിയും സത്യത്തെ മറച്ചുവയ്ക്കുകയും മതത്തെ ഉപയോഗപ്പെടുത്തിക്കൊണ്ട്, കഷ്ടപ്പെടുന്ന ജനങ്ങൾക്കിടയിൽ വിജഭനം ഉണ്ടാക്കി വോട്ടുബാങ്ക് രാഷ്ട്രീയത്തിന് നേട്ടമുണ്ടാക്കുക എന്നതുമാണ് ഹിന്ദുത്വ കാര്യപരിപാടിയെന്ന് ദിവസംചെല്ലുന്തോറും ജനങ്ങൾക്ക് വ്യക്തമായിക്കൊണ്ടിരിക്കുകയാണ്. ജീർണ്ണിച്ച ഹിന്ദുത്വ സിദ്ധാന്തത്തെ എതിർക്കുകയും ശാസ്ത്രീയ യുക്തിചിന്ത ഉയർത്തിപ്പിടിക്കുകയും ചെയ്യുന്നവരെ നിശബ്ദരാക്കാനുള്ള എളുപ്പവഴിയായി അവർ കണ്ടെത്തിയിരിക്കുന്നത് അവരെ ക്രൂരമായി കൊലചെയ്യുകയെന്നതാണ്. ഹിന്ദുമതമൗലികവാദികളായ ബിജെപിയുടെ സർക്കാർ അധികാരത്തിലിരിക്കുമ്പോൾ, യുക്തിവാദികളുടെ തുടർകൊലപാതകങ്ങൾ നടപ്പിലാക്കുന്നത് വളരെ സൗകര്യപ്രദമാണല്ലോ.

### ബംഗ്ലാദേശ് ബ്ലോഗർമാരുടെ സ്ഥിതി

ഇന്ത്യയിലെ കാഴ്ച ഇതാണെങ്കിൽ നമ്മുടെ അയൽരാജ്യമായ ബംഗ്ലാദേശിലേക്ക് ഒന്നു തിരിഞ്ഞുനോക്കാം. അവിടത്തെ കാഴ്ചയും ഒട്ടും വ്യത്യസ്തമല്ല. ചെറുതാണെങ്കിലും ആ രാജ്യത്തെ ബ്ലോഗ് എഴുത്തുകാരുടെ കൂട്ടായ്മ സജീവമാണ്. മതം(ഇസ്ലാമും ഹിന്ദുമതവും ഉൾപ്പെടെ), സമൂഹം, സർക്കാർ, രാഷ്ട്രീയചിന്തകൾ, യുദ്ധക്കുറ്റവിചാരണ എന്നീ വിഷയങ്ങളിലെല്ലാം അവർ നിരന്തരം സംവാദങ്ങൾ സംഘടിപ്പിച്ചുവരുന്നു. ഇത് മതഭ്രാന്തന്മാരുടെ ക്രോധം ക്ഷണിച്ചുവരുത്തി. അമേരിക്കയിലെ ദക്ഷിണ സംസ്ഥാനമായ ജോർജ്ജിയയിലേക്ക് 15 വർഷം മുമ്പ് കുടിയേറിയ അഭിജിത്ത് റായ് തന്റെ 'മുക്തമന' (സ്വതന്ത്രമനസ്സ്) എന്ന ബ്ലോഗ് വഴി ജന്മനാട്ടിൽ സുപരിചിതനാണ്. എല്ലാത്തരത്തിലുമുള്ള മതമൗലികവാദത്തിനെതിരെ അണിനിരന്ന അദ്ദേഹത്തെ രണ്ടു കൊലയാളികൾ കഴിഞ്ഞ ഫെബ്രുവരി 26 ന് ഡാക്കയിലെ തെരുവിൽവച്ച് വെട്ടിക്കൊന്നു. ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ അൽഖയ്ദ ഈ കൊലപാതകത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുത്തു.

എല്ലാവർക്കും അറിയാവുന്നതുപോലെ അൽഖയ്ദ, താലിബാൻ, ഐഎസ്ഐഎസ് എന്നിവയെല്ലാം ഇസ്ലാം മതമൗലികവാദികളാണ്. ഭയചകിതരായ ജനക്കൂട്ടത്തിന്റെ മുന്നിൽവച്ചാണ് അഭിജിത്ത് റായ് കഴുത്തറുക്കപ്പെട്ടതെങ്കിലും, ബാഷിക്കർ റഹ്മാൻ ബാബു എന്ന യുക്തിവാദിയായ ബ്ലോഗർ തന്റെ മതേതര രാജ്യത്ത് മൗലികവാദികൾ സ്വതന്ത്ര ചിന്തയുടെ കഴുത്തറക്കുകയാണെന്ന് അസാമാന്യധൈര്യത്തോടെ രേഖപ്പെടുത്തി. ഉടൻതന്നെ അദ്ദേഹവും കൊലക്കത്തിക്ക് ഇരയായി. മാർച്ച് 30 ന് വീടിനുമുന്നിൽവച്ച് രണ്ട് കൊലയാളികൾ അദ്ദേഹത്തെ വധിക്കുകയായിരുന്നു. ദക്ഷിണേഷ്യയിലെ അൽഖയ്ദയുടെ ഭാഗമായിട്ടുള്ള അൻസാർ അൽ-ഇസ്ലാമുമായി അടുപ്പമുള്ള അൻസാറുള്ള ബംഗ്ലാ ടീമിന്റെ ഒരു സംഘാടകനും നാലു പ്രവർത്തകരും ഈ കേസ്സിൽ കുറ്റാരോപിതരായി.

അടുത്തതായി ജീവൻനൽകേണ്ടിവന്നത് അനന്തബിജോയ് ദാസ് എന്ന മറ്റൊരു ബ്ലോഗർക്കാണ്. മുഖംമൂടിധരിച്ച് മഴുവുമായി വന്ന കൊലയാളി മെയ് 12 ന് അദ്ദേഹത്തെ വധിച്ചു. അൽഖയ്ദയുടെ പ്രാദേശിക വിഭാഗമായ അൻസാർ അൽ-ഇസ്ലാം കൊലപാതകത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുത്തു. ആഗസ്റ്റ് 6 ന്, നിലോയ്നീൽ എന്ന തൂലികാനാമത്തിൽ എഴുതിക്കൊണ്ടിരുന്ന നിലോയ് ചാറ്റർജിയെ ധാക്കയ്ക്കടുത്തുള്ള അദ്ദേഹത്തിന്റെ ഫ്ളാറ്റിൽ അതിക്രമിച്ച് കടന്ന അക്രമികൾ ക്രൂരമായി കൊലപ്പെടുത്തി. പള്ളികളിൽ ബോംബെറിഞ്ഞ് നിരപരാധികളായ സാധാരണക്കാരെ കൊന്നൊടുക്കുന്ന മതതീവ്രവാദത്തിന്റെ വിമർശകനായിരുന്നു അദ്ദേഹം. രണ്ട് അപരിചിതർ തന്നെ സ്ഥിരമായി പിന്തുടർന്നുവരുന്നവിവരം ഭരണാധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുവാനായി ഈയിടെ ഫെയ്സ്ബുക്കിൽ അദ്ദേഹം കുറിച്ചിരുന്നു. ഇക്കാര്യത്തിൽ പോലീസിനെ കണ്ടെങ്കിലും പരാതി രേഖപ്പെടുത്തുവാൻ അവർ തയ്യാറായില്ല എന്നും അദ്ദേഹം രേഖപ്പെടുത്തിയിരുന്നു.

പ്രൊഫസർ ഹുമയൂൺ ആസാദ്, അഹമ്മദ് റജീബ് ഹൈദർ, എകെഎം സഫിയുൾ ഇസ്ലാം ഉൾപ്പെടെയുള്ള നിരവധിയായ ബ്ലോഗെഴുത്തുകാർ കഴിഞ്ഞ രണ്ടു വർഷങ്ങൾക്കുള്ളിൽ കൊല്ലപ്പെടുകയോ, ദുരൂഹസാഹചര്യത്തിൽ മരിച്ചുകിടക്കുന്നതായി കാണപ്പെടുകയോ ചെയ്തു.'ഞങ്ങൾ മറക്കില്ല, ഞങ്ങൾ പൊറുക്കില്ല' എന്നപേരിൽ യുക്തിവാദികളായ ആക്ടീവിസ്റ്റുകളുടെയും ബ്ലോഗർമാരുടെയും എഴുത്തുകാരുടെയും ഒരു ലിസ്റ്റ് അൻസാറുള്ള ബംഗ്ലാടീം ഇന്റർനെറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. എബിടിയുടെ ഈ ഹിംസാത്മകപ്രവർത്തനങ്ങളെ അൽഖയ്ദ പരസ്യമായി പ്രശംസിക്കുകയും ബ്ലോഗെഴുത്തുകാരുടെ കൊലപാതകത്തിൽ പങ്കുള്ളവരെ 'അന്തർദ്ദേശീയ സമുദായത്തിന്റെ സിംഹങ്ങൾ' എന്ന പേരിൽ പ്രകീർത്തിക്കുകയും ചെയ്തിരുന്നു. എന്നാൽ, "ഞങ്ങളുടെ ആയുധം പേനയാണ്, ആരെയും വേദനിപ്പിക്കാതെ അതുപയോഗിക്കാൻ ഞങ്ങൾക്കറിയാം. തങ്ങളുടെ അവകാശങ്ങളെക്കുറിച്ച് ജനങ്ങളെ ബോദ്ധ്യപ്പെടുത്തുക മാത്രമാണ് ഞങ്ങളുടെ ലക്ഷ്യം. ആർക്കും ജനങ്ങളെ തെറ്റായ കാര്യങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്താൻ കഴിയില്ല."-ഹിറ്റ്ലിസ്റ്റിലുള്ള, യൂറോപ്പിൽ അഭയം തേടാൻ നിർബന്ധിതയായ ബംഗ്ലാദേശ് ബ്ലോഗ് എഴുത്തുകാരി അനന്യ ആസാദിന്റെ വാക്കുകളാണിത്. "എന്നെ ഇവിടെ ആക്രമിക്കുകയില്ലായെന്ന് ഉറപ്പിച്ചുപറയാൻ എനിക്കാവില്ല. മതമൗലികവാദികൾ പറഞ്ഞിരിക്കുന്നത് അവരെന്നെയും കൊല്ലുമെന്നാണ്. ഞാൻ താമസിക്കുന്നത് എവിടെയാണെന്ന് അവർക്ക് അറിയാം. ഭാവിയിൽ എന്തുസംഭവിക്കുമെന്നെനിക്കറിയില്ല. പക്ഷേ, എന്റെ ജീവിതാവസാനംവരെ എഴുതുമെന്ന ഒരുറപ്പ് നൽകാൻ എനിക്ക് കഴിയും"-എന്നവർ അസാമാന്യ ധൈര്യത്തോടെയും മനഃസാന്നിദ്ധ്യത്തോടെയും പറഞ്ഞു.

ഒന്നിനുപിറകെ മറ്റൊന്നായി ബ്ലോഗെഴുത്തുകാർ ക്രൂരമായി കൊല്ലപ്പെട്ടിട്ടും ബംഗ്ലാദേശ് സർക്കാർ എടുക്കുന്ന നിലപാട് ചോദ്യങ്ങൾ ഉയർത്തുന്നുണ്ട്. നിലോയിയുടെ കൊലപാതകത്തെ തുടർന്ന് പോലീസ് ഇൻസ്പെക്ടർ ജനറൽ ബ്ലോഗെഴുത്തുകാരോട് ആവശ്യപ്പെട്ടത് മതവികാരങ്ങളെ മുറിപ്പെടുത്തുന്ന രീതിയിൽ എഴുതരുതെന്നാണ്. ഒരു പത്രസമ്മേളനത്തിൽ അദ്ദേഹം പറഞ്ഞത് ഇപ്രകാരമാണ്: "സ്വതന്ത്രചിന്തകരോട്

(ശേഷം 7-ാം പേജിൽ)

# യുജിസി അംഗീകാരത്തിനായി ടെക്‌നിക്കൽ വിദ്യാർത്ഥികളുടെ സംസ്ഥാന വ്യാപക പ്രക്ഷോഭം




ടെക്നിക്കൽ സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ സംഘടിപ്പിച്ച കൺവൻഷൻ പ്രൊഫ.കെ.അരവിന്ദാക്ഷൻ ഉദ്ഘാടനം ചെയ്യുന്നു.

യുജിസി അംഗീകാരം നഷ്ടപ്പെട്ട് അനിശ്ചിതാവസ്ഥയിലായ കർണ്ണാടക സ്റ്റേറ്റ് ഓപ്പൺ യൂണിവേഴ്സിറ്റി വിദ്യാർത്ഥികളുടെ ഭാവി സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് ടെക്നിക്കൽ സ്റ്റുഡന്റ്സ് ഓർഗനൈസേഷ(ടിഎസ്ഒ)ന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 20 ന് വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും സംസ്ഥാന കൺവൻഷൻ സംഘടിപ്പിച്ചു. എറണാകുളം ആശീർഭവൻ ആഡിറ്റോറിയത്തിൽ ചേർന്ന കൺവൻഷൻ പ്രൊഫ.കെ. അരവിന്ദാക്ഷൻ ഉദ്ഘാടനം ചെയ്തു. ഉന്നതവിദ്യാഭ്യാസമേഖലയിലെ അരാജകത്വം നിറഞ്ഞ അവസ്ഥ ആശങ്ക സൃഷ്ടിക്കുന്നതാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. നാടിന്റെ പുരോഗതിയെയും നന്മയെയും അട്ടിമറിക്കുന്ന രീതിയിൽ ഈ മേഖലയിൽ കള്ളപ്പണക്കാർക്കും തട്ടിപ്പുകാർക്കും കടന്നുകയറാനുള്ള സാഹചര്യമാണ് നിലനിൽക്കുന്നത്. പൊതുസർവ്വകലാശാലകളിൽ നിന്നുപോലും ഉണ്ടാകുന്ന ഉത്തരവാദിത്ത രഹിതമായ നടപടികൾ ലക്ഷക്കണക്കിനു വിദ്യാർത്ഥികളുടെ ഭാവി സ്വപ്നങ്ങളെത്തന്നെ തകർക്കുകയാണ്. കർണ്ണാടക സ്റ്റേറ്റ് ഓപ്പൺ യൂണിവേഴ്സിറ്റിയുടെ കെടുകാര്യസ്ഥതക്ക് കൂട്ടുനിൽക്കുകയും തങ്ങളുടെ സങ്കുചിത താൽപ്പര്യങ്ങൾക്കുവേണ്ടി വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും വഞ്ചിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങൾക്കെതിരെ ശക്തമായ നടപടി ഉണ്ടാവണമെന്ന് സർക്കാരിനോട് അദ്ദേഹം ആവശ്യപ്പെട്ടു.

ടിഎസ്ഒ സംസ്ഥാന രക്ഷാധികാരിയും ജനകീയപ്രതിരോധ സമിതി സംസ്ഥാന സെക്രട്ടറിയുമായ ടി.കെ.സുധീർകുമാർ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാനവ്യാപകമായി രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും സ്ഥാപനങ്ങളെയും സഹകരിപ്പിച്ചുകൊണ്ട് ശക്തമായ സമർദ്ദം യൂണിവേഴ്സിറ്റിയിൽ ചെലുത്തേണ്ടതുണ്ടെന്ന് അദ്ദേഹം പറഞ്ഞു. കേന്ദ്ര-സംസ്ഥാന സർക്കാരുകളും യുജിസിയും അനുകൂലമായി നിലപാടെടുക്കുമ്പോൾ യൂണിവേഴ്സിറ്റിയുടെ ദുരുദ്ദേശപരമായ നടപടികൾമൂലം യുജിസി അംഗീകാരം നേടിയെടുക്കാനുള്ള നമ്മുടെ ശ്രമം പാതിവഴിയിലാണ്. അതുകൊണ്ട് യൂണിവേഴ്സിറ്റി ചാൻസലർ ആയ കർണ്ണാടക ഗവർണറുടെ ആസ്ഥാനത്തേയ്ക്ക് ഡിസംബറിൽ സംഘടിപ്പിക്കുന്ന പ്രതിഷേധമാർച്ചും നിവേദന സമർപ്പണവും വിജയിപ്പിക്കാൻ ഏവരും മുന്നിട്ടിറങ്ങാൻ അദ്ദേഹം ആഹ്വാനം ചെയ്തു.

കെ.രജികുമാർ മുഖ്യപ്രസംഗം നടത്തി. സംസ്ഥാന പ്രസിഡന്റ് എൻ.കെ.ബിജു സമരപ്രഖ്യാപനം നടത്തി. സേവ് എജ്യൂക്കേഷൻ കമ്മിറ്റി ദേശീയസമിതിയംഗം ഫ്രാൻസിസ് കളത്തുങ്കൽ, സ്കിൽടെക് ഇൻസ്റ്റിറ്റ്യൂഷൻ ഡയറക്ടർ എസ്.പി.സോമൻ, എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടറി ബിനുബേബി, എഐഡിവൈഒ ദേശീയ സമിതിയംഗം പി.പി.പ്രശാന്ത്കുമാർ, രക്ഷകർത്തൃ സമിതി നേതാക്കളായ ബേബി തോമസ്, ആന്റണി കോയിക്കൽ തുടങ്ങിവർ പ്രസംഗിച്ചു. ടിഎസ്ഒ സംസ്ഥാന സെക്രട്ടറി കെ.പി.സാൽവിൻ സ്വാഗതവും സംസ്ഥാന ജോയിന്റ് സെക്രട്ടറി ആർ.അപർണ്ണ കൃതജ്ഞതയും പറഞ്ഞു.

സംസ്ഥാനത്തെമ്പാടുനിന്നും നൂറുകണക്കിന് രക്ഷിതാക്കളും വിദ്യാർത്ഥികളും കൺവൻഷനിൽ പങ്കെടുത്തു.

കൺവൻഷനുമുന്നോടിയായി ഒക്ടോബർ 12 മുതൽ 17 വരെ സംസ്ഥാനതല വാഹന പ്രചാരണജാഥ വിജയകരമായി സംഘടിപ്പിക്കപ്പെട്ടു.

## ബുദ്ധിജീവികളുടെ അരുംകൊല

(5-ാം പേജിൽ നിന്ന് തുടർച്ച)

എനിക്ക് വളരെയധികം ബഹുമാനമുണ്ട്. പക്ഷേ, മതവികാരങ്ങളെ വ്രണപ്പെടുത്തുന്നത് നമ്മുടെ നിയമപ്രകാരം കുറ്റകരമാണെന്ന കാര്യം ഓർക്കണം". ഹ്യൂമൻ റൈറ്റ്സ് വാച്ച് സർക്കാരിനെ വിമർശിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു: "തങ്ങൾക്കുനേരെയുള്ള ഭീഷണി ചൂണ്ടിക്കാണിച്ചുകൊണ്ട് പോലീസിന് പരാതികൊടുത്തിട്ടുപോലും ബ്ലോഗെഴുത്തുകാരെ സംരക്ഷിക്കാൻ ബംഗ്ലാദേശ് സർക്കാരിനുകഴിഞ്ഞില്ലെന്നുമാത്രമല്ല, സ്വയം സെൻസർഷിപ്പ് ഏർപ്പെടുത്തുവാൻ അവർ എഴുത്തുകാരെ ഉപദേശിക്കുകയും ചെയ്യുന്നത് ഞെട്ടലുളവാക്കുന്ന കാര്യമാണ്.... മതേതര-നിരീശ്വരവാദ എഴുത്തുകാർക്കു നേരെയുണ്ടാകുന്ന ഈ ഒളിയാക്രമണങ്ങൾ അവരെ നിശബ്ദരാക്കുമെന്നുമാത്രമല്ല, മതപരമായ കാര്യങ്ങളിൽ സ്വതന്ത്രമായ അഭിപ്രായം പ്രകടിപ്പിക്കുന്നവരെ പിന്തിരിപ്പിക്കുന്നതുമാണ്... ഈ ക്രൂരമായ ആക്രമണങ്ങൾക്ക് പിന്നിലുള്ളവർക്ക് കടുത്ത ശിക്ഷ ഉറപ്പാക്കുമെന്നും മതസ്വാതന്ത്ര്യത്തെയും അഭിപ്രായസ്വാതന്ത്ര്യത്തെയും ആക്രമിക്കുന്നത് അനുവദിക്കുകയില്ലെന്നും പൊതു പ്രസ്താവന നടത്താൻ സർക്കാർ തയ്യാറാവണം. ഭരണഘടന ഉയർത്തിപ്പിടിക്കുന്നതും ജനങ്ങളുടെ ജീവനും മതസ്വാതന്ത്ര്യവും സംരക്ഷിക്കുന്നതുമാണ് തങ്ങളുടെ ചുമതലയെന്നും അവർ സർക്കാരിനെ ഓർമ്മിപ്പിച്ചു.

**മതമൗലികവാദികളെല്ലാം ഒരേതരക്കാർ**

ഹിന്ദുമതമൗലികവാദികളുടെയോ മുസ്ലീംമതമൗലികവാദികളുടെയോ സമീപനത്തിൽ ഒരു വ്യത്യാസവുമില്ലെന്ന് ഇതിൽനിന്നെല്ലാം വ്യക്തമാണ്. അവർ വ്യത്യസ്തമതങ്ങളെ പിന്തുടരുന്നുവെന്ന് ഭാവിക്കുന്നുണ്ടെങ്കിലും രണ്ടുമതങ്ങളുടെയും അടിസ്ഥാനതത്വങ്ങളോട് രണ്ടുകൂട്ടരും അനാദരവ് കാട്ടുകയാണ്. മതഭ്രാന്തും അസഹിഷ്ണുതയും വളർത്തിയെടുത്തുകൊണ്ട്, എതിർപ്പ് പ്രകടിപ്പിക്കുന്ന എല്ലാവരെയും ക്രൂരമായി കൊന്നൊടുക്കുവാൻ ഏത് മതപ്രവാചകന്മാരാണ് പറഞ്ഞിട്ടുള്ളതെന്ന് നമുക്കറിയില്ല. മൗലികവാദങ്ങൾ അങ്ങനെ പറയുന്നുണ്ടാകാം. പക്ഷേ, മതങ്ങൾ പറയുന്നില്ല. സങ്കുചിത-വിഭാഗീയ-രാഷ്ട്രീയനേട്ടങ്ങൾക്കു വേണ്ടി മാത്രം മതങ്ങളെ ദുരുപയോഗം ചെയ്യുന്നതാണ് മതമൗലികവാദം. യഥാർത്ഥത്തിൽ മൗലികവാദികളായ മതഭ്രാന്തന്മാർ മതങ്ങളെ വികൃതപ്പെടുത്തുകയും ചൂഷകരായ ഭരണമുതലാളിവർഗ്ഗത്തിന്റെ ദാസന്മാരായി പ്രവർത്തിക്കുകയും ചെയ്യുന്നു. യുക്തിചിന്തയുടെ മുനയൊടിക്കേണ്ടതും കാലഹരണപ്പെട്ടതും പിന്നോക്കവുമായ ആശയങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതും അന്ധമായ വിശ്വാസത്തെ പുണരേണ്ടതും മുതലാളിവർഗ്ഗത്തിന്റെ ആവശ്യമാണ്. സർവ്വോപരി മതത്തിന്റെയും മറ്റു ഭിന്നതകളുടെയും പേരിൽ ജനങ്ങൾക്കിടയിൽ അനൈക്യം ഉണ്ടാക്കി, പ്രതിസന്ധിഗ്രസ്ഥവും അഴിമതിയിൽ മുങ്ങിക്കുളിച്ചതുമായ മുതലാളിത്ത ചൂഷണത്തിനെതിരെ പ്രതിഷേധമോ ജനങ്ങളുടെ യോജിച്ച മുന്നേറ്റങ്ങളോ വളരാതെ നോക്കേണ്ടതും മുതലാളിവർഗ്ഗത്തിന്റെ ആവശ്യമാണല്ലോ. ആയതിനാൽ ഇന്ത്യയിലെയും ബംഗ്ലാദേശിലെയും മുതലാളിവർഗ്ഗവും അവരുടെ ദാസന്മാരായ സർക്കാരുകളും, പുരോഗമനചിന്തകരെയും മറ്റും മതഭ്രാന്തന്മാർ കൊലപ്പെടുത്തുമ്പോൾ കാഴ്ചക്കാരായി കൈകെട്ടി നോക്കി നിൽക്കുന്നു. നേരായി ചിന്തിക്കുന്ന പുരോഗമനമനസ്സുള്ള രണ്ടു രാജ്യങ്ങളിലെയും ജനങ്ങൾ ഇത്തരം കൊലപാതകങ്ങൾക്കെതിരെ ശബ്ദമുയർത്തുന്നത് നമുക്ക് പ്രതീക്ഷ നൽകുന്ന കാര്യമാണ്.

ഇന്ത്യയിലെ ഗണ്യമായ എണ്ണംവരുന്ന പ്രമുഖ വ്യക്തിത്വങ്ങൾ തങ്ങൾക്കുകിട്ടിയ അക്കാദമി-പത്മ അവാർഡുകൾ ബിജെപി മന്ത്രിമാരുടെ ഭീഷണിയെയും ആക്ഷേപങ്ങളെയും വകവയ്ക്കാതെ തിരിച്ചുകൊടുത്തുകൊണ്ടിരിക്കുന്നു. മറ്റുപലരും അക്കാദമികളിലെ തങ്ങളുടെ അംഗത്വം രാജിവച്ചിരിക്കുന്നു. അവരെല്ലാവരും നമ്മുടെ ആത്മാർത്ഥമായ പ്രശംസയ്ക്കും അഭിനന്ദനങ്ങൾക്കും അർഹരാണ്. കിരാത നടപടികൾക്കെതിരെയുള്ള പൊതുജനാഭിപ്രായം ശക്തിപ്പെടുത്തിയെടുക്കണം. സംഘടിതവും നീണ്ടുനിൽക്കുന്നതും യുക്തിചിന്തയിലധിഷ്ഠിതവുമായ പ്രസ്ഥാനം വളർത്തിയെടുത്തുകൊണ്ട് ജനാഭിപ്രായങ്ങൾക്ക് മൂർത്ത രൂപം നൽകണം. അങ്ങനെ മാത്രമേ ജനവിരുദ്ധരായ കടുത്ത മതമൗലികവാദികളുടെ കൊലവിളി അവസാനിപ്പിക്കുവാനാകൂ. അതേ സമയം മതമൗലികവാദ-പിന്തിരിപ്പൻ-യാഥാസ്ഥിതിക ചിന്താഗതികൾക്കെതിരെ പുരോഗമന ശാസ്ത്രീയ ചിന്തയും മതേതരചിന്തകളും ജനമനസ്സിൽ സ്വാധീനം ചെലുത്തുവാനായി നിരന്തരവും വിട്ടുവീഴ്ചയില്ലാത്തതുമായ ഒരു ആശയസമരം കെട്ടഴിച്ചുവിടണം.

**ആർഎസ്എസ്– ബിജെപി– സംഘപരിവാർ– ശിവസേന ശക്തികളുടെ ഫാസിസ്റ്റ് ചെയ്തികളിൽ പ്രതിഷേധിച്ചുകൊണ്ട് അവാർഡുകൾ തിരിച്ചുനൽകിയ ബുദ്ധിജീവികളുടെ നടപടിയെ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പ്രശംസിക്കുന്നു. അതോടൊപ്പം വർഗ്ഗീയത – മൗലികവാദം – കപടദേശഭക്തി എന്നിവയുടെ പേരിൽ വർദ്ധിച്ചുവരുന്ന വിപത്തിനെതിരെ യോജിച്ച ഇടതു – ജനാധിപത്യ പ്രസ്ഥാനം കെട്ടിപ്പടുക്കാൻ ആഹ്വാനം ചെയ്യുന്നു.**

*(എസ്‌യുസിഐ(സി) ജനറൽ സെക്രട്ടറി പ്രോവാഷ്ഘോഷ് ഒക്ടോബർ 14ന് പുറപ്പെടുവിച്ച പ്രസ്താവന)*

മൂന്ന് പ്രമുഖ യുക്തിവാദികൾ പട്ടാപ്പകൽ അരുംകൊല ചെയ്യപ്പെട്ടത്, ദാദ്രിയൽ നടന്ന കിരാതമായ കൊലപാതകം, പാകിസ്താനിൽ നിന്നുള്ള പ്രശസ്ത ഗസൽ ഗായകന്റെ സംഗീത പരിപാടി ഭീഷണിപ്പെടുത്തി റദ്ദു ചെയ്യിച്ചത്, പാകിസ്താനിലെ ഒരു മുൻമന്ത്രി രചിച്ച പുസ്തകം പ്രകാശനം ചെയ്യുന്ന ചടങ്ങ് സംഘടിപ്പിച്ചതിന്റെ പേരിൽ ബിജെപിയുടെ മുൻപ്രധാനമന്ത്രിയുടെ സഹായിയുടെ മുഖത്ത് കരിമഷി ഒഴിച്ചത് തുടങ്ങി സമീപകാലത്തുനടന്ന നിരവധി സംഭവങ്ങൾ ഭീതിജനകവും അങ്ങേയറ്റം ആശങ്കാകുലവുമാണ്. ഇത്തരത്തിലുള്ള കൊലപാതകങ്ങളും പൈശാചികമായ അക്രമങ്ങളും വർഗ്ഗീയാഗ്നി ആളിക്കത്തിക്കുന്ന നടപടികളും കടുത്ത വർഗ്ഗീയവാദികളായ ആർഎസ്എസ്–ബിജെപി-സംഘപരിവാർ സംഘങ്ങളും അവരുടെ ഉറ്റ ചങ്ങാതിയായ ശിവസേനയും കാട്ടിക്കൂട്ടുന്ന ഗുണ്ടായിസവുമൊക്കെ വിരൽചൂണ്ടുന്നത് ജനാധിപത്യത്തിന്റെയും ജനാധിപത്യമൂല്യങ്ങളുടെയും തത്വങ്ങളുടെയും കീഴ്‌വഴക്കങ്ങളുടെയും സമ്പൂർണ്ണമായ തകർച്ചയിലേയ്ക്കാണ്. ബിജെപിയുടെ ഉന്നത നേതാക്കളിലൊരാളായ എൽ.കെ.അദ്വാനിക്കു പോലും, കരിമഷി ഒഴിച്ച സംഭവത്തെ ശക്തമായി അപലപിക്കുകയും, അസഹിഷ്ണുത വർദ്ധിച്ചുവരുന്നുവെന്നാണ് സമീപകാലത്തെ പലസംഭവങ്ങളും കാണിക്കുന്നതെന്നും ഇത് ജനാധിപത്യത്തിനെതിരാണെന്നും പറയേണ്ടിവരികയും, ചെയ്യുന്ന സ്ഥിതിയിലാണ് കാര്യങ്ങൾ എത്തിനിൽക്കുന്നത്. മറ്റൊരു അടിയന്തരാവസ്ഥയിലേയ്ക്ക് നയിക്കാവുന്ന സ്ഥിതിയാണ് രാജ്യത്തുള്ളതെന്ന് കഴിഞ്ഞ ജൂൺ മാസത്തിൽ ഇദ്ദേഹം അഭിപ്രായപ്പെട്ടത് ഇവിടെ സ്മരണീയമാണ്. കേന്ദ്രത്തിലും വിവിധ സംസ്ഥാനങ്ങളിലും ബിജെപി ഭരിക്കുന്നു എന്ന ധൈര്യത്തിലാണ് ഹിന്ദുത്വ ഭ്രാന്തൻമാർ രാജ്യത്ത് അഴിഞ്ഞാടുന്നത്. വർഗ്ഗീയവും മൗലികവാദപരവുമായ ചിന്താഗതികൾ ഊട്ടിവളർത്തിയും അന്ധവിശ്വാസങ്ങളും കാലഹരണപ്പെട്ടതും പിന്തിരിപ്പനുമായ ആശയങ്ങളും നിരന്തരം പ്രചരിപ്പിച്ചും ജനങ്ങളുടെ ചിന്താശേഷി മുരടിപ്പിച്ച് അവരെ യന്ത്രമനുഷ്യരാക്കിയും രാജ്യത്തിന്റെ മതേതര മനോഘടനതന്നെ തകർക്കുകയാണിവർ. "ഭാരതീയത്വം" എന്ന പേരിൽ സങ്കുചിത ദേശീയഭ്രാന്ത് വളർത്തി മദ്ധ്യകാല അന്ധകാരത്തിലേയ്ക്ക് രാജ്യത്തെ പിന്നാക്കം കൊണ്ടുപോകുന്നു എന്നതാണ് ഹിന്ദുത്വസേന നടത്തുന്ന കൂടുതൽ അപകടകരമായ നീക്കം. ഇതിന് തടയിടാൻ കഴിഞ്ഞില്ലെങ്കിൽ, ഈ ജനവിരുദ്ധശക്തികൾ കൂടുതൽ സ്വേച്ഛാധികാരത്തോടെ അവരുടെ ദുഷ്ചെയ്തികൾ തുടരുകയും, മർദ്ദകശക്തിയായ കുത്തക മുതലാളിത്ത ഭരണവർഗ്ഗത്തിന് രാജ്യത്തെ ഫാസിസവൽക്കരിക്കുന്നതിനും അതുവഴി സമ്പൂർണ്ണമായ അന്ധകാരത്തിലേയ്ക്ക് നയിക്കുന്നതിനും ഫലപ്രദമായ ഒത്താശകൾ ചെയ്തുകൊടുക്കുകയും ചെയ്യും. നിരവധി പ്രമുഖ വ്യക്തിത്വങ്ങൾ പ്രതിഷേധ സൂചകമായി അക്കാദമി അവാർഡുകളും പത്മ അവാർഡുകളും തിരിച്ചേൽപ്പിക്കുന്നു എന്നത് ഉന്മേഷദായകമായ കാര്യമാണ്. ഫാസിസത്തിന്റെ പൈശാചികമായ കടന്നുവരവിനെതിരെയുള്ള ബുദ്ധിജീവികളുടെ അവസരത്തിനൊത്തുയർന്നുള്ള ഈ നിലപാട് അഭിനന്ദനീയം തന്നെ.

ഇടതു-ജനാധിപത്യശക്തികൾ ഒറ്റക്കെട്ടായിനിന്ന്, ആസന്നമായ വിപത്തിലേയ്ക്ക് ജനങ്ങളുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് രാജ്യവ്യാപകമായി ഒരു വർഗ്ഗീയ വിരുദ്ധ ജനകീയമുന്നേറ്റം വളർത്തിയെടുക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ജനങ്ങളെ ഭിന്നിപ്പിച്ച്, ഒരു വിഭാഗത്തെ മറ്റൊന്നിനെതിരെ അണിനിരത്തി, നാഗരികതയുടെ ഗതിതന്നെ തിരിച്ചുവിടാൻ ഉന്നംവച്ചുള്ള വിഷലിപ്തമായ വർഗ്ഗീയ-മൗലികവാദ-കപടഭാരതീയത്വ ആശയങ്ങളെ ഫലപ്രദമായി ചെറുക്കാൻപോന്ന, തീവ്രമായ ഒരു പ്രത്യയശാസ്ത്ര സമരംകൂടി ഇതോടൊപ്പം കെട്ടഴിച്ച് വിടേണ്ടതുമുണ്ട്.

# ഭീകരമായ ദാദ്രി കൊലപാതകം

# ശക്തമായ വർഗ്ഗീയതാവിരുദ്ധ സംഘടിതമുന്നേറ്റം അനിവാര്യം

സിലിക്കൺ വാലിയിൽ, പ്രധാനമന്ത്രി മോദിയുടെ ഡിജിറ്റൽ ഇന്ത്യ പൊങ്ങച്ചങ്ങൾക്കും ഫോട്ടോയെടുക്കലുകൾക്കും ഒക്കെ ബഹുദൂരം അകലെ, ജനാധിപത്യ ഇന്ത്യ ആൾക്കൂട്ടത്താൽ കശാപ്പു ചെയ്യപ്പെടുകയായിരുന്നു കഴിഞ്ഞ സെപ്റ്റംബർ 28-ന്. ദൽഹിയിൽ നിന്നും കഷ്ടിച്ച് 60 കിലോമീറ്റർ അകലെ, ഉത്തർപ്രദേശിലെ ദാദ്രി ഗ്രാമത്തിൽ, മുഹമ്മദ് അഖ്‌ലഖ് എന്ന 52-കാരനായ കൊല്ലപ്പണിക്കാരനെ, ഒരു ഭ്രാന്തൻ ജനക്കൂട്ടം വീട്ടിൽ നിന്നും വലിച്ചിഴച്ച് പുറത്തിറക്കി, അദ്ദേഹത്തിന്റെ കുടുംബത്തിന്റെ കണ്മുന്നിലിട്ട് തല്ലിക്കൊന്നു. കാരണമോ, അവർ ഗോമാംസം കഴിച്ചുവെന്നും ഫ്രിഡ്ജിൽ സൂക്ഷിച്ചുവെന്നുമുള്ള കിംവദന്തിയുടെ പേരിൽ. വളരെ പെട്ടെന്ന്, കീർത്തനങ്ങൾ മുഴങ്ങിയിരുന്ന സമീപത്തെ അമ്പലത്തിലെ ഉച്ചഭാഷിണിയിൽ നിന്നും ഒരു പൊതു അറിയിപ്പു വന്നു - മുഹമ്മദിന്റെ കുടുംബം ഒരു പശുക്കുട്ടിയെ കൊന്നു ഭക്ഷിച്ചുവത്രേ. നിമിഷങ്ങൾക്കകം വന്യവും മൃഗീയവുമായ ക്രൂരതയാണ് അവിടെ നടമാടിയത്. അദ്ദേഹത്തിന്റെ മകന് ഗുരുതരമായി പരുക്കേൽക്കുകയും, ഡോക്ടർമാർക്ക് ആ ജീവൻ നിലനിർത്താൻ വളരെ പണിപ്പെടേണ്ടതായും വന്നു. അദ്ദേഹത്തിന്റെ ഭാര്യ, 82-കാരിയായ അമ്മ, മകൾ എന്നിവരേപ്പോലും അക്രമികൾ വെറുതേവിട്ടില്ല. സഹായത്തിനായി യാചിച്ചുകൊണ്ട് ഓരോ അയൽവാസിയുടെ അടുത്തും അദ്ദേഹത്തിന്റെ മകൾ ചെന്നുവെങ്കിലും, ഒരാൾ പോലും സഹായിച്ചില്ല. തങ്ങളുടെ ഫ്രിഡ്ജിലിരിക്കുന്നത് ഗോമാംസമല്ല, ആട്ടിറച്ചിയാണെന്ന് അവൾ കേണുപറഞ്ഞെങ്കിലും അക്രമികൾ ചെവിക്കൊണ്ടില്ല, അവർക്കു മേലുള്ള കോപത്തിനും ശാരീരികാക്രമണങ്ങൾക്കും കുറവുണ്ടായില്ല.

**ഗോ**മാംസം കഴിക്കുന്ന നിരവധി ഹിന്ദുക്കൾ ഇന്ത്യയിലുണ്ട്. എന്നാൽ കൊല്ലുന്നതു പോയിട്ട്, അവർക്കാർക്കും ഭീഷണിയേയും ശല്ല്യപ്പെടുത്തലിനേയും ഭയക്കേണ്ടതില്ല. പ്രാദേശിക ബിജെപി നേതാവിന്റെ മകൻ നയിച്ചു എന്നു പറയപ്പെടുന്ന, വെറി പിടിച്ച ആ ഹിന്ദുത്വ അക്രമികൾക്കു ചോര, മുസ്ലിം ചോര തന്നെയായിരുന്ന വേണ്ടിയിരുന്നതെന്നാണ് വ്യക്തമാകുന്നത്. അവിടെ, മാട്ടിറച്ചിയാണോ ആട്ടിറച്ചിയാണോ കഴിച്ചത് എന്ന ചെറിയ വിവരമൊന്നും പ്രധാനമാകുന്നേയില്ല. ഇവിടെ ശ്രദ്ധിക്കേണ്ട പ്രധാന കാര്യം, ഹിന്ദുക്കളെന്നു സ്വയം പറഞ്ഞ രണ്ടു ചെറുപ്പക്കാരുടെ സമ്മർദ്ദം മൂലമാണ് കള്ളത്തരം പറയാൻ താൻ നിർബന്ധിതനായതെന്നാണ് അമ്പലത്തിലെ പൂജാരി വെളിപ്പെടുത്തിയത്. അപ്പോൾ, ഈ ക്രൂരമായ കൊലപാതകം തികച്ചും ആസൂത്രിതമായിരുന്നു. മതപ്രമാണങ്ങൾക്കു മേൽ, ജനത്തെ ഭക്ഷണശീലങ്ങളുടെ പേരിൽ വിഭജിക്കുന്ന ഹീന പ്രചാരണത്തിന്റെ പേരിൽ ഒരാൾ കൊല്ലപ്പെടുന്നത് മുമ്പുണ്ടാകാത്ത സംഭവമാണ്. വ്യക്തമായും ഈ ഹീനമായ ആക്രമണത്തിന്റെ ലക്ഷ്യം ഒരു വർഗ്ഗീയസംഘർഷം സൃഷ്ടിക്കുകയെന്നതാണ്. ക്രൂരമായ മുതലാളിത്ത ചൂഷണത്തിനെതിരേ അധ്വാനിക്കുന്ന ജനങ്ങളുടെ സംഘടിതമുന്നേറ്റം വികസിക്കുവാനുള്ള സാധ്യതകളെ അട്ടിമറിക്കുവാനും, സങ്കുചിത തെരഞ്ഞെടുപ്പു വിജയങ്ങൾക്കുവേണ്ടിയും രാജ്യത്തെ വർഗ്ഗീയമായി ധ്രുവീകരിക്കുകയെന്നത്, ഏക അജണ്ടയായി ഏറ്റെടുത്തിരിക്കുകയാണ് ബിജെപിയും ആർഎസ്എസ്സും അടങ്ങുന്ന സംഘപരിവാർ. അതായത്, കൃത്രിമമായി സ്ഥാപിക്കപ്പെടുന്ന സംഭവങ്ങളിലൂടെ വർഗ്ഗീയത ആളിക്കത്തിക്കുവാനുള്ള ചിട്ടയൊപ്പിച്ച, ആസൂത്രിതമായ തന്ത്രം നടപ്പാവുന്നു. ഉത്തർപ്രദേശിലെ ഒരു ചെറുപട്ടണത്തിൽ, ഹിന്ദു ക്ഷേത്രത്തിലേക്ക് ഗോമാംസം വലിച്ചെറിയുന്നതിനിടെ ജനങ്ങൾ പിടികൂടിയ, ആർഎസ്എസ് അംഗമെന്ന് ആരോപിക്കപ്പെടുന്ന, ബുർഖ ധരിച്ച ഒരാളുടെ ചിത്രങ്ങൾ ദാദ്രി സംഭവത്തിനു ശേഷം ഫേസ്ബുക്കിലും ട്വിറ്ററിലുമെല്ലാം വ്യാപകമായി പ്രചരിച്ചിരുന്നു. വർഗ്ഗീയസംഘർഷങ്ങൾ സൃഷ്ടിക്കുവാനായി വർഗ്ഗീയഭ്രാന്തന്മാർ ഹിന്ദുക്ഷേത്രങ്ങളിലേക്ക് ഗോമാംസം വലിച്ചെറിയുന്നതും, മസ്ജിദുകൾക്കു മുന്നിൽ പന്നിയിറച്ചി വെക്കുന്നതും മുമ്പും സംഭവിച്ചിട്ടുണ്ട്. ഇവിടെ പരാമർശിക്കേണ്ട മറ്റൊരു വിഷയം, കഴിഞ്ഞ വർഷം ആഗസ്ത് 2-നു, ചത്ത പശുക്കളേയും എരുമകളേയും കടത്തിയെന്ന പേരിൽ ഡൽഹിക്കടുത്തുള്ള നസഫ്ഗർഹ് ഷാവ്‌ല ഗ്രാമത്തിലെ പോലീസ് ചെക്ക് പോസ്റ്റിനടുത്തു വെച്ച്, ബൈക്കിലെത്തിയ അജ്ഞാതരായ അക്രമികൾ ഒരു ട്രക്ക് ഡ്രൈവറെ വെട്ടിക്കൊലപ്പെടുത്തിയതായിരുന്നു. എന്നാൽ പിന്നീട് കണ്ടെത്തിയതോ, 'മുസ്ലീം പശുക്കടത്തുകാരൻ' എന്നു കൊലപാതകികൾ ധരിച്ച ആ ഡ്രൈവർ, വാസ്തവത്തിൽ ശങ്കർകുമാർ എന്ന ഹിന്ദുവായിരുന്നു. സൗത്ത് ഡൽഹി മുൻസിപ്പൽ കോർപ്പറേഷൻ കോൺട്രാക്ടർ ആയ ഇദ്ദേഹം, സമീപത്തെ പശുത്തൊഴുത്തിലെ ചത്ത പശുക്കളേയും എരുമകളേയും അടക്കാനായി കൊണ്ടു പോവുകയായിരുന്നു. ഇത്തരത്തിലാണ് സംഘപരിവാറിലെ മുസ്ലീം വിരുദ്ധ വർഗ്ഗീയവാദികളുടെ ഭ്രാന്ത്. ഇവിടെ രജതരേഖയെന്തെന്നാൽ, അഖ്‌ലഖ് ചോരവാർന്നു മരിക്കുമ്പോൾ, പ്രദേശത്തെ ഹിന്ദു അയൽവാസികൾ തങ്ങളുടെ സുരക്ഷയെ കണക്കാക്കാതെ മുസ്ലീം കൂട്ടുകുടുംബത്തിലെ 70 അംഗങ്ങളെ, ഈ ആയുധധാരികളായ വലിയ സംഘം ഹിന്ദു വർഗ്ഗീയവാദികളുടെ ആക്രമണത്തിൽ നിന്നും മിനിട്ടുകളുടെ വ്യത്യാസത്തിൽ കഷ്ടിച്ചു രക്ഷപെടാൻ സഹായിക്കുകയായിരുന്നു. മനുഷ്യത്വമുള്ള ഈ ഹിന്ദുക്കൾ മുസ്ലീങ്ങളുടെ അനാഥമായ വീടുകളുടെ സുരക്ഷ ഉറപ്പാക്കുകയും ചെയ്തു.



പാലക്കാട് നടന്ന പ്രതിഷേധ പ്രകടനം

ശ്രദ്ധേയമായത്, ഇങ്ങനെ എല്ലാ വർഗ്ഗീയ പ്രകോപനങ്ങളുടേയും കൊലപാതകങ്ങളുടേയും മേൽ പ്രധാനമന്ത്രി മോദി പുലർത്തുന്ന ഗൂഢമായ മൗനമാണ്. താൻ പുലർത്തുന്ന നിഗൂഢമൗനത്തിന്റെ മേലങ്കി ദാദ്രി കൊലപാതകത്തിനു ശേഷവും അദ്ദേഹം അണിഞ്ഞിരുന്നു. അദ്ദേഹത്തിന്റെ വിശ്വസ്തനായ ആഭ്യന്തരമന്ത്രി രാജ്നാഥ് സിംഗ്, എല്ലാവരേയും പ്രീതിപ്പെടുത്താനെന്ന മട്ടിൽ പത്രലേഖകരോടു പറഞ്ഞത്,സംസ്ഥാന സർക്കരാകട്ടെ കേന്ദ്രസർക്കാരാട്ടെ, രാജ്യത്തെ സാമുദായികൈക്യം തകർക്കാൻ ശ്രമിക്കുന്നവർക്കെതിരേ ശക്തമായ നടപടിയുണ്ടാകുമെന്നാണ്. പക്ഷേ, നാളിതുവരെ കുറ്റകൃത്യത്തിലെ മുഖ്യപ്രതിയെ കസ്റ്റഡിയിലെടുത്തിട്ടില്ല എന്ന വസ്തുത തെളിയിക്കുന്നത്, ഇത് വെറും വാചാടോപം മാത്രമാണ് ഒരു താക്കീതു പോലുമല്ല എന്നാണ്. ഏതാനും പേരെ പ്രതികൾ എന്ന പേരിൽ അറസ്റ്റ് ചെയ്തിട്ടുണ്ടെങ്കിലും, അവർക്കെതിരേ എന്തെങ്കിലും നടപടി ഉണ്ടാകുമോ, അതോ സമാനമായ മറ്റു പല വർഗ്ഗീയ കൊലപാതക ക്കേസുകളിലേയും പോലെ, തെളിവില്ല എന്ന പേരിൽ അവരെ വെറുതേ വിടുമോ എന്നത് വരുംകാലേ അറിയാം. ഇപ്പോൾത്തന്നെ, ബിജെപിയുടെ ഒരു മുൻ എംഎൽഎ പ്രഖ്യാപിച്ചിരിക്കുന്നത്, ഗോമാംസം കഴിക്കുക എന്ന നിഷ്ഠുര കുറ്റകൃത്യം കണ്ട് കലികൊള്ളുക മാത്രം ചെയ്ത "നിരപരാധികളായ കുട്ടികളാണ്" ദാദ്രി കൊലപാതകത്തിൽ അറസ്റ്റിലായതെന്നാണ്. അഖ്‌ലഖിന്റെ കൊലപാതകത്തിൽ "നിരപരാധികളെ അകപ്പെടുത്തിയാൽ തക്ക മറുപടി നൽകു"മെന്നാണ് ബിജെപി നിയമസഭാംഗവും മുസഫർനഗർ കലാപത്തിലെ പ്രതിയുമായ സംഗീത് സോം ഭീഷണിപ്പെടുത്തിയിരിക്കുന്നത്. ബിജെപി നേതാവും കേന്ദ്ര സാംസ്കാരികവകുപ്പു മന്ത്രിയുമായ മഹേഷ് ശർമ, തന്റെ അധഃപതനം വെളിവാക്കിക്കൊണ്ട്, അഖ്‌ലഖിന്റെ കൊലപാതകത്തെ ന്യായീകരിച്ചു വാദിച്ചത്, അദ്ദേഹത്തെ കൊലപ്പെടുത്തിയ ആൾക്കൂട്ടം വാസ്തവത്തിൽ സംസ്കാരമുള്ളവരായിരുന്നു; കാരണം അവർ അദ്ദേഹത്തിന്റെ 17 വയസ്സുള്ള മകളുടെ ദേഹത്തു കൈവെച്ചില്ലത്രേ. മറ്റൊരു മുൻ ബിജെപി നിയമസഭാംഗം, നവാബ് സിംഗ് നഗർ പറഞ്ഞതാകട്ടെ, പ്രമുഖരായ താക്കൂർമാരുടെ വികാരങ്ങളെ വ്രണപ്പെടുത്തുന്നവർ അതിന്റെ അനന്തര ഫലങ്ങളെക്കുറിച്ച് ഓർക്കണം എന്നാണ്. പ്രാദേശിക ബിജെപി നേതാവ് വിചിത്ര തോമാറിനാകട്ടെ നിരപരാധികളായ ന്യൂമുസ്ലീമുകളെ കൊന്നവരേയല്ല, മറിച്ച് പശുവിനെ കൊന്നവരെ അറസ്റ്റ് ചെയ്യണമെന്നതാണ് ആവശ്യം. ബിജെപിയുടെ പടിഞ്ഞാറൻ യുപി യൂണിറ്റിന്റെ വൈസ് പ്രസിഡന്റ് ശ്രീചന്ദ് ശർമ പറയുന്നത്, ഹിന്ദു വികാരങ്ങളെ മുസ്ലീമുകൾ മാനിക്കുന്നില്ലെങ്കിൽ അക്രമം ഒഴിവാനാവില്ലെന്നാണ്. ഈ ഹീനമായ കൊലപാതകത്തെച്ചുറ്റി, വർഗ്ഗീയ വികാരം ഉയരങ്ങളിൽ എത്തിക്കുവാനായി ഇതിനോടകം തന്നെ ബിജെപി നേതാക്കളും മന്ത്രിമാരും ജനപ്രതിനിധികളും രംഗത്തിറങ്ങിക്കഴിഞ്ഞു. 'ഘർ വാപസി' എന്ന പേരിൽ, മുസ്ലീം-ക്രിസ്ത്യൻ മതവിശ്വാസികളെ ഭീഷണിപ്പെടുത്തി ഹിന്ദു മതത്തിലേക്ക് മതം മാറ്റുന്നതിൽ ഉത്സാഹം കാട്ടിയ കുപ്രസിദ്ധനായ ബിജെപി എംപി, യോഗി ആദിത്യനാഥിന്റെ നേതൃത്വത്തിലുള്ള സംഘം, ബിസദ ഗ്രാമത്തിലുള്ള ഹിന്ദുക്കൾക്ക് തോക്കുകളടക്കമുള്ള എല്ലാ സഹായവും പരസ്യമായിത്തന്നെ വാഗ്ദാനം ചെയ്തിരിക്കുകയാണ്. 2013-ൽ ഭീകരമായ വർഗ്ഗീയ ലഹളകൾ കീറിമുറിച്ച മുസ്സഫർനഗറിൽ, പൊതുതെരഞ്ഞെടുപ്പിനു മുമ്പായി വിദ്വേഷ പ്രസംഗം നടത്തിയതിൽ കുറ്റാരോപിതനാണ് ഇയാൾ. സാക്ഷി മഹാരാജ് എന്ന മറ്റൊരു വർഗ്ഗീയഭ്രാന്തു ബാധിച്ച ബിജെപി എംപി, എരിതീയിൽ എണ്ണയൊഴിച്ചു കൊണ്ടു പറഞ്ഞത് ഇങ്ങനെയാണ്, "ഞങ്ങളുടെ അമ്മയെ ആരെങ്കിലും കൊല്ലാൻ ശ്രമിച്ചാൽ ഞങ്ങൾ മിണ്ടാതിരിക്കില്ല. കൊല്ലാനും കൊല്ലപ്പെടാനും ഞങ്ങൾ തയ്യാറാണ്." ജനങ്ങളുടെ ഈ കൊടിയ ശത്രുക്കൾക്ക്, മനുഷ്യജീവനേക്കാൾ വിലയുണ്ട് ഒരു പശുവിന്റെ ജീവനെന്ന് അവകാശപ്പെടാനും മടിയില്ല. 2002- ൽ, ഹരിയാനയിലെ ഝാജ്ജറിൽ പിന്നോക്ക ദലിത് കുടുംബങ്ങളിൽപ്പെട്ട 5 പേരെ ഉയർന്ന ജാതിക്കാരും സമ്പന്നരുമായ ഹിന്ദുക്കൾ പിന്തുണക്കുന്ന ഭ്രാന്തചിത്തരായ ആൾക്കൂട്ടം വെട്ടിക്കൊലപ്പെടുത്തുകയുണ്ടായി. സംഘ്പരിവാറിന്റെ മുതിർന്ന അംഗവും വിഎച്ച്പിയുടെ നേതാവുമായ ഗിരിരാജ് കിഷോർ, ആ ദലിതരുടെ ജീവനേക്കാൾ പ്രധാനമാണോ ഒരു പശുവിന്റെ ജീവൻ എന്ന ചോദ്യത്തിന് ഉത്തരം തന്നിരുന്നു. "ഞങ്ങളുടെ ശാസ്ത്രങ്ങൾ പ്രകാരം പശുവിന്റെ ജീവിതം വളരെ അമൂല്യമാണ്." ഹിന്ദുത്വവക്താക്കളുടെ നിലപാടുകളിലെ വഞ്ചനയുടെ അതിരാണിത്. അവരുടെ എല്ലാ ശ്രമവും, കൂടിച്ചേരാൻ ബുദ്ധിമുട്ടുള്ളത്ര ആഴത്തിൽ രണ്ടു സമുദായങ്ങൾക്കിടയിൽ വിള്ളലുകളുണ്ടാക്കാനാണ്.


കണ്ണൂരിൽ നടന്ന പ്രതിഷേധയോഗത്തിൽ സഖാവ് എൻ.കെ.ബിജു പ്രസംഗിക്കുന്നു

ഇവിടെ പ്രസക്തമായത്, അഖ്‌ലഖിന്റെ കൊലപാതകത്തിന് ആർഎസ്എസ്സും ബിജെപിയുമാണ് കാരണക്കാർ എന്നത് വ്യക്തമാകുമ്പോഴും, സമാജ്‌വാദി പാർട്ടിയുടെ നേതൃത്വത്തിലുള്ള സംസ്ഥാന സർക്കാരിന്

*(ശേഷം 9-ാം പേജിൽ)*

# ഭീകരമായ ദാദ്രി കൊലപാതകം

## ഭക്ഷണം തെരഞ്ഞെടുക്കാനുള്ള പൗരന്റെ അവകാശം അലംഘനീയം

(8-ാം പേജിൽ നിന്ന്)

ഇതിലുള്ള വേഷവും സ്പഷ്ടമാകുകയാണ്. കൊലപാതകികളെ പിടികൂടുന്നതിലും പ്രധാനമായി പോലീസിന് തോന്നിയത്, ഇരയുടെ വീട്ടിൽ നിന്നും കണ്ടെടുത്ത ഇറച്ചി ഫോറൻസിക് പരിശോധനയ്ക്കു വിധേയമാക്കി അത് മാട്ടിറച്ചിയാണോ, ആട്ടിറച്ചിയാണോ എന്നു തെളിയിക്കുകയായിരുന്നു. എല്ലാവർക്കു മറിയാം, പാർലമെന്ററി രാഷ്ട്രീയത്തിലെ നേട്ടങ്ങൾക്കായി ഇന്ത്യൻ മുതലാളിത്തത്തിന്റെ പിന്തുണയുള്ള ആർഎസ്എസ്-ബിജെപിയും അവരുടെ കൂട്ടാളികളും ഹിന്ദുത്വ വർഗ്ഗീയതയുടെ കാർഡ് എടുക്കുമ്പോൾ, സ്ഥാനമോഹികളായ സമാജ്‌വാദി പാർട്ടിയേപ്പോലുള്ള പ്രാദേശിക മുതലാളിത്ത രാഷ്ട്രീയകക്ഷികൾ വോട്ട് അധിഷ്ഠിത അധികാരരാഷ്ട്രീയത്തിൽ പിടിച്ചുനിൽക്കാൻ ജാതിവർഗ്ഗീയതാ കാർഡ് ഉപയോഗിക്കുന്നു. അതുകൊണ്ട്, ഇത്തരം ഹീനസംഭവങ്ങളിലും എതിർ വർഗ്ഗീയതയെ കൂട്ടുപിടിച്ച് നേട്ടമുണ്ടാക്കാൻ ഇത്തരം പാർട്ടികൾ ശ്രമിക്കും. ദാദ്രി കൊലപാതകത്തെ ചുറ്റിപ്പറ്റിയും ഈ വൃത്തികെട്ട രാഷ്ട്രീയം നമുക്കു കാണാം.

ദാദ്രികൊലപാതകത്തെ സംബന്ധിച്ച് ഭയാനകമായ മൗനത്തിലാണെങ്കിലും, ഗോഹത്യയെ സംബന്ധിക്കുന്ന പ്രധാനമന്ത്രി മോദിയുടെ വീക്ഷണം രഹസ്യമൊന്നുമല്ല. ജൈന വ്യാപാരി വ്യവസായികളുടെ ആഗോള സംഘടനയായ ജൈൻ ഇന്റർനാഷണൽ ട്രേഡ് ഓർഗനൈസേഷനെ 2012-ൽ അഭിസംബോധന ചെയ്യുമ്പോൾ, അന്ന് ഗുജറാത്ത് മുഖ്യമന്ത്രിയായിരുന്ന മോദി പറഞ്ഞത്, "കേന്ദ്രസർക്കാരിന്റെ സ്വപ്നം ഇന്ത്യയിൽ പിങ്കുവിപ്ലവം കൊണ്ടുവരുമെന്നും ലോകമൊട്ടാകെ മാംസം കയറ്റിയയ്ക്കുമെന്നുമാണ്. ഈ വർഷം കേന്ദ്രം തന്നെ പ്രഖ്യാപിച്ചിരിക്കുന്നു, ഇന്ത്യ ലോകത്തിലെ ഏറ്റവും വലിയ ബീഫ് കയറ്റുമതി ചെയ്യുന്ന രാജ്യമാണെന്ന്. ഇങ്ങനെയാണോ നമ്മൾ നമ്മെക്കുറിച്ച അഭിമാനിക്കേണ്ടത്? സഹോദരീസഹോദരന്മാരേ, നിങ്ങളേയിതു വിഷമിപ്പിക്കുമോ എന്ന് എനിക്കറിയില്ല. പക്ഷേ എന്റെ ഹൃദയം ഇതിൽ അലമുറയിടുകയാണ്. നിങ്ങളെന്താണ് നിശ്ശബ്ദരായിരിക്കുന്നതെന്ന് എന്ന് എനിക്കു മനസ്സിലാകുന്നില്ല. എന്തിനാണ് ഇത് ഏറ്റുവാങ്ങിക്കിടക്കുന്നത്?" പിങ്ക് വിപ്ലവം എന്നതു കൊണ്ട് അദ്ദേഹം ഉദ്ദേശിച്ചത്, മൃഗങ്ങളുടെ കശാപ്പാണ്, കാരണം അവയുടെ മാംസം പിങ്ക് നിറമാണല്ലോ. തങ്ങളുടെ മുദ്രാവാക്യമായ ഗോവധനിരോധനം ഉയർത്താനും, അന്നത്തെ കോൺഗ്രസ് സർക്കാരിനെ കരിതേക്കാനുമായി ബിജെപി കണ്ടെത്തിയതാണ് ആ പദം. പ്രത്യക്ഷത്തിലല്ലെങ്കിലും, ദാദ്രി കൊലപാതകത്തിനു ശേഷം വർഗ്ഗീയ വികാരം ജ്വലിപ്പിക്കാനുള്ള ആർഎസ്എസ്-ബിജെപി ശ്രമത്തോടു ചേർന്നു നിൽക്കുന്ന രീതിയിൽ മോദിയും അടുത്തിടെ ബീഹാറിലെ തെരഞ്ഞെടുപ്പു പ്രസംഗത്തിൽ, ആർജെഡി നേതാവ് ലാലുപ്രസാദ് യാദവിനേയും അദ്ദേഹത്തിന്റെ യാദവ് ജാതിയേയും പരോക്ഷമായി സൂചിപ്പിച്ചു കൊണ്ട് ഇങ്ങനെ പറഞ്ഞു, "ഞാൻ ദ്വാരക നഗരത്തിൽ നിന്നുമാണ് വരുന്നത്. ദ്വാരകക്ക് യദുവംശവുമായി (യാദവ് ജാതിയെ സൂചിപ്പിച്ചു കൊണ്ട്) നേരിട്ടുള്ള ബന്ധമാണുള്ളത്. അതുകൊണ്ടു തന്നെ എന്നെ ഞെട്ടിക്കുന്നത്, പശുക്കളെ വളർത്തുന്ന, പശുക്കളെ സേവിക്കുന്ന, ശ്രീകൃഷ്ണനെ ആരാധിക്കുന്ന അതേ യാദവരുടെ നേതാക്കൾ, അഭിമാനത്തോടെ പശുക്കളെ കശാപ്പു ചെയ്യുന്നവരുമായി ഒരുമിച്ചു കഴിയുന്നു." വിരോധാഭാസമെന്നോണം, അദ്ദേഹത്തിന്റെ ഭരണത്തിനു കീഴിലും ഇന്ത്യ ലോകത്തെ ഏറ്റവും വലിയ മാട്ടിറച്ചി കയറ്റുമതി രാജ്യങ്ങളിലൊന്നായി തുടരുന്നു. യുപി സംസ്ഥാനത്തു മാത്രം, 317 കശാപ്പുശാലകളും എരുമമാംസത്തിന്റെ 24 കയറ്റുമതി യൂണിറ്റുകളുമുണ്ട്. ഇന്ത്യൻ മാട്ടിറച്ചി കയറ്റുമതിയുടെ 67% ഇവിടെ നിന്നാണ്.പല മാട്ടിറച്ചി വിതരണക്കാരും ഹിന്ദുക്കളാണ്. അതുപോലെ തന്നെ തുകൽ, നെയ്യ്, എല്ല് തുടങ്ങി ഇതുമായി ബന്ധപ്പെട്ട വ്യവസായങ്ങളുടേയും ഉടമസ്ഥരിൽ ഹിന്ദുക്കളുണ്ട്. ഉമ്മീദ്.കോം നടത്തിയ പഠനം സ്ഥാപിക്കുന്നത്, ..സർക്കാരും മുസ്ലീം ഇതരരുമാണ് 450 കോടിയുടെ മാംസവിപണിയിൽ നിന്നും ഏറ്റവും നേട്ടമുണ്ടാക്കുന്നത്. ഏറ്റവും വലിയ 6 മാട്ടിറച്ചി കയറ്റുമതിക്കാരിൽ 4 പേർ ഹിന്ദുക്കളാണ്. ഗോഹത്യയുമായി ബന്ധപ്പെട്ട ഭൂരിഭാഗം വ്യാപാരങ്ങളിലും, അതായത്, ഇറച്ചി കയറ്റുമതി, തുകൽ, എല്ലുപൊടി, തുടങ്ങിയവയിലെല്ലാം മുസ്ലീം ഇതരർക്കാണ് മേൽക്കോയ്മ. മുറിവിന്മേൽ ഉപ്പു തേക്കുന്ന രീതിയിൽ വന്ന മറ്റൊരു വാർത്തയുണ്ട്. മുസഫർനഗർ കലാപത്തിലെ പ്രതിയും, ഗോമാംസവിരുദ്ധ പ്രതിഷേധങ്ങളിലെ മുന്നണിപ്പോരാളിയുമായ ബിജെപിയുടെ ജ്വലിക്കുന്ന എംഎൽഎ സംഗീത് സോമാണ് അൽ ദുവ എന്ന ഇന്ത്യയിലെ വമ്പൻ ഹലാൽ മാംസ കയറ്റുമതി കമ്പനികളിലൊന്നിന്റെ സ്ഥാപകൻ. ഇങ്ങനെ കുറച്ച് ഉദാഹരണങ്ങൾ മാത്രം മതിയാകും ഗോമാംസ വിവാദത്തിനു പിന്നിലെ ആർഎസ്എസ്സിന്റെയും ബിജെപിയുടെയും യഥാർത്ഥ ലക്ഷ്യത്തേയും അവരുടെ നേതാക്കളുടെ കപടനാട്യത്തേയും തുറന്നു കാണിക്കുവാൻ.

ഒരു നിരപരാധിയായ ഇന്ത്യൻ പൗരനെ കൊല്ലുന്നിടത്തോളം എത്തിയ തരത്തിൽ മാട്ടിറച്ചി കഴിക്കുന്ന വിഷയം കൊണ്ടെത്തിച്ച സംഘപരിവാറിന്റെ നീചലക്ഷ്യങ്ങളെ സംബന്ധിച്ച് യാതൊരു സംശയവുമില്ല. അപ്പോഴും, ഗോമാംസം ഭക്ഷിക്കുക എന്നത് ഒരിക്കലും ഹിന്ദുമതത്തിന് വിരുദ്ധമായിരുന്നില്ല എന്നു കൂടി ഞങ്ങൾ ചൂണ്ടിക്കാട്ടട്ടെ. പുരാതന ഹൈന്ദവ ഗ്രന്ഥങ്ങൾ സംശയത്തിനിടയില്ലാതെ തെളിയിക്കുന്നത്, പൗരാണികകാലങ്ങളിൽ ഉന്നത ജാതി ഹിന്ദുക്കളും മഹാമുനിമാരും പോലും ഗോമാംസം കഴിച്ചിരുന്നു എന്നാണ്. ചരിത്രകാരന്മാർ പറയുന്നത്, വേദങ്ങളിലെ പശുസ്നേഹം എന്നത്, ഭക്ഷണത്തിനായി കൊല്ലുന്നതടക്കമുള്ള, അതിന്റെ എല്ലാ ഗുണപരമായ ഉപയോഗങ്ങളുടേയും പേരിലാണ്. മഹാഭാരത ഇതിഹാസത്തിൽ കാണുന്നത്, വളരെ ഉദാരമതിയായ ഒരു രാജാവ്, തന്റെ അതിഥികൾക്കായി ദിവസവും 20100 കന്നുകാലികളെ കശാപ്പു ചെയ്യുന്നു എന്നാണ്. ഏ.ഡി.എട്ടാം ശതകത്തിൽ എഴുതപ്പെട്ട ഉത്തരരാമചരിതം എന്ന ഭവഭൂതിയുടെ പ്രശസ്തമായ നാടകത്തിൽ, അയോധ്യയിലെ ആശ്രമകുമാരന്മാരായ സൗദാഹതകിയും ധൻദയനുമായി നടത്തുന്ന ഒരു സംഭാഷണമുണ്ട്. ആചാരമനുസരിച്ച് തൈരിനും തേനിനുമൊപ്പം മാംസവും വിളമ്പിയിരുന്നു. അതിനായി ഓരോ ആതിഥേയനും ഒരു പശുക്കുട്ടിയേയോ, കാളയേയോ, ആടിനേയോ അതിഥിയായി വരുന്ന ബ്രാഹ്മണനു ദാനം ചെയ്യും. ഇത് വിശുദ്ധ നിയമങ്ങളിൽ പറഞ്ഞിട്ടുണ്ട. ഇന്ത്യാഫാക്റ്റ്സ്.കോമിൽ, എസ്.ഗണേഷും ഹരി രവികുമാറും ചേർന്നെഴുതിയ ഭക്ഷണപാനീയങ്ങൾ ഹിന്ദു വീക്ഷണത്തിൽ എന്ന പഠനം, വേദഗ്രന്ഥങ്ങൾ പശുവിനെ വിലമതിക്കുമ്പോൾ തന്നെ, കാളകളേയും മച്ചിപ്പശുക്കളേയുമൊക്കെ ഭക്ഷണത്തിനായി ഉപയോഗിക്കുന്നതിൽ ഒരു തെറ്റും കാണുന്നുമില്ല, എന്ന വസ്തുതയിലേക്ക് നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുന്നു. സ്വാമി വിവേകാനന്ദന്റെ കൃതികളിലും ഈ വീക്ഷണത്തിനുള്ള അംഗീകാരം നമുക്കു കാണാം. അദ്ദേഹം പറയുന്നു, "അറിയുമ്പോൾ നിങ്ങൾ അത്ഭുതപ്പെടാം, പ്രാചീന ഹൈന്ദവ ആചാരങ്ങളനുസരിച്ച് ഗോമാംസം കഴിക്കാതെ ഒരാൾക്ക് നല്ല ഹിന്ദുവാകാൻ കഴിയില്ലായിരുന്നു". (സമാഹൃത കൃതികൾ- മൂന്നാം വോള്യം) ഞങ്ങൾ ഈ ഉദാഹരണങ്ങൾ ചൂണ്ടി

(ശേഷം 12-ാം പേജിൽ)




കോഴിക്കോട് നടന്ന പ്രതിഷേധ പ്രകടനം

## ഹരിയാന സംഭവത്തിൽ പ്രതിഷേധിച്ചു

ഹരിയാനയിൽ ദളിത് കുടുംബത്തെ ആക്രമിച്ച് 2 കുട്ടികളെ ജീവനോടെ ചുട്ടുകൊന്ന സംഭവത്തിൽ പ്രതിഷേധിച്ച് എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാന വ്യാപകമായി പ്രതിഷേധപരിപാടികൾ സംഘടിപ്പിച്ചു.

ആലപ്പുഴ ജില്ലാകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 22 ന് നഗരത്തിൽ പ്രകടനം നടത്തി. ആലപ്പുഴ ബോട്ട് ജെട്ടിക്ക് സമീപം തുടർന്നു നടന്ന പ്രതിഷേധയോഗം പാർട്ടി ജില്ലാ കമ്മിറ്റിയംഗം അഡ്വ.എം.എ.ബിന്ദു ഉദ്ഘാടനം ചെയ്തു. ആലപ്പുഴ ടൗൺ ലോക്കൽ കമ്മിറ്റിയംഗം സഖാവ് ടി.ഷിജിൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാ നേതാക്കളായ സഖാക്കൾ എൻ.കെ.ശശികുമാർ, പി.ആർ.സതീശൻ, കെ.പി.മനോഹരൻ എന്നിവർ പ്രസംഗിച്ചു. ടി.ആർ.രാജിമോൾ കൃതജ്ഞത പറഞ്ഞു.

എസ്‌യുസിഐ(സി) കണ്ണൂർ ജില്ലാകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 23 ന് കണ്ണൂർ മുൻസിപ്പൽ ബസ് സ്റ്റാൻഡിൽവെച്ച് പ്രതിഷേധയോഗം നടന്നു. എസ്‌യുസിഐ(സി) കണ്ണൂർ ജില്ലാ സെക്രട്ടറി സഖാവ് കെ.കെ.സുരേഷിന്റെ അദ്ധ്യക്ഷതയിൽ നടന്ന പ്രതിഷേധയോഗം ജില്ലാകമ്മിറ്റിയംഗം ഡോ.ഡി.സുരേന്ദ്രനാഥ് ഉദ്ഘാടനം ചെയ്തു. എഐഡിവൈഒ സംസ്ഥാന സെക്രട്ടറി സഖാവ് എൻ.കെ.ബിജു മുഖ്യ പ്രഭാഷണം നടത്തി. എസ്‌യുസിഐ(സി) ജില്ലാ കമ്മിറ്റിയംഗം സഖാവ് പോൾ ടി.സാമുവൽ സ്വാഗതം പറഞ്ഞു.

എറണാകുളം ജില്ലയിൽ ഒക്ടോബർ 22 ന് അങ്കമാലിയിലും തൃപ്പൂണിത്തുറയിലും പ്രതിഷേധപ്രകടനങ്ങളും യോഗങ്ങളും നടന്നു. തൃപ്പൂണിത്തുറ ടൗണിൽ പ്രകടനത്തിനുശേഷം നടന്ന യോഗത്തിൽ പാർട്ടി ജില്ലാ സെക്രട്ടേറിയറ്റംഗം സഖാവ് പി.എം.ദിനേശൻ മുഖ്യപ്രസംഗം നടത്തി. ലോക്കൽ സെക്രട്ടറി സഖാവ് സി.ബി.അശോകൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാ കമ്മിറ്റിയംഗങ്ങളായ സഖാക്കൾ കെ.ഒ.ഷാൻ, കെ.ഒ.സുധീർ എന്നിവർ പ്രസംഗിച്ചു. സഖാക്കൾ സി.കെ.രാജേന്ദ്രൻ, കെ.എ.സതീശൻ, എൻ.എൻ.സിന്ധു, സാനു നാഥ്, ടി.എ.വേലപ്പൻ, കെ.കെ.ഭരതൻ, ടി.എ.വിനു എന്നിവർ നേതൃത്വം നൽകി.



തൃപ്പൂണിത്തുറയിൽ നടന്ന പ്രതിഷേധയോഗത്തിൽ സ. പി.എം.ദിനേശൻ പ്രസംഗിക്കുന്നു

അങ്കമാലിയിൽ കെഎസ്ആർടിസി ബസ്സ്റ്റാൻഡിനുമുന്നിൽ നടന്ന യോഗത്തിൽ ജില്ലാ കമ്മിറ്റിയംഗങ്ങളായ സഖാക്കൾ പി.പി.അഗസ്റ്റിൻ, കെ.കെ.ശോഭ, ലോക്കൽ കമ്മിറ്റി സെക്രട്ടറി സഖാവ് കെ.സി.ജയൻ എന്നിവർ പ്രസംഗിച്ചു. പ്രകടനത്തിന് സഖാക്കൾ എം.കെ.തങ്കപ്പൻ, ബി.പി.ബിന്ദു, എം.കെ.കാഞ്ചനവല്ലി, ടി.കെ.മോഹനനൻ, എം.വി.വിജയകുമാർ, എ.ബ്രഹ്മകുമാർ, കെ.പി.പരമേശ്വരൻ, പി.വി.രജീഷ്, കെ.സി.ജ്യോതിലക്ഷ്മി തുടങ്ങിയവർ നേതൃത്വം നൽകി.



അങ്കമാലിയിൽ നടന്ന പ്രതിഷേധപ്രകടനം

# ശ്രീനാരായണഗുരുവും കമ്മ്യൂണിസ്റ്റുകളും

# നവോത്ഥാന മൂല്യങ്ങൾ സ്വാംശീകരിക്കുന്നതിൽ പോലും സിപിഐ പ്രസ്ഥാനം പരാജയപ്പെട്ടു

(1-ാം പേജിൽ നിന്ന്)

ത്തിന്റെയും മനോഭാവമുണർത്താൻ അദ്ദേഹത്തിന് സാധിച്ചു. അദ്ദേഹം രാജ്യത്തെ തട്ടിയുണർത്തിയത് എന്തിന്റെയടിസ്ഥാനത്തിലാണോ ആ രാജ്യസ്നേഹവും ദേശാഭിമാനവും വേദാന്തദർശനത്തിലും പ്രാചീനഭാരതത്തിന്റെ ആത്മാഭിമാനത്തിലും അധിഷ്ഠിതമായിരുന്നു." (An Evaluation of Saratchandra, Selected Works, Vol.3)

ഇൻഡ്യൻ നവോത്ഥാനത്തിന്റെ ഈ സവിശേഷതയ്ക്കുള്ള ചരിത്രപരമായ കാരണങ്ങൾ ചൂണ്ടിക്കാട്ടിക്കൊണ്ട് അദ്ദേഹം പറഞ്ഞു: "ബൂർഷ്വാ ജനാധിപത്യവിപ്ലവത്തിന്റെ കാലഘട്ടത്തിൽ, ആ വിപ്ലവത്തിന് അനുരോധമായാണ് ബൂർഷ്വാ മാനവവാദമെന്ന ആദർശം ജന്മമെടുത്തത്. അതുകൊണ്ടാണ് അക്കാലത്ത് മാനവവാദചിന്തകളും ആശയങ്ങളും വിപ്ലവകരമായിരുന്നത്. ബൂർഷ്വാ ജനാധിപത്യവിപ്ലവം ഫ്യൂഡൽവ്യവസ്ഥിതിയെ തൂത്തെറിഞ്ഞു. സ്വകാര്യസ്വത്തിലും സ്വകാര്യഉടമസ്ഥതയിലും അധിഷ്ഠിതമായി ഉൽപ്പാദനോപാധികളിലും ഉൽപ്പാദനബന്ധങ്ങളിലും വിപ്ലവകരമായ മാറ്റം വരുത്തി. ആ അർത്ഥത്തിൽ അത് വ്യക്തിയുടെ സ്വാതന്ത്ര്യത്തിനും വികാസത്തിനും വേണ്ടിയുള്ള വിപ്ലവമായിരുന്നു. അതിനാൽ ആ വിപ്ലവം ബൂർഷ്വാ അർത്ഥത്തിലുള്ള സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം തുടങ്ങിയ മുദ്രാവാക്യങ്ങളുയർത്തിക്കൊണ്ട് എല്ലാത്തരത്തിലുമുള്ള പഴഞ്ചൻ മതധാരണകൾക്കും സാമൂഹ്യമുൻവിധികൾക്കുമെതിരെ വിട്ടുവീഴ്ചയില്ലാതെ പൊരുതി. അത് പള്ളിയുടെ ആധിപത്യത്തെ തകർത്തു. അടിയാന്മാരെ മോചിപ്പിച്ചു. വ്യക്തിസ്വാതന്ത്ര്യം സ്ഥാപിച്ചു. സ്ത്രീത്വത്തെ മോചിപ്പിച്ചു. മാനവവാദം ബൂർഷ്വാസിയുടെ പ്രത്യയശാസ്ത്രമാണെങ്കിലും അന്നത് സ്വാഭാവികമായും വിപ്ലവകരമായിരുന്നു. അവർ ദേശീയരാഷ്ട്രവും രാജ്യത്ത് ജനാധിപത്യവ്യവസ്ഥിതിയും സ്ഥാപിച്ചു. വ്യക്തിസ്വാതന്ത്ര്യവും സ്ത്രീയുടെ വിമോചനവും ഉറപ്പുവരുത്തി. സാങ്കേതികവിജ്ഞാനത്തിന്റെ രംഗത്തും കൃഷിയെ ആധുനികവൽക്കരിക്കുന്ന കാര്യത്തിലും മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്തത്ര പുരോഗതി കൊണ്ടുവന്നു. അതിലൂടെയെല്ലാം അവർ സാമൂഹ്യ-സാമ്പത്തിക ജീവിതത്തിൽ വിപ്ലവകരമായ പരിവർത്തനങ്ങൾ വരുത്തി".

"എന്നാൽ, ജനാധിപത്യത്തിന്റെ പേരിൽ അവർ സ്ഥാപിച്ചത് ബൂർഷ്വാ വർഗ്ഗഭരണമായിരുന്നു. ഉൽപ്പാദനോപാധികളുടെ മേലുള്ള സ്വകാര്യ ഉടമസ്ഥതയിൽ അധിഷ്ഠിതമായ സാമൂഹ്യവ്യവസ്ഥിതിയായിരുന്നു. ചൂഷണപരമായ മുതലാളിത്ത വ്യവസ്ഥിതി. അതിനാൽ, ഏതാനും ചുവടുകൾ മുന്നേറിക്കഴിഞ്ഞ് അവർ, തങ്ങൾ ആരെയൊക്കെ ജന്മിത്തത്തിന്റെ നുകത്തിൻ കീഴിൽനിന്ന് മോചിപ്പിച്ചത് അതേ ജനങ്ങളെത്തന്നെ പിഴിഞ്ഞൂറ്റി അവരുടെ ക്രയശേഷി ചുരുക്കാൻ തുടങ്ങി. ക്രമേണ അവർ കുത്തകമൂലധനത്തിനും ജന്മം നൽകി. കുത്തകമൂലധനത്തിന് ജന്മം നൽകപ്പെട്ടതോടെ അത് വിപണിയിൽ പ്രതിസന്ധി സൃഷ്ടിക്കുകയും, വിദേശത്തേയ്ക്ക് കമ്പോളം വികസിപ്പിക്കേണ്ടത് അനിവാര്യതയാക്കിത്തീർക്കുകയും ചെയ്തു... അങ്ങനെ മുതലാളിത്തം സാർവ്വലൗകിക സ്വഭാവമാർജ്ജിക്കുകയും സാമ്രാജ്യത്വത്തിന് ജന്മം നൽകുകയും ചെയ്യുന്നു. മുതലാളിത്തത്തിന് സാമ്രാജ്യത്വസ്വഭാവം കൈവന്നതോടുകൂടി ബൂർഷ്വാവിപ്ലവത്തിന് അതിന്റെ വിപ്ലവ സ്വഭാവം നഷ്ടപ്പെടുകയും അത് പ്രതിലോമകരമായിത്തീരുകയും ചെയ്യുന്നു. അത് സാമൂഹ്യപുരോഗതിക്ക് വിലങ്ങുതടിയാകുന്നു. ശാസ്ത്ര-സാങ്കേതിക പുരോഗതിയെയും ഉൽപ്പാദനശക്തികളുടെ വളർച്ചയെയും തടസ്സപ്പെടുത്തി സമ്പദ്വ്യവസ്ഥയിൽ മുരടിപ്പ് സൃഷ്ടിക്കുന്നു. മുമ്പ് വിപ്ലവസ്വഭാവമുണ്ടായിരുന്ന ബൂർഷ്വാ മാനവവാദം ആ നിമിഷം മുതൽ മതവുമായും മറ്റ് എല്ലാത്തരം മുൻവിധികളുമായും സന്ധി ചെയ്യാൻ തുടങ്ങി. ലോകമുതലാളിത്തം അത്തരമൊരു ദശാസന്ധിയിൽ എത്തിയ സാഹചര്യത്തിലാണ് ഇൻഡ്യയിൽ മുതലാളിത്തം വളർന്നതും, ദേശസ്നേഹം, വ്യക്തിസ്വാതന്ത്ര്യം, മാനവവാദം മുതലായ ആദർശങ്ങൾ ഇവിടെ വികസിച്ചുവന്നതും." (The Cultural Movement in India and our Tasks, Selected Works, Vol.2)

### കേരള നവോത്ഥാനവും ശ്രീനാരായണഗുരുവും

ഇൻഡ്യൻ നവോത്ഥാനപ്രസ്ഥാനത്തിലെ പ്രബല ധാരയുടെ സ്വഭാവവിശേഷങ്ങൾ, ആ ധാരയുടെ ഉത്തമപ്രതീകമായ രവീന്ദ്രനാഥ് ടാഗോറിന്റെ കൃതികളെയും ദർശനത്തെയും വിശകലനം ചെയ്തുകൊണ്ട് സഖാവ് ശിബ്ദാസ് ഘോഷ് ഇങ്ങനെ ചൂണ്ടിക്കാട്ടുന്നു: "അദ്ദേഹവും മാനവവാദചിന്തയുടെയും മൂല്യബോധത്തിന്റെയും രാഗമാണ് സൃഷ്ടിച്ചത്; അതേ സ്വാതന്ത്ര്യഗാനമാണാലപിച്ചത്; അതേ സ്വാതന്ത്ര്യ സങ്കൽപ്പം, മനുഷ്യനെ കേന്ദ്രമാക്കി വികസിച്ചുവന്ന അതേ മാനവവാദ ധാർമ്മിക മൂല്യങ്ങൾ — എല്ലാം അദ്ദേഹത്തിന്റെ സൃഷ്ടികളിലുമുണ്ട്. എങ്കിലും വളരെ സൂക്ഷ്മമായി, ഒട്ടും പ്രകടമല്ലാത്തവിധത്തിൽ, ഇൻഡ്യൻ പാരമ്പര്യവാദവും മതമൂല്യങ്ങളും അവയിലെല്ലാം ഇഴപിരിഞ്ഞിരിക്കുന്നു. എന്നാൽ, അസംസ്കൃത അർത്ഥത്തിലുള്ള മതത്തിന്, അഥവാ മതഭ്രാന്തിന് അദ്ദേഹത്തിൽ എന്തെങ്കിലും സ്ഥാനമുണ്ടായിരുന്നുവെന്ന് ഇപ്പറഞ്ഞതിന് ഒരിക്കലും അർത്ഥമില്ല. രവീന്ദ്രനാഥിൽ ആദ്ധ്യാത്മിക മൂല്യങ്ങളും മാനവവാദവും ലയിച്ചിരുന്നുവെന്നാണ് ഞാൻ പറഞ്ഞതിനർത്ഥം. ആദ്ധ്യാത്മികതയും മാനവ വാദവും തമ്മിലുള്ള ഈ ലയനം നമ്മുടെ രാജ്യത്ത് മാനവ വാദത്തെ ദുർബ്ബലവും ക്ഷീണിതവുമാക്കിത്തീർത്തു." (The Cultural Movement in India and our Tasks, Selected Works, Vol.2) ഇൻഡ്യൻ നവോത്ഥാനത്തിന് പൊതുവിലുള്ള ചരിത്രപരമായ സ്വഭാവസവിശേഷതകളെ സംബന്ധിച്ച ഈ വിശകലനം കേരളനവോത്ഥാനത്തിന്റെ കാര്യത്തിലും തികച്ചും ശരിയാണെന്ന് കാണാം. അതുപോലെ, രവീന്ദ്രനാഥ് ടാഗോറിനെ സംബന്ധിച്ചുള്ള വിലയിരുത്തൽ കേരള നവോത്ഥാന ദർശനത്തിന്റെ ഉത്തുംഗപ്രതീകമായ ശ്രീനാരായണഗുരുവിനെ സംബന്ധിച്ചും ശരിയാണ്.

"എങ്കിലും കേരള നവോത്ഥാനത്തിന് അതിന്റേതായ പ്രത്യേകതകളുമുണ്ട്. ഉദാഹരണത്തിന്, ബംഗാളിലെ നവോത്ഥാന നായകന്മാർ സമൂഹത്തിന്റെ ഉയർന്ന തട്ടിൽ നിന്ന് വന്നവരായിരുന്നപ്പോൾ കേരളത്തിലെ പ്രധാന നവോത്ഥാന നായകന്മാർ പലരും താഴെത്തട്ടുകളിൽ നിന്ന് വന്നവരായിരുന്നു. ബംഗാൾ നവോത്ഥാനം മുകൾപ്പരപ്പിൽ കേരളത്തെ അപേക്ഷിച്ച് കൂടുതൽ പ്രചണ്ഡമായ കാറ്റും കോളും സൃഷ്ടിച്ചു. എന്നാൽ, താഴെത്തലങ്ങളിലേയ്ക്ക് അരിച്ചിറങ്ങുന്നോളം ആ ചലനങ്ങൾ ദുർബ്ബലമായിവന്നു. ഏറ്റവും താഴെത്തട്ടിലുള്ളവരിൽ ഭൂരിപക്ഷവും മൃഗപ്രായരായി ജീവിക്കുന്ന അവസ്ഥ തുടർന്നു. അടരടരുകളായിരിക്കുന്ന ഒരു ക്രമീകരണത്തിൽ താഴെയുള്ള അടരിൽ ഇളകിമറിച്ചിൽ ഉണ്ടായാൽ അത് ആ സംവിധാനത്തെയാകെ തകിടം മറിക്കും. കേരള നവോത്ഥാനത്തിന്റെ പ്രത്യേകത അതായിരുന്നു. അതിനാൽ, നവോത്ഥാനം സമൂഹത്തിൽ അടിമുടി സൃഷ്ടിച്ച സ്വാധീനം കേരളത്തിൽ താരതമ്യേന കൂടുതൽ ശക്തമായിരുന്നു. മൃഗങ്ങളെക്കാൾ ഹീനമായ നിലയിൽ കഴിഞ്ഞിരുന്ന ജനങ്ങൾ പിൽക്കാലത്ത് കേരളത്തിൽ വളർന്നുവന്ന സ്ഥിതിസമത്വപ്രസ്ഥാനങ്ങളുടെയും ദേശീയസ്വാതന്ത്ര്യസമരത്തിന്റെയും ഇടതുപക്ഷമുന്നേറ്റങ്ങളുടെയും നേതാക്കളും അണികളുമായി വർത്തിക്കാൻ പ്രാപ്തിയുള്ള പുതിയ മനുഷ്യരായി മാറിയതങ്ങനെയാണ്."(അയ്യൻകാളിയും കേരള നവോത്ഥാനവും, നേതാജി സാമൂഹ്യ-സാംസ്കാരിക പഠനകേന്ദ്രം). ബൃഹത്തായ ആ ചരിത്രപ്രക്രിയയുടെ നായകന്മാരിൽ പ്രഥമഗണനീയനാണ് ശ്രീ നാരായണഗുരു.

### നവോത്ഥാന നായകന്മാരോടുള്ള കമ്മ്യൂണിസ്റ്റ് നിലപാട്

ശ്രീനാരായണഗുരുവിന്റെ ആദർശങ്ങളെ വാക്കിലും പ്രവൃത്തിയിലും ചവിട്ടിമെതിക്കുന്ന പ്രസ്ഥാനങ്ങളുടെ നേതാക്കൾതന്നെ ശിവഗിരിതീർത്ഥാടനം പോലുള്ള വേളകളിൽ, ഇന്നത്തെ ലോകത്തിന് വഴികാട്ടാൻ കഴിയുന്ന ദർശനങ്ങളാണ് ഗുരുവിന്റേതെന്ന് നിസ്സങ്കോചം പ്രസ്താവിക്കുന്നതായി കാണുന്നു. ഗുരുവിന്റെ ആരാധകരെ കൈയിലെടുക്കാനുള്ള പൊടിക്കൈ. പക്ഷെ, ഇന്നത്തെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ ശ്രീനാരായണദർശനങ്ങൾ പര്യാപ്തമാണോ? ഗുരു ജീവിച്ച കാലത്തെ പ്രശ്നങ്ങളല്ല ഇന്ന് ലോകം അഭിമുഖീകരിക്കുന്നത്. കേരളത്തിൽ ജാതിമേധാവിത്വപരമായ ജന്മിത്തവ്യവസ്ഥിതിയെ തകർത്ത് പകരം ആധുനിക മുതലാളിത്തസമൂഹം സൃഷ്ടിക്കേണ്ടത് സാമൂഹ്യ ആവശ്യകതയായിരുന്ന ചരിത്രഘട്ടത്തിലാണ് ഗുരുവും ഇതര നവോത്ഥാന നായകന്മാരും ജീവിച്ചതും പ്രവർത്തിച്ചതും. ജനാധിപത്യവിപ്ലവത്തിന്റെ സൃഷ്ടിയായ മുതലാളിത്ത വ്യവസ്ഥിതി ചരിത്രപരമായി കാലഹരണപ്പെട്ട് ജീവിതത്തിന്റെ സമസ്ത രംഗങ്ങളിലും പ്രതിസന്ധി സൃഷ്ടിച്ചുകൊണ്ടിരിക്കുന്നുവെന്നതാണ് ഇന്ന് നാം നേരിടുന്ന അടിസ്ഥാനപരമായ പ്രശ്നം. ആ പ്രശ്നത്തിന് പരിഹാരം ചൂഷണത്തിലധിഷ്ഠിതമായ മുതലാളിത്ത വ്യവസ്ഥിതിയെ തൂത്തെറിഞ്ഞ് പകരം സോഷ്യലിസ്റ്റ് സമൂഹം കെട്ടിപ്പടുക്കുക എന്നതു മാത്രമാണ്. മുതലാളിത്ത വിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവത്തിന് മാർഗ്ഗദർശനം നൽകാൻ ശ്രീനാരായണഗുരുവിന്റെയോ ഇതര നവോത്ഥാന നായകന്മാരുടെയോ ആദ്ധ്യാത്മികതയിലധിഷ്ഠിതമായ മാനവവാദ ദർശനം പര്യാപ്തമല്ല. ആധുനികശാസ്ത്രത്തിന്റെ സത്യാന്വേഷണരീതിയെ അടിസ്ഥാനമാക്കിയിട്ടുള്ള ഏക ദർശനമായ ദ്വന്ദ്വാത്മക ഭൗതികവാദമാണ് തൊഴിലാളിവർഗ്ഗവിപ്ലവത്തിന് മാർഗ്ഗദർശകമായ തത്ത്വചിന്ത.

### നവോത്ഥാന നായകന്മാരുടെ ഇന്നത്തെ പ്രസക്തി

അപ്പോൾപ്പിന്നെ ഇന്ന് നാം നവോത്ഥാന നായകന്മാരെ അനുസ്മരിക്കേണ്ടതിന്റെ ആവശ്യമെന്ത്? തൊഴിലാളിവർഗ്ഗത്തിന് മാത്രമേ ലോകത്തെ മാറ്റാൻ സാധിക്കൂ; പക്ഷെ, അതിന് അവർ ആദ്യം സ്വയം മാറേണ്ടതുണ്ട് എന്ന് തൊഴിലാളിവർഗ്ഗത്തിന്റെ അഗ്രിമാചാര്യൻ കാൾമാർക്സ് പഠിപ്പിച്ചു. ചൂഷണപരമായ മുതലാളിത്ത സമൂഹം അടിച്ചേല്പിക്കുന്ന സംസ്കാരത്തിന് അടിമകളായിരിക്കുന്നിടത്തോളം കാലം തൊഴിലാളിവർഗ്ഗത്തിന് ഈ വ്യവസ്ഥിതിയെ തൂത്തെറിയാനും കൂടുതൽ ഉന്നതമായ സോഷ്യലിസ്റ്റ് സാമൂഹ്യവ്യവസ്ഥിതിക്ക് ജന്മം നൽകാനും കഴിയില്ല എന്നർത്ഥം. അതുകൊണ്ടാണ് എല്ലാ മാർക്സിസ്റ്റ് ആചാര്യന്മാരും സാംസ്കാരിക വിപ്ലവത്തിന് വലിയ പ്രാധാന്യം കല്പിച്ചത്. പക്ഷെ, തൊഴിലാളിവർഗ്ഗവിപ്ലവത്തിന് അനുരോധമായ സോഷ്യലിസ്റ്റ് സംസ്കാരം ശൂന്യതയിൽ നിന്ന് സൃഷ്ടിക്കാൻ കഴിയില്ല. മുതലാളിവർഗ്ഗത്തിന് സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുള്ളതിൽ വച്ച് ഏറ്റവും ഉന്നത സംസ്കാരമായ മാനവവാദത്തെ അടിത്തറയാക്കി അതിന് മുകളിൽ മാത്രമേ സോഷ്യലിസ്റ്റ് സംസ്കാരസൗധം പടുത്തുയർത്താൻ സാധിക്കുകയുള്ളൂ. നവോത്ഥാന നായകന്മാരെ ശരിയായി മനസ്സിലാക്കാതെയും, അവർ പ്രതിഫലിപ്പിച്ച മാനവവാദപരമായ ധാർമ്മികമൂല്യങ്ങൾ സ്വാംശീകരിക്കാതെയും ഇന്നത്തെ വിമോചനപ്രസ്ഥാനം വളർത്തിയെടുക്കാനാവശ്യമായ സാംസ്കാരികനിലവാരം ആർജ്ജിക്കാൻ കഴിയില്ല എന്നാണതിനർത്ഥം.

നവോത്ഥാനനായകന്മാരെയും അവർ പ്രതിഫലിപ്പിച്ച മൂല്യങ്ങളെയും അദ്ധ്വാനിക്കുന്ന ജനങ്ങൾക്കുമുമ്പിൽ അവതരിപ്പിക്കേണ്ടതിന്റെ ചരിത്രപ്രാധാന്യത്തെ സംബന്ധിച്ചുള്ള കമ്മ്യൂണിസ്റ്റ് ധാരണ ഇതാണ്. എന്നാൽ, അവിഭജിത സിപിഐ-യും അതിൽ നിന്ന് പിൽക്കാലത്തുണ്ടായ പാർട്ടികളും (ഈ പാർട്ടികളെ പൊതുവായി സൂചിപ്പിക്കുന്നതിന് ഇനി മുതൽ ഈ ലേഖനത്തിൽ സിപിഐ പ്രസ്ഥാനം എന്ന വാക്കാണ് ഉപയോഗിക്കുക) ഈ ചരിത്രപരമായ കർത്തവ്യം മനസ്സിലാക്കിയിരുന്നതായി കാണുന്നില്ല. നവോത്ഥാനം ഉഴുതുമറിച്ച മണ്ണിലാണ് പിന്നീട് വന്ന പുരോഗമനപ്രസ്ഥാനങ്ങളെല്ലാം വേരുപിടിച്ചതെന്ന ഭംഗിവാക്ക് പറയാറുണ്ടെങ്കിലും, യഥാർത്ഥത്തിൽ അത് അംഗീകരിച്ചുകൊണ്ടല്ല ഈ പ്രസ്ഥാനങ്ങളൊന്നും പ്രവർത്തിച്ചിട്ടുള്ളത്. എന്തിന്, കേരളത്തിന്റെ നവോത്ഥാനം തങ്ങളുടെ സംഭാവനയാണെന്ന മിഥ്യാഭിമാനം പോലും വച്ചുപുലർത്തുന്ന നേതാക്കൾ ഈ പ്രസ്ഥാനത്തിലുണ്ട്. അതുകൊണ്ടാണ് ശ്രീനാരായണഗുരുവിനെയും അയ്യൻകാളിയെയും ചട്ടമ്പിസ്വാമികളെയും പോലുള്ള നവോത്ഥാന നായകന്മാരെ അർഹമായ പ്രാധാന്യത്തോടെ സമൂഹത്തിൽ അവതരിപ്പിക്കുന്നതിൽ അവർ പരാജയപ്പെട്ടത്. ആ ചരിത്രപുരുഷന്മാരെ കേവലം അവരവർ ജനിച്ച സമുദായങ്ങളുടെ മാത്രം ആചാര്യന്മാരായി കാണുന്ന വികലമായ ചരിത്രബോധം ഇന്നും സമൂഹത്തിൽ പ്രബലമായിരിക്കുന്നതിന് അതും ഒരു കാരണമാണ്. നവോത്ഥാന നായകന്മാർ ഏതൊന്നിനെയാണോ എതിർത്തത്, അതേ പ്രതിലോമാശയങ്ങളുടെ ഇന്നത്തെ വക്താക്കൾക്ക് ആ ചരിത്രപുരുഷന്മാരെ സ്വന്തം ആശയങ്ങളുടെ പ്രതീകങ്ങളായി അവതരിപ്പിക്കാൻ പോലും അത് സഹായകരമായിത്തീർന്നിരിക്കുന്നു. ശ്രീനാരായണഗുരുവും അയ്യൻകാളിയുമൊക്കെ ഹിന്ദു മതാചാര്യന്മാരായി അവതരിപ്പിക്കപ്പെടുന്നത് ഉദാഹരണം.

### നവോത്ഥാന മൂല്യങ്ങൾ സ്വാംശീകരിക്കുന്നതിൽ പോലും സിപിഐ പ്രസ്ഥാനം പരാജയപ്പെട്ടു

നവോത്ഥാനം മുന്നോട്ടുവച്ച മാനവവാദപരമായ ധാർമ്മിക മൂല്യങ്ങളുടെ ക്രിയാത്മകമായ അംശങ്ങളെല്ലാം സ്വാംശീകരിച്ചതിനുശേഷം മാത്രമേ ഗുണപരമായിത്തന്നെ അതിനെക്കാൾ ഉന്നതമായ കമ്മ്യൂണിസ്റ്റ് മൂല്യങ്ങൾ ആർജ്ജിക്കാൻ സാധിക്കുകയുള്ളുവെന്ന കാര്യം മുമ്പ് സൂചിപ്പിച്ചു. ഈ മേഖലയിലും സിപിഐ പ്രസ്ഥാനം ദയനീയമായി പരാജയപ്പെട്ടുവെന്നതാണ് ഖേദകരമായ യാഥാർത്ഥ്യം. ഉദാഹരണമായി എതിരഭിപ്രായങ്ങളോടുള്ള സഹിഷ്ണുതയുടെ കാര്യം - എല്ലാ മനുഷ്യരെയും സമന്മാരായി കാണുകയെന്ന ജനാധിപത്യ സംസ്കാരത്തിന്റെ സൃഷ്ടിയാണത്. ഫ്യൂഡൽസമൂഹത്തെ സംബന്ധിച്ചിടത്തോളം പ്രമാണിമാർ പറയുന്നത് ശരി, അല്ലാത്തത് തെറ്റ്. എന്നാൽ ജനാധിപത്യത്തെ സംബന്ധിച്ചിടത്തോളം ശരിയും തെറ്റും തീരുമാനിക്കാനുള്ള ഉരകല്ല് വസ്തുനിഷ്ഠമായ പരീക്ഷണനിരീക്ഷണങ്ങളെയും യുക്തിചിന്തയെയും ആശ്രയിക്കുകയെന്ന ആധുനികശാസ്ത്രത്തിന്റെ മാർഗ്ഗം മാത്രമാണ്. പണ്ഡിതനെന്നോ പാമരനെന്നോ, കുലീനനെന്നോ സാധാരണക്കാരനെന്നോ, സ്ത്രീയെന്നോ പുരുഷനെന്നോ, മിത്രമെന്നോ ശത്രുവെന്നോ ഉള്ള പരിഗണനകളില്ലാതെ ഏതൊരാളുടെ അഭിപ്രായത്തെയും മുൻവിധികളില്ലാതെ പരിശോധിക്കുകയെന്നതാണ് ശാസ്ത്രത്തിന്റെ സത്യാന്വേഷണരീതി. ഏതൊരഭിപ്രായവും നിർഭയം അവതരിപ്പിക്കപ്പെടുകയെന്നത് അതിനാവശ്യമാണ്. ലോകത്ത് ഒരാളൊഴികെ ഏവരും ഒരഭിപ്രായവും ഒരാൾ മാത്രം വ്യത്യസ്തമായ അഭിപ്രായവും പുലർത്തുന്നുവെന്നിരിക്കട്ടെ. ആ ഒരുവൻ മറ്റെല്ലാവരുടെയും അഭിപ്രായസ്വാതന്ത്ര്യത്തെ അടിച്ചമർത്തിയാൽ അത് മഹാ അപരാധമാണെന്ന് വ്യക്തം. എന്നാൽ അത്രയും തന്നെ അപരാധമാണ് ലോകമൊന്നാകെ ചേർന്ന് ആ ഒരു വ്യക്തിയുടെ അഭിപ്രായത്തെ അടിച്ചമർത്തുന്നതും - മഹത്തായ

(ശേഷം 11-ാം പേജിൽ)

## ശ്രീനാരായണഗുരുവും കമ്മ്യൂണിസ്റ്റുകളും

# ജനാധിപത്യവിപ്ലവത്തിന്റെ സാമൂഹ്യ–സാംസ്കാരിക കർത്തവ്യങ്ങൾ നിറവേറ്റപ്പെട്ടിട്ടില്ല

*(10–ാം പേജിൽ നിന്ന്)*

ഫ്രഞ്ച് വിപ്ലവത്തിന് ആശയനേതൃത്വം നൽകിയവരിലൊരാളായ വോൾട്ടയെറുടെ വാക്കുകളാണിവ. വാദിക്കാനും ജയിക്കാനുമല്ല അറിയാനും അറിയിക്കാനും വേണ്ടിയുള്ള സംവാദങ്ങളുണ്ടാകണമെന്ന് പറഞ്ഞ ശ്രീനാരായണഗുരുവിൽ ഈ മഹനീയാദർശത്തിന്റെ തിളക്കം നമുക്ക് കാണാം. പക്ഷെ, സിപിഐ പ്രസ്ഥാനത്തിന്റെ കാര്യത്തിലോ? എതിരഭിപ്രായങ്ങളോടുള്ള അസഹിഷ്ണുത അവർ എക്കാലവും വച്ചുപുലർത്തിയിട്ടുണ്ട്. എതിരഭിപ്രായക്കാരെ തേജോവധം ചെയ്യുകയെന്നതിൽ തുടങ്ങി എതിർ കക്ഷികളിൽപ്പെടുന്നവരെ ഉന്മൂലനം ചെയ്യുന്ന കൊലപാതക രാഷ്ട്രീയം വരെയും, സ്വന്തം പാർട്ടിയിൽപ്പെടുന്നവരുടെ പോലും ഭിന്നാഭിപ്രായങ്ങളെ ബലംപ്രയോഗിച്ച് അമർച്ച ചെയ്യുന്ന സമ്പ്രദായവും അവർക്ക് അപരിചിതമല്ല. ഈ പാർട്ടികൾ അപചയത്തിനിരകളായതിന് ശേഷം മാത്രമുണ്ടായ കാര്യമല്ല അത്. അവർ ആദർശനിഷ്ഠയും ത്യാഗമനോഭാവവും പുലർത്തിയിരുന്ന ആദ്യകാലങ്ങളിൽപ്പോലും അതായിരുന്നു അവസ്ഥയെന്നതിന്റെ ഉദാഹരണം ആദ്യകാല കമ്മ്യൂണിസ്റ്റ് പ്രവർത്തകരിലൊരാളും സാഹിത്യകാരനുമായ ചെറുകാടിന്റെ ജീവിതപ്പാത എന്ന ആത്മകഥയിൽ കാണാം. കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ നിന്ന് കോൺഗ്രസ്സിലേയ്ക്ക് കൂറുമാറിയ ഒരു വിദ്വാൻ പ്രസംഗിക്കുന്ന പൊതുയോഗം അലങ്കോലപ്പെടുത്താൻ അദ്ദേഹം പ്രവർത്തിച്ചിരുന്ന പാർട്ടി കമ്മിറ്റി തീരുമാനിക്കുന്നതും, അത് നടപ്പിലാക്കുന്നതിൽ അവർ പരാജയപ്പെടുന്നതുമെല്ലാം ചെറുകാട് സരസമായി വിവരിക്കുന്നു. രണ്ടാംലോകയുദ്ധകാലത്ത് നേതാജി സുഭാഷ്ചന്ദ്രബോസിനെതിരെ മോശം പദപ്രയോഗം നടത്തിയതിന്റെ പേരിൽ താൻ യുവാക്കളുടെ രോഷത്തിന് പാത്രമായ അനുഭവവും അദ്ദേഹം പറയുന്നുണ്ട്. വ്യത്യസ്ത വാദഗതികളെ യുക്തിസഹമായി വിലയിരുത്താനുള്ള വിവേകം സ്വന്തം അണികൾക്കും ജനങ്ങൾക്കും നൽകാൻ ശ്രമിക്കുന്നതിന് പകരം എതിരാളികളെ തേജോവധം ചെയ്യാനും എതിരഭിപ്രായങ്ങളെ അമർച്ച ചെയ്യാനും ശ്രമിച്ചവരുടെ ഉദ്ദേശ്യശുദ്ധി എന്തുതന്നെയായിരുന്നാലും അതിൽ പ്രതിഫലിച്ചുകാണുന്നത് പഴയ ഫ്യൂഡൽസംസ്കാരമാണെന്ന് പറയാതെ വയ്യ.

ആദ്ധ്യാത്മികവാദിയായിരുന്ന ശ്രീനാരായണഗുരു തനിക്ക് ജാതിയോ മതമോ ഇല്ലെന്ന് സംശയത്തിനിടയില്ലാത്തവണ്ണം വ്യക്തമാക്കി. പക്ഷെ, ദ്വന്ദ്വാത്മകഭൗതികവാദം പ്രഖ്യാപിത വിശ്വാസപ്രമാണമാക്കിയിട്ടുള്ള സിപിഐ, സിപിഐ(എം) നേതാക്കളിൽ ചിലരെങ്കിലും, വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ, തങ്ങൾ ചില പ്രത്യേക മതങ്ങളുടെ അനുയായികളാണെന്ന് വ്യക്തമാക്കുന്നു. ഈ രംഗങ്ങളിലും അവർ വളരെ പിന്നിലാണെന്ന് സ്വയം വിളംബരപ്പെടുത്തുകയാണ്.

യഥാർത്ഥത്തിൽ നവോത്ഥാന മൂല്യങ്ങൾ സ്വാംശീകരിക്കുന്നതിൽ പിൽക്കാല പുരോഗമനപ്രസ്ഥാനങ്ങൾക്കുണ്ടായ പരാജയമാണ് നമ്മുടെ സമൂഹത്തിൽ സാംസ്കാരികമേഖലയിൽ ഇന്നുണ്ടായിരിക്കുന്ന ഭയാനകമായ അപചയത്തിന് മുഖ്യകാരണം. നമ്മുടെ സ്വാതന്ത്ര്യസമരത്തിലെ വിപ്ലവധാരയിൽപ്പെടുന്ന മഹാനായ നവോത്ഥാന സാഹിത്യകാരൻ ശരത്ചന്ദ്ര ചാറ്റർജിയെ വിലയിരുത്തിയ വേളയിൽ സഖാവ് ശിബ്ദാസ്ഘോഷ് ചൂണ്ടിക്കാട്ടിയത് ഇക്കാര്യമാണ്. അദ്ദേഹം പറഞ്ഞു: "ഇന്നത്തെ ഈ രാഷ്ട്രീയപ്രക്ഷോഭങ്ങളുടെയെല്ലാം ധാർമ്മികവും നൈതികവും സാംസ്കാരികവുമായ അടിത്തറ തന്നെ തകർന്നിരിക്കുന്നു. ഇക്കാലത്ത് മിക്ക സമരങ്ങളും കേവലം മുദ്രാവാക്യംവിളി മാത്രമായി ചുരുങ്ങിയിരിക്കുന്നു... സംസ്കാരമോ നീതിബോധമോ ഇല്ലാത്തതും പൊടുന്നനെ പൊട്ടിപ്പുറപ്പെടുന്നതുമായ ഇത്തരം പോരാട്ടങ്ങളിലൂടെ സമൂഹത്തിൽ ഒരു മാറ്റവും വരില്ല...പോയ കാലത്തെ സാംസ്കാരിക പാരമ്പര്യവുമായുള്ള നമ്മുടെ ബന്ധം പൂർണ്ണമായും വിച്ഛേദിക്കപ്പെട്ടിരിക്കുകയാണ്. നാമിന്ന് വേരറ്റവരായിത്തീർന്നിരിക്കുന്നു. സ്വാതന്ത്ര്യസമരകാലത്ത് കൈവരിക്കാൻ കഴിഞ്ഞ ഉന്നതമായ സാംസ്കാരിക നിലവാരവുമായുള്ള തുടർച്ച നിലനിർത്തുന്നതിൽ നാം പരാജയപ്പെട്ടിരിക്കുന്നു. പുറംലോകത്ത് നിന്ന് നാം ഉദാത്തമായ പല പദപ്രയോഗങ്ങളും കടമെടുക്കുന്നുണ്ട്. പക്ഷെ, നമ്മുടെ ഈ മണ്ണിൽ ഒരിക്കൽ ഉരുവംകൊണ്ട ആ ഉയർന്ന സാംസ്കാരിക നിലവാരവുമായി നമുക്ക് ബന്ധം നഷ്ടപ്പെട്ടിരിക്കുന്നു. ആ ബന്ധം ഒരിക്കൽക്കൂടി നാം സ്ഥാപിക്കേണ്ടിയിരിക്കുന്നു, അതുമായി ഒരു വൈരുദ്ധ്യം ഇന്ന് അനിവാര്യമാണെങ്കിൽപ്പോലും. വൈരുദ്ധ്യമുണ്ടാകും. എന്തെന്നാൽ, ശരത്ചന്ദ്രൻ വിശ്വസിച്ചിരുന്നത് പെറ്റിബൂർഷ്വാ വിപ്ലവ വാദത്തിലും ബൂർഷ്വാ മാനവവാദത്തിലുമായിരുന്നു. പക്ഷെ, ഇന്ന് നമ്മുടെ ദൗത്യം തൊഴിലാളിവർഗ്ഗവിപ്ലവം, സോഷ്യലിസ്റ്റ് വിപ്ലവം, മുതലാളിത്തത്തെ നിഷ്കാസനം ചെയ്യാനായുള്ള വിപ്ലവം സംഘടിപ്പിക്കുകയെന്നതാണ്. അതിനാൽ സർവ്വാശ്ലേഷിയും സമർപ്പിതവുമായ വിപ്ലവപ്പോരാട്ടത്തിൽ നാം അന്നത്തേതിൽ നിന്നും ഒരുപടി മുന്നേറേണ്ടതുണ്ട്. പക്ഷെ, അതിന് സാധിക്കണമെങ്കിൽ നാം ശരത്ചന്ദ്രനെ ശരിയായി വിലയിരുത്തുകയും അംഗീകരിക്കുകയും ചെയ്തേ മതിയാവൂ. അദ്ദേഹത്തെ മനസ്സിലാക്കുകയും, അദ്ദേഹത്തിന്റെ സാഹിത്യസമ്പത്തിൽ നിന്ന് അപര്യാപ്തവും നിരുപയോഗവുമായവ ഉപേക്ഷിച്ച് അതിന്റെ കാതൽ സ്വാംശീകരിക്കുകയും ചെയ്യാൻ കഴിയണം. അതിൽ നിന്ന് ലഭിക്കാവുന്ന പരമാവധി അങ്ങനെ ഉൾക്കൊള്ളാൻ നമുക്ക് കഴിയണം. അപ്പോൾമാത്രമേ നമുക്ക് മുന്നേറാൻ സാധിക്കൂ. ദൗർഭാഗ്യവശാൽ, നമുക്ക് ശരത്ചന്ദ്രനിൽ നിന്ന് ഒന്നും സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. എന്നല്ല, ആ ബന്ധം തന്നെ നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നു. ശരത്ചന്ദ്രൻ പ്രതിഫലിപ്പിച്ചിരുന്ന ഉയർന്ന കാഴ്ചപ്പാടും മൂല്യബോധവും പോലും നമ്മിലില്ല. അപ്പോൾപ്പിന്നെ, ഇന്ന് വിപ്ലവത്തിന്റെ മുന്നണി സേനയായി വർത്തിക്കാൻ നമുക്കെങ്ങനെ സാധിക്കും? അതിനാൽ, നാം ശരത്ചന്ദ്രനെ അറിയേണ്ടിയിരിക്കുന്നു. അദ്ദേഹത്തെ പഠിക്കുകയും മനസ്സിലാക്കുകയും ചെയ്യേണ്ടിയിരിക്കുന്നു."(An Evaluation of Saratchandra, Selected Works, Vol.3) ശരത്ചന്ദ്രചാറ്റർജിയെ പരാമർശിച്ച് ശിബ്ദാസ്ഘോഷ് പറഞ്ഞ ഈ വാക്കുകൾ ശ്രീനാരായണഗുരു ഉൾപ്പെടെയുള്ള എല്ലാ നവോത്ഥാന നായകന്മാരുടെയും കാര്യത്തിൽ സാധുതയുള്ളവയാണ്.

### വ്യവസ്ഥാപിത ഇടതുപക്ഷനേതൃത്വം ആത്മപരിശോധന നടത്തണം

ജനങ്ങൾക്കിടയിൽ ജനാധിപത്യപ്രബുദ്ധതയും മതേതര–ജനാധിപത്യ മൂല്യബോധവും വളർത്തിയെടുക്കുകയെന്ന കർത്തവ്യത്തെ സംബന്ധിച്ചിടത്തോളം, വ്യവസ്ഥാപിത ഇടതുപക്ഷത്തിന്റെ ചെയ്തികൾ പലതും നിഷേധഫലമുണ്ടാക്കുന്നവയാണെന്ന് പറയാതെവയ്യ. അവരുടെ പ്രവർത്തനശൈലിയെ വിമർശിച്ചുകൊണ്ട് ദശാബ്ദങ്ങൾക്കുമുമ്പ് സഖാവ് ശിബ്ദാസ്ഘോഷ് നടത്തിയ നിരീക്ഷണം ഇവിടെ സ്മരണീയമാണ്. അദ്ദേഹം പറഞ്ഞു: "തൊഴിലാളികൾക്ക് വിദ്യാഭ്യാസവും നൽകുന്നില്ല. തീപ്പൊരിപ്രസംഗങ്ങളിലൂടെ അവരോട് ആഹ്വാനം ചെയ്യുന്നു: വിപ്ലവത്തിന് സജ്ജരാകുക, ശക്തമായ സംഘടന കെട്ടിപ്പടുക്കുക, ഒരു കോട്ട പോലെ ശക്തമായ സംഘടന. മറ്റാർക്കും പ്രവേശിക്കാൻ കഴിയാത്ത തരത്തിലുള്ളതായിരിക്കണം ആ കോട്ട. തൊഴിലാളികൾ ഉടൻ വടിയുമെടുത്ത് ചാടിപ്പുറപ്പെട്ട് കോട്ട പണിയുകയായി. ആ കോട്ടയിൽ ഒരു വ്യക്തിക്ക് എന്തെങ്കിലും സംസാരിക്കണമെന്നുണ്ടെങ്കിൽ, അത് ന്യായവും യുക്തിസഹവുമായ കാര്യമാണെങ്കിലും ശരി, അയാൾ ആ പ്രത്യേക പാർട്ടിയിലോ സംഘടനയിലോ പെടുന്ന ആളല്ലെങ്കിൽ, അതിനനുവദിക്കുകയില്ല!

ഒരിക്കൽ ഇത്തരം ചുവപ്പ് കോട്ടകൾ രാജ്യത്തെ പല സ്ഥലങ്ങളിലും മുളച്ചുപൊന്തിവന്ന കാര്യം നിങ്ങൾക്കറിയാം. ചില പ്രത്യേക പാർട്ടികളുടെയോ സംഘടനകളുടെയോ സ്വകാര്യ മേഖലകൾ പോലെയായിരുന്നു അവ. മറ്റുള്ളവർക്ക് അവിടെ പ്രവേശനമില്ല. ഒരാൾ ന്യായമായ കാര്യങ്ങളാണ് പറയുന്നതെങ്കിൽപ്പോലും, അയാൾ നമ്മുടെ പാർട്ടിയിലോ സംഘടനയിലോ പെടുന്ന ആളല്ല എന്നതുകൊണ്ട് നമ്മൾ അതിന് ചെവികൊടുക്കുകയില്ലെന്നും, അത് നമ്മുടെ കോട്ടയായതുകൊണ്ട് അവിടെ അയാളെ കടക്കാനനുവദിക്കുകയില്ലെന്നും പറഞ്ഞാൽ എന്താണതിനർത്ഥം? ഒരുപക്ഷെ, ആ വിമർശനം വിപ്ലവത്തിന്റെ താല്പര്യത്തിന് ഗുണകരമാകാം. പക്ഷെ, അതിന് പോലും ചെവികൊടുക്കില്ല. എന്തെന്നാൽ ഒരു കോട്ട കെട്ടിക്കഴിഞ്ഞിരിക്കയാണ്. ഇങ്ങനെ പറയുന്നതിന് എന്ത് യുക്തിയാണുള്ളത്? എല്ലായിടത്തും കോട്ടകൾ കെട്ടിപ്പൊക്കാൻ നേതാക്കന്മാർ ആഹ്വാനം ചെയ്യുന്നു. യുക്തിബോധത്തിനും കാര്യകാരണ ചിന്തയ്ക്കും കടന്നുവരാൻ കഴിയാത്ത തരത്തിലുള്ള വലിയ കൊത്തളങ്ങൾ പണിയുക എന്നാണോ അവർ പറയുന്നതിനർത്ഥം? ഇതിന്റെ ഫലമായിട്ട് എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്? ഇത് അന്ധതയ്ക്ക് ജന്മം നൽകിക്കൊണ്ടിരിക്കുകയാണ്. അന്ധത അഥവാ ഭ്രാന്തമായ കൂറ് ഫാസിസത്തിന്റെ തന്നെ അടിത്തറയാണ്. അത് ബൂർഷ്വാസിയെ സഹായിക്കുന്നു. തൊഴിലാളിപ്രസ്ഥാനത്തിനും വിപ്ലവപ്പോരാട്ടത്തിനും അന്ധതയും യുക്തിരാഹിത്യവുമായി ഒത്തുപോകാനാവില്ല. അവർ യുക്തിചിന്തയിലും വാദപ്രതിവാദങ്ങളിലും ചർച്ചകളിലും പ്രത്യയശാസ്ത്ര–രാഷ്ട്രീയ സമരങ്ങളിലും സംവാദങ്ങളിലും വിശ്വസിക്കുന്നു. എന്തെന്നാൽ അവർ സത്യാന്വേഷികളാണ്. അവർ വാദപ്രതിവാദങ്ങളെയും ചർച്ചകളെയും ഭയപ്പെടുന്നില്ല. തെറ്റിനെ മുറുകെപ്പിടിക്കുന്നവരും പ്രതിലോമത്വത്തിന്റെ ഭാഗത്ത് നിൽക്കുന്നവരും മാത്രമേ ചർച്ചകളെ നിരുത്സാഹപ്പെടുത്താനോ അടിച്ചമർത്താനോ ശ്രമിക്കുകയുള്ളൂ. അതിനാൽ അവർ, ചിലപ്പോൾ അച്ചടക്കത്തിന്റെ പേരിൽ, മറ്റ് ചിലപ്പോൾ ഐക്യത്തിന്റെ പേരിൽ, അതുമല്ലെങ്കിൽ ചിലപ്പോൾ സംഘടനയെ കോട്ടയാക്കിത്തീർക്കുക എന്നൊക്കെയുള്ള കപട രണോത്സുക മുദ്രാവാക്യത്തിന്റെ മറയിൽ, ഒക്കെ എല്ലായ്പോഴും ചർച്ചകളെയും വാദപ്രതിവാദങ്ങളെയും അമർച്ച ചെയ്യാൻ ശ്രമിക്കുന്നു. അവർ വാദപ്രതിവാദങ്ങളെയും ചർച്ചകളെയും ഭയപ്പെടുന്നു; യുക്തിചിന്തയെയും വിശകലനത്തെയും വളരെ ഭയപ്പെടുന്നു." (തൊഴിലാളിവർഗ്ഗ സംസ്കാരവും നീതിബോധവും പണിയെടുക്കുന്നവരിലേയ്ക്ക് കൊണ്ടെത്തിക്കുക, 1974) മറ്റൊരു പ്രസംഗത്തിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു: "നേതാക്കൾ, അച്ചടക്കവും സമീപനത്തിൽ ഏകത്വവും ഉറപ്പുവരുത്താനെന്ന പേരിൽ അണികളിലും അനുഭാവികളിലും അന്ധമായി അനുഗമിക്കാനുള്ള മനോഭാവവും മതഭ്രാന്തിന് സമാനമായ പാർട്ടിഭ്രാന്തും വളർത്തുകയാണോ ചെയ്യുന്നത്? യുക്തിഹീനമായ പെരുമാറ്റം, പാർട്ടിഭ്രാന്ത്, മറ്റനവധി ബൂർഷ്വാ ദുശ്ശീലങ്ങൾ — അന്ധത, ദുശ്ശാഠ്യം, അച്ചടക്കരാഹിത്യം, വ്യക്തികേന്ദ്രീയത, കാപട്യം — തുടങ്ങിയവയെ പ്രോത്സാഹിപ്പിക്കുന്നുണ്ടോ? അതോ, ഇവയ്ക്കെല്ലാമെതിരെ തത്ത്വദീക്ഷയോടെ തീവ്രമായ സമരം നടത്തിക്കൊണ്ട് പാർട്ടിയണികളിലും അനുഭാവികളിലും യുക്ത്യധിഷ്ഠിത വീക്ഷണവും ദാർശനിക സഹിഷ്ണുതയും വളർത്തിയെടുക്കാൻ നിരന്തരം യത്നിക്കുകയാണോ ചെയ്യുന്നത്? ഇത് പരിശോധിക്കപ്പെടേണ്ടതാണ്. കാരണം, പാർട്ടിഭ്രാന്തും അന്ധതയും ഫാസിസത്തിന്റെ വളർച്ചയെ സഹായിക്കുന്നവയാണെന്നും, അതിനാൽ അവ മാർക്സിസം–ലെനിനിസത്തിന് തെല്ലും നിരക്കുന്നവയല്ലെന്നും കമ്മ്യൂണിസ്റ്റുകൾക്ക് നല്ലതുപോലെ അറിയാം." ( എസ്.യു.സി.ഐ ആണ് ഇൻഡ്യയിലെ ഒരേയൊരു യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടി, എന്തുകൊണ്ട്? 1968)

മേൽ സൂചിപ്പിച്ച അതേ പ്രവർത്തനശൈലി തന്നെയാണ് സിപിഐ(എം)–ന്റെ നേതൃത്വത്തിലുള്ള വ്യവസ്ഥാപിത ഇടതുപക്ഷം ഇപ്പോഴും പിന്തുടരുന്നത് എന്നതല്ലേ വസ്തുത. അങ്ങനെയിരിക്കെ സ്വന്തം ശൈലിയെ ജനാധിപത്യവൽക്കരിക്കാതെ ഫാസിസത്തിനെതിരെ വാചാടോപം നടത്തുന്നതുകൊണ്ട് മാത്രം ഇന്നത്തെ വെല്ലുവിളികളെ നേരിടാൻ എങ്ങനെ സാധിക്കും?

### ജനാധിപത്യവിപ്ലവത്തിന്റെ സാമൂഹ്യ–സാംസ്കാരിക കർത്തവ്യങ്ങൾ നിറവേറ്റപ്പെട്ടിട്ടില്ല

നമ്മുടെ ദേശീയസ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ പ്രബലധാരയ്ക്ക് നേതൃത്വം നൽകിയ ദേശീയമുതലാളിവർഗ്ഗം അവരുടെ ചരിത്രപരമായ പരിമിതി മൂലം സാംസ്കാരിക മണ്ഡലത്തിൽ പഴയ ഫ്യൂഡൽസമൂഹത്തിന്റെ മൂല്യങ്ങളുമായി സന്ധി ചെയ്തു. തന്മൂലം, സമൂഹത്തിന്റെ ജനാധിപത്യവൽക്കരണം പൂർത്തീകരിക്കപ്പെട്ടില്ല. ഫ്യൂഡൽസംസ്കാരത്തിന്റെ ശേഷിപ്പുകളായ ജാതിയുടെയും മറ്റും പേരിലുള്ള ഉച്ച–നീച ചിന്താഗതികളും, ഭാഷയുടെയും പ്രദേശത്തിന്റെയുമൊക്കെ പേരിലുള്ള സ്പർദ്ധയുമൊക്കെ ഇന്നും നിലനിൽക്കുന്നത് ഇക്കാരണത്താലാണ്. അതിനാൽ, സമൂഹത്തിന്റെ ജനാധിപത്യവൽക്കരണപ്രക്രിയ പൂർത്തിയാക്കുകയെന്നത് ഇന്നത്തെ പുരോഗമനശക്തികളുടെ കർത്തവ്യമായിരിക്കുന്നു.

ഉദാഹരണമായി, മതേതരത്വത്തെ സംബന്ധിച്ച് നമ്മുടെ ദേശീയസ്വാതന്ത്ര്യസമരനേതൃത്വം തെറ്റായ ധാരണയാണ് വച്ചുപുലർത്തിയത്. മതത്തെ വ്യക്തിയുടെ സ്വകാര്യവിശ്വാസത്തിന്റെ മാത്രം കാര്യമായി കാണുക; അതിനെ പ്രോത്സാഹിപ്പിച്ചുകൊണ്ടോ നിരുത്സാഹപ്പെടുത്തിക്കൊണ്ടോ ഒരു വിധത്തിലും ഭരണകൂടം മതവിശ്വാസത്തിൽ കൈകടത്താതിരിക്കുക; ഭരണകൂടം ഒരു മതത്തെയും, പ്രകൃത്യതീത ശക്തികളിലുള്ള ഒരു തരം വിശ്വാസത്തെയും, അംഗീകരിക്കാതിരിക്കുക – ഇതാണ് മതേതരത്വത്തിന്റെ ശരിയായ വിവക്ഷ. എന്നാൽ, നമ്മുടെ ദേശീയനേതൃത്വം എല്ലാ മതങ്ങൾക്കും തുല്യ പ്രോത്സാഹനം എന്ന വിചിത്രമായ വ്യാഖ്യാനമാണ് മതേതരത്വത്തിന്

*(ശേഷം 12–ാം പേജിൽ)*

### 'ശ്രീനാരായണഗുരുവും കേരള നവോത്ഥാനവും'- പ്രഭാഷണവും ചർച്ചയും സംഘടിപ്പിച്ചു.

**എ**ഐഡിവൈഒ കണ്ണൂർ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ശ്രീനാരായണഗുരുവും കേരള നവോത്ഥാനവും എന്ന വിഷയത്തിൽ പ്രഭാഷണവും ചർച്ചയും സംഘടിപ്പിച്ചു. ഒക്ടോബർ 23 ന് കണ്ണൂർ റയിൻബോ ടൂറിസ്റ്റ് ഹോമിൽ വച്ച് നടന്ന പരിപാടിയിൽ എഐഡിവൈഒ സംസ്ഥാന സെക്രട്ടറി സഖാവ് എൻ.കെ. ബിജു പ്രഭാഷണം നടത്തി. എഐഡിവൈഒ കണ്ണൂർ ജില്ലാ സെക്രട്ടറി സഖാവ് അനൂപ് ഏരിമറ്റം അദ്ധ്യക്ഷത വഹിച്ചു. സഖാവ് അഡ്വ.പി.സി. വിവേക്, സഖാവ് അഡ്വ.ഇ.സനൂപ്, അഡ്വ.ശ്രീജയ, അഡ്വ. പ്രജ്ന, അഡ്വ. റ്റി.ധനേഷ്കുമാർ, കെ.പി.രമ്യ എന്നിവർ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു.

# ഭീകരമായ ദാദ്രി കൊലപാതകം

## ഗോമാംസം ഭക്ഷിക്കുന്നത് ഒരിക്കലും ഹിന്ദുവിരുദ്ധമായിരുന്നില്ല

*(9–ാം പേജിൽ നിന്ന്)*

ക്കാട്ടുന്നത് ആരുടേയും വ്യക്തിപരമായ മതവിശ്വാസത്തെ മുറിവേൽപ്പിക്കാൻ വേണ്ടിയല്ല. മറിച്ച്, ഹിന്ദു മതത്തിന്റെ അടിസ്ഥാന തത്വങ്ങൾ എന്ന മട്ടിൽ ആർഎസ്എസ്സും ബിജെപിയും പറഞ്ഞുപരത്തുന്ന കാര്യങ്ങൾ സത്യത്തിന്റെ വളച്ചൊടിക്കൽ മാത്രമാണെന്ന് തെളിയിക്കുവാനാണ്. ഒരാൾ എന്തു ഭക്ഷണം കഴിക്കണം എന്നുള്ളത്, തികച്ചും അയാളുടെ വ്യക്തിപരമായ താത്പര്യം മാത്രമാണെന്നാണ് ഞങ്ങളുടെ അഭിപ്രായം. ഒരു മതേതര ജനാധിപത്യ രാജ്യത്തിനും തങ്ങളുടെ പൗരന്മാരുടെ ഭക്ഷണത്തിനുള്ള അവകാശത്തിൽ കടന്നു കയറാൻ കഴിയില്ല. ബീഫ് വിഷയത്തിലുള്ള ഒച്ചപ്പാടും ബഹളവുമെല്ലാം നിക്ഷിപ്ത രാഷ്ട്രീയതാൽപ്പര്യങ്ങളെ സഹായിക്കുവാൻ ലക്ഷ്യംവച്ചുള്ളതുമാത്രമാണ്. സംഘപരിവാർ പശുവിനെ മാതാവായി കാണുന്നുവെങ്കിൽ, എന്തിനാണവർ പശുവിന്റെ തോൽ കൊണ്ടുള്ള ബെൽറ്റും ഷൂസും ധരിക്കുന്നത്? വാസ്തവത്തിൽ ഏതൊരു മതമൗലികവാദശക്തിയേയും പോലെ തന്നെ അവർ അവരുടെ മതത്തോടു സ്വയം വിശ്വസ്തത കാണിക്കുന്നില്ല. മതം മൗലികവാദമല്ല. പക്ഷേ, ഹീനമായ രാഷ്ട്രീയ താത്പര്യങ്ങൾക്കായി മതത്തെ ഉപയോഗിക്കുമ്പോൾ അതിനെ മൗലികവാദമെന്നു പറയുന്നു.

സംഘപരിവാറിന്റെ ഒരേയൊരു ലക്ഷ്യം ഈ വർഗ്ഗീയ ഭിന്നതക്കുമേൽ തെരഞ്ഞെടുപ്പു വിജയം കൊയ്യുകയും അതിലൂടെ അധികാരത്തിലെത്തുകയുമാണ്. ചരിത്രത്തിൽ അൽപ്പം പിന്നോട്ടു നടന്നാൽ നമുക്കു ശ്രദ്ധിക്കാൻ പറ്റുന്ന ഒരു കാര്യമുണ്ട്. ചരിത്രപ്രധാനമായ ബാബ്റി മസ്ജിദ്, ബിജെപിയുടെ ഏറ്റവും മുതിർന്ന നേതാക്കളുടെ തന്നെ സാന്നിദ്ധ്യത്തിൽ, ഹിന്ദുത്വ വർഗ്ഗീയവാദികൾ തകർക്കുകയും തുടർന്ന് രാജ്യത്തിന്റെ പല ഭാഗങ്ങളിലും വർഗ്ഗീയകലാപങ്ങൾ അഴിച്ചുവിടുകയും ചെയ്തു. ഇതിനു ശേഷം നടന്നതോ, വെറും 2 എംപിമാരുണ്ടായിരുന്ന ബിജെപിയുടെ എംപിമാരുടെ എണ്ണം 83 ആയി ഉയർന്നു. ഇതേ വർഗ്ഗീയമായി ധ്രുവീകരിക്കപ്പെട്ട അവസ്ഥ തന്നെ മുതലെടുത്ത് പിന്നീട് അവർ കേന്ദ്രഭരണവും നേടിയെടുത്തു. ഗോഹത്യയെ മുഖംമൂടിയാക്കിക്കൊണ്ട് വർഗ്ഗീയ വികാരത്തെ ജ്വലിപ്പിച്ചെടുക്കുന്നത്,ഗുജറാത്ത് മുഖ്യമന്ത്രിയായിരുന്നപ്പോഴേ നരേന്ദ്ര മോദിയുടെ രാഷ്ട്രീയത്തിന്റെ ഭാഗമായിരുന്നു. സംഘടിതമായ ഗുജറാത്ത് വംശഹത്യയാണ് ഭരണമുതലാളിവർഗ്ഗത്തിന്റെ വിശ്വസ്തബിംബമായി ഉയർന്നു വരാൻ മോദിയെ സഹായിച്ചത്. അടിച്ചമർത്തപ്പെടുന്ന ജനങ്ങൾക്കിടയിലെ ഐക്യവും സാഹോദര്യവും, ഹിന്ദു വർഗ്ഗീയവികാരമുയർത്തി തകർക്കുവാനും, അതുവഴി തങ്ങളുടെ വൃത്തികെട്ട തലകൾ കൂടുതൽ ശക്തമായി ഉയർത്താൻ മുസ്ലീം മതമൗലികവാദികൾക്ക് അവസരം നൽകി, പീഡിപ്പിക്കപ്പെടുന്ന മുസ്ലീം ജനവിഭാഗങ്ങൾക്ക് എതിർ വർഗ്ഗീയതയെ പുൽകാൻ പ്രചോദിപ്പിക്കുന്ന മോദിയുടെ കഴിവിൽ അവർ ഭ്രമിച്ചു. ഇങ്ങനെ വഷളായ വർഗ്ഗീയ ധ്രുവീകരണം, കോൺഗ്രസിനെതിരേ ശക്തമായ രാഷ്ട്രിയ ബദലായ് ബിജെപിയുടെ സ്ഥാനം അരക്കിട്ടുറപ്പിച്ചു. ഭീകരമായ ഗുജറാത്ത് പരീക്ഷണത്തിന്റെ വിജയം നൽകിയ ധൈര്യത്തിൽ, കൃത്യമായ ഇടവേളകളിൽ തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ വർഗ്ഗീയവികാരം ആളിക്കത്തിച്ച്, വർഗ്ഗീയതയുടെ കനലുകൾ കെടാതെ കാക്കുകയെന്നത് ഒരു തന്ത്രമായി ത്തന്നെ ആർഎസ്എസ്–ബിജെപി നേതൃത്വം കൈക്കൊണ്ടു. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിനു മുമ്പ്, മുസഫർനഗർ അടക്കം യുപിയിലും മറ്റു സംസ്ഥാനങ്ങളിലുമുള്ള പല പ്രദേശങ്ങളിലും വർഗ്ഗീയ സംഘർഷങ്ങളും, ചോരക്കളികളും അരങ്ങേറി. ആർഎസ്എസ്–ബിജെപി നേതാക്കളാണ് ഇതിനു തുടക്കം നൽകുകയും നടപ്പിലാക്കുകയും ചെയ്തതെന്ന് വ്യക്തമായി തെളിയിക്കപ്പെട്ടു. ബീഹാർ തെരഞ്ഞെടുപ്പു നടക്കുകയും ഉത്തർപ്രദേശ് തെരഞ്ഞെടുപ്പിന് ആലോചനകൾ ആരംഭിക്കുകയും ചെയ്യുന്ന ഘട്ടത്തിൽ, ആർഎസ്എസ്–ബിജെപി ഉന്നതനേതൃത്വം ഇപ്പോഴത്തെ ഗോമാംസ വിവാദത്തെ , വമ്പിച്ച അളവിൽ വർഗ്ഗീയ ഭിന്നിപ്പും വൈരവും വളർത്തുവാനുള്ള സൗകര്യപ്രദമായ ഉപകരണമായി കണ്ടെത്തിയിരിക്കുകയാണ്. ഹിന്ദു വർഗ്ഗീയസംഘപരിവാറിന്റെ ഈ നീചനാടകങ്ങളേയും, മറുവശത്ത് പ്രതികരണമായി മുസ്ലീം മതമൗലികവാദികളുടെ എതിർവർഗ്ഗീയതയേയും, അധ്വാനിക്കുന്ന എല്ലാ വിഭാഗം ജനങ്ങളും തിരിച്ചറിയേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. മതത്തിന്റെ വളച്ചൊടിക്കപ്പെട്ട വ്യാഖ്യാനങ്ങളുമായി, തെരഞ്ഞെടുപ്പു താത്പര്യങ്ങൾക്കായി ജനങ്ങൾക്കിടയിൽ വിഭജനങ്ങളുണ്ടാക്കാനായുള്ള അവരുടെ തിന്മ നിറഞ്ഞ രൂപകൽപ്പനകൾക്ക് വശംവദരാകുകയുമരുത്. മതത്തിന്റെയും ജാതിയുടേയും മറ്റു വ്യത്യസ്തതകളുടേയും മേലേ ഉയർന്നു നിൽക്കുന്ന ഒരു മതേതര ജനാധിപത്യ മുന്നേറ്റത്തിന്റെ പ്രതിപ്രവർത്തനം, ഒപ്പം, വർഗ്ഗീയതയുടേയും മതമൗലികവാദത്തിന്റെയും സിദ്ധാന്തങ്ങളെ പരാജയപ്പെടുത്തുവാനുതകുന്ന തീക്ഷ്ണമായ ആശയസമരം, ഇവ കൊണ്ടു മാത്രമേ വർഗ്ഗീയശക്തികളുടെ ആക്രമണങ്ങളെ പരാജയപ്പെടുത്തുവാനും, അതുവഴി, മുഹമ്മദ് അഖ്‌ലഖിനെപ്പോലുള്ള നിരപരാധികളുടെ ജീവൻ സംരക്ഷിക്കാനും സാധിക്കൂ. ●




**കോഴിക്കോട് പൊളിമിക് ഫോറം സംഘടിപ്പിച്ച സെമിനാറിൽ എഐഡിവൈഒ സംസ്ഥാന സെക്രട്ടറി എൻ.കെ.ബിജു പ്രസംഗിക്കുന്നു**

# ശ്രീനാരായണഗുരുവും കമ്മ്യൂണിസ്റ്റുകളും

*(11–ാം പേജിൽ നിന്ന്)*

നൽകിയത്. സ്വാതന്ത്ര്യാനന്തരം അധികാരത്തിൽ വന്ന വിവിധ സർക്കാരുകളും ഈ വികലധാരണയാണ് വച്ചുപുലർത്തിവരുന്നത്. ഇസ്ലാംമതത്തെ മാത്രം പ്രോത്സാഹിപ്പിക്കുന്ന പാക്കിസ്ഥാനെ ഇസ്ലാംമതാധിഷ്ഠിതരാഷ്ട്രം എന്ന് വിളിക്കാമെങ്കിൽ, വിവിധ മതങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ഇൻഡ്യയെ ബഹുമതാധിഷ്ഠിത രാഷ്ട്രമെന്നല്ലേ വിളിക്കേണ്ടത് എന്ന് സഖാവ് ശിബ്ദാസ്ഘോഷ് ചോദിക്കുകയുണ്ടായി. ഇന്നത്തെ സാഹചര്യത്തിൽ, ജനങ്ങളെ ജാതി–മതചിന്താഗതികളുടെയടിസ്ഥാനത്തിൽ ഭിന്നിപ്പിച്ചുനിർത്തുകയെന്ന ഭരണവർഗ്ഗ പദ്ധതിയെയും ഈ നയം സഹായിക്കുന്നുണ്ട്. അതിനാൽ, ശരിയായ മതേതര നയം വിട്ടുവീഴ്ചയില്ലാതെ പാലിച്ചുകൊണ്ട് സമൂഹത്തെ ജനാധിപത്യവൽക്കരിക്കുന്നതിനായുള്ള സാമൂഹ്യ–സാംസ്കാരിക പ്രസ്ഥാനത്തെ മുന്നോട്ടുനയിക്കുകയെന്നതാണ് ഇന്നത്തെ പുരോഗമനശക്തികളുടെ കർത്തവ്യം. പക്ഷെ, സിപിഐ(എം) നയിക്കുന്ന വ്യവസ്ഥാപിത ഇടതുപക്ഷത്തിന്റെ ചെയ്തികൾ ഇക്കാര്യത്തിലും നിഷേധാത്മകമാണെന്നതാണ് ഖേദകരമായ വസ്തുത. സിപിഐ(എം) പ്രവർത്തകരും പ്രാദേശികനേതാക്കളും ആർഎസ്എസിനെ അനുകരിച്ച് ഗണേശോത്സവവും ശ്രീകൃഷ്ണജയന്തിഘോഷയാത്രയും പോലുള്ള മതപരമായ ചടങ്ങുകൾ സംഘടിപ്പിച്ചുകൊണ്ടിരിക്കുന്നത് ഉദാഹരണം. തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിലെ താൽക്കാലികനേട്ടങ്ങളിൽ മാത്രം ഉന്നംവച്ചുകൊണ്ടുള്ള ഇത്തരം പ്രവൃത്തികൾ ജനാധിപത്യവിപ്ലവത്തിന്റെ അവശേഷിക്കുന്ന സാമൂഹ്യ–സാംസ്കാരിക കടമകൾ പൂർത്തീകരിക്കുകയെന്ന ചരിത്രപരമായ കർത്തവ്യത്തിനെതിരാണെന്നും, അവ ആത്യന്തികമായി പിന്തിരിപ്പൻ ശക്തികളെ മാത്രമേ സഹായിക്കുകയുള്ളുവെന്നും തിരിച്ചറിയാൻ അവർക്ക് കഴിയുന്നില്ല.

### ഇടതുപക്ഷപ്രസ്ഥാനങ്ങളുടെ കർത്തവ്യം

മരണാസന്നമായ മുതലാളിത്തവ്യവസ്ഥിതിയുടെ താല്പര്യം മുൻനിർത്തി ഭരണവർഗ്ഗം ആവിഷ്കരിച്ചിരിക്കുന്ന ആഗോളവൽക്കരണ നയങ്ങൾ അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ജീവിതത്തിൽ സർവ്വനാശം വിതച്ചുകൊണ്ടിരിക്കുകയാണിന്ന്. മുതലാളിത്തം അതിന്റെ ഉദയകാലത്ത് നവോത്ഥാന ആദർശങ്ങളുയർത്തിപ്പിടിച്ചിരുന്നു. ഇന്ന്, ആസന്നമരണമായ മുതലാളിത്തം നവോത്ഥാനം മനുഷ്യന് നൽകിയ മൂല്യങ്ങളെയെല്ലാം നിരാകരിക്കുന്നു. നവോത്ഥാനം ജാതീയവും വംശീയവും ലിംഗപരവും മറ്റുമായ വൈജാത്യങ്ങളിൽ നിന്ന് 'പൊതു'വായ ദേശീയ സ്വത്വം ഉരുത്തിരിച്ചെടുത്തു. ഇന്ന് ആഗോളവൽക്കരണം 'പൊതു'വിനെ തള്ളിക്കളഞ്ഞ് 'തനതായ സ്വത്വ'ത്തെപ്പറ്റി മാത്രം പറയുന്നു. എല്ലാറ്റിനെയും കമ്പോളത്തിലെ ചരക്കാക്കുന്നു. ക്രയശേഷിയില്ലാത്തവരെ പുറമ്പോക്കുകളിലേയ്ക്ക് വലിച്ചെറിയുന്നു.

'നല്ലനാളുകൾ' വാഗ്ദാനം ചെയ്ത് അധികാരത്തിലേറിയ ശ്രീമാൻ നരേന്ദ്രമോദിയുടെ സർക്കാരും മുതലാളിവർഗ്ഗത്തിന്റെ കാര്യദർശിയെന്ന നിലയിൽ മുൻ ഗവണ്മെന്റിന്റെ അതേ ആഗോളവൽക്കരണ നയങ്ങൾ തന്നെയാണ് പിന്തുടരുന്നത്. ദിനംപ്രതി രൂക്ഷമായി വരുന്ന പ്രതിസന്ധിമൂലം, മറ്റെല്ലാ മുതലാളിത്ത രാജ്യങ്ങളിലുമെന്ന പോലെ നമ്മുടെ രാജ്യത്തും, ജനങ്ങൾ സമരപാതയിലണിനിരക്കാൻ നിർബ്ബന്ധിതരായിക്കൊണ്ടിരിക്കുന്നു. ഈ ജനരോഷം മുതലാളിത്ത ഭരണകൂടത്തിനെതിരായ വിപ്ലവപ്പോരാട്ടമായി വളരാൻ സാദ്ധ്യതയുണ്ടെന്ന് ഭയപ്പെടുന്ന ഭരണവർഗ്ഗം ഫാസിസത്തിൽ അഭയം പ്രാപിക്കുകയാണ്.

മുതലാളിത്തം മരണാസന്നമായിരിക്കുന്ന കാലഘട്ടത്തിൽ, ആസന്നമായ തൊഴിലാളിവർഗ്ഗവിപ്ലവത്തെ മുൻകൂർ നീക്കത്തിലൂടെ തടയുകയെന്ന ഉദ്ദേശ്യത്തോടെ മുതലാളിവർഗ്ഗം ആവിഷ്ക്കരിക്കുന്ന പ്രതിവിപ്ലവപദ്ധതിയാണ് ഫാസിസം എന്ന് സഖാവ് ശിബ്ദാസ്ഘോഷ് വിശദീകരിച്ചിട്ടുണ്ട്. രാജ്യത്തെ ജനങ്ങളുടെ ശാസ്ത്രീയമനോഭാവവും യുക്തിബോധവും മാനുഷികഭാവങ്ങളും കെടുത്തുക; അന്ധമായ രാജ്യസ്നേഹത്തിന്റെയോ മതഭ്രാന്തിന്റെയോ ഒക്കെ അടിസ്ഥാനത്തിൽ അവരുടെ വികാരങ്ങളെ വിജൃംഭിപ്പിക്കുക; അങ്ങനെ അവരെ ഭരണവർഗ്ഗത്തിന്റെ ചൊല്പടിക്ക് തുള്ളുന്ന യന്ത്രപ്പാവകളെപ്പോലുള്ള ആൾക്കൂട്ടമാക്കി മാറ്റുക; എന്നിട്ട് കമ്മ്യൂണിസ്റ്റുകളെയും മറ്റ് പുരോഗമനശക്തികളെയും ഉന്മൂലനം ചെയ്യാനായി അവരെ നിയോഗിക്കുക – ഇതാണ് ഫാസിസ്റ്റുകളുടെ പദ്ധതി.

ശാസ്ത്രത്തിന്റെ സാങ്കേതികവശങ്ങളുടെയും ആത്മീയവാദത്തിന്റെയും സവിശേഷലയനത്തിലൂടെ ഭരണവർഗ്ഗം ഫാസിസ്റ്റ് സംസ്കാരത്തിന് അടിത്തറയിടുന്നുവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. സാമ്പത്തികരംഗത്ത് മൂലധനത്തിന്റെ വലിയതോതിലുള്ള കേന്ദ്രീകരണവും, രാഷ്ട്രീയരംഗത്ത് അധികാരകേന്ദ്രീകരണവും ഫാസിസത്തിന്റെ സ്വഭാവവിശേഷങ്ങളാണ്. സമ്പൂർണ്ണഫാസിസം ഒരു രാജ്യത്ത് അരങ്ങേറിക്കഴിഞ്ഞാൽ പിന്നെ അവിടെ മനുഷ്യൻ എന്ന് വിളിക്കപ്പെടാവുന്ന അധികം പേരുണ്ടാവുകയില്ലെന്നും സഖാവ്ഘോഷ് അഭിപ്രായപ്പെടുകയുണ്ടായി. ഹിറ്റ്ലറുടെ ജർമ്മനി അതിന്റെ ചരിത്രസാക്ഷ്യമാണ്.

കേന്ദ്രത്തിലെ നരേന്ദ്രമോദി സർക്കാരിന്റെ നയനടപടികൾ ഫാസിസ്റ്റ് വിപത്തിലേയ്ക്ക് നാടിനെ ആനയിക്കുന്നവയാണ്. തൊഴിലാളിവർഗ്ഗം ത്യാഗോജ്ജ്വലങ്ങളായ സമരങ്ങളിലൂടെ നേടിയെടുത്ത തൊഴിലവകാശങ്ങളെല്ലാം ഒറ്റയടിക്ക് കവർന്നെടുക്കാനായി ആവിഷ്കരിച്ചിരിക്കുന്ന നിയമഭേദഗതികൾ ജനാധിപത്യമര്യാദകൾക്കെതിരായ കടന്നാക്രമണമാണ്. ശാസ്ത്രവിരുദ്ധമായ ആശയങ്ങളും വർഗ്ഗീയതയും പ്രചരിപ്പിക്കാനുള്ള ഉപാധിയായി വിദ്യാഭ്യാസരംഗത്തെ മാറ്റുന്നു. ശാസ്ത്ര കോൺഗ്രസ്സ് പോലുള്ള വേദികളെയും ചരിത്രഗവേഷണകൗൺസിൽ പോലുള്ള സ്ഥാപനങ്ങളെയും ഈ ലക്ഷ്യത്തോടെ ദുർവിനിയോഗം ചെയ്യുന്നു. നവോത്ഥാനം മുന്നോട്ടു കൊണ്ടുവന്ന മാനവവാദപരവും ജനാധിപത്യപരവുമായ എല്ലാ ആദർശങ്ങളും നിരങ്കുശം ചവിട്ടിമെതിക്കപ്പെടുകയാണ്. സർക്കാരിന്റെ ഒത്താശയോടെ സംഘപരിവാർ ശക്തികൾ രാജ്യത്തെങ്ങും ആശയപരമായ അസഹിഷ്ണുതയുടെ അന്തരീക്ഷം സൃഷ്ടിക്കുന്നു. ഓരോ വ്യക്തിയും എന്ത് ചിന്തിക്കണമെന്നും എന്ത് പറയണമെന്നും എന്ത് എഴുതണമെന്നും, എന്ത് ഭക്ഷിക്കണമെന്നും പോലും, തീരുമാനിക്കാനുള്ള അധികാരം ഭരണഘടനാതീതമായി പ്രവർത്തിക്കുന്ന അക്രമിസംഘങ്ങൾ കൈയിലെടുക്കുകയാണ്.

ഇടതുപക്ഷ സംസ്ഥാനമെന്നറിയപ്പെടുന്ന കേരളത്തിലും പ്രതിലോമശക്തികൾ പിടിമുറുക്കിക്കൊണ്ടിരിക്കുന്നു. പുരോഗമന–ജനാധിപത്യവിശ്വാസികളെ അത്യന്തം ഉത്കണ്ഠാകുലരാക്കുന്ന സാഹചര്യമാണിത്. ഫാസിസത്തെ പ്രതിരോധിക്കാനായി ഉന്നതമായ സംസ്കാരത്തിലും നീതിബോധത്തിലും പ്രബുദ്ധതയിലും അധിഷ്ഠിതമായ, ശക്തമായൊരു ജനാധിപത്യ ബഹുജനപ്രസ്ഥാനം വളർത്തിയെടുക്കേണ്ടത് അടിയന്തിരാവശ്യകതയായിരിക്കുന്നു. അതിന് മുൻകൈയെടുക്കേണ്ട ചുമതല ഇടതുപക്ഷശക്തികൾക്കുണ്ട്. ●



# പ്രത്യയശാസ്ത്രപരവും സംഘടനാപരവുമായ ചില പ്രശ്നങ്ങളെപ്പറ്റി

സഖാവ് പ്രൊവാഷ് ഘോഷ്

*(കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിന് ശേഷം എസ്‌യുസിഐ(സി) കേന്ദ്രക്കമ്മിറ്റി 2014 ജൂലൈ 7 മുതൽ 10 വരെ തിയ്യതികളിൽ കൊൽക്കത്തയിൽ വച്ച് കേന്ദ്രക്കമ്മിറ്റിയുടെ ഒരു വിപുലീകൃത യോഗം വിളിച്ചുചേർക്കുകയുണ്ടായി. വിവിധ സംസ്ഥാനങ്ങളിലെ നേതൃനിരയിലുള്ള സഖാക്കൾ ആ യോഗത്തിൽ സംബന്ധിച്ചു. തെരഞ്ഞെടുപ്പിന് ശേഷമുള്ള രാഷ്ട്രീയ സാഹചര്യവും നമ്മുടെ സംഘടനാപരമായ കർത്തവ്യങ്ങളും എന്നതായിരുന്നു അജണ്ട. ഈ വിഷയത്തിൽ വിശദമായ ചർച്ചകൾക്കുള്ള അവസരം സഖാക്കൾക്ക് നൽകപ്പെട്ടു. കേന്ദ്രക്കമ്മിറ്റിയംഗങ്ങളും സംസാരിച്ചു. തുടർന്ന് പോളിറ്റ്ബ്യൂറോ അംഗങ്ങളായ സഖാക്കൾ കൃഷ്ണ ചക്രവർത്തി, മണിക്‌മുഖർജി, രഞ്ജിത് ധർ എന്നിവർ സംസാരിച്ചു. ഒടുവിൽ ചർച്ച ഉപസംഹരിച്ചുകൊണ്ട് നമ്മുടെ ജനറൽസെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷ് സംസാരിച്ചു. എല്ലാ സംസ്ഥാനങ്ങളിലെയും സഖാക്കളുടെ വ്യക്തിപരവും കൂട്ടായുമുള്ള സമരത്തിന് മൂർച്ചകൂട്ടാനും, അതുപോലെ വർഗ്ഗ ബഹുജനസമരങ്ങൾ വളർത്തിയെടുക്കാനുള്ള പരിശ്രമങ്ങൾക്ക് ആക്കം വർദ്ധിപ്പിക്കാനും ഈ പ്രസംഗം സഹായകമാകുമെന്ന പ്രതീക്ഷയോടെ കേന്ദ്രക്കമ്മിറ്റി അത് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. 2015 സെപ്തംബർ 1-ന് പ്രസിദ്ധീകൃതമായ ആ പ്രസംഗത്തിന്റെ മലയാളം പരിഭാഷയാണിത്.)*

**പോ**ളിറ്റ്ബ്യൂറോ അംഗങ്ങളായ സഖാക്കളേ, കേന്ദ്രകമ്മിറ്റിയംഗങ്ങളായ സഖാക്കളേ, പ്രിയപ്പെട്ട സഖാക്കളേ,

ആദ്യമേ തന്നെ എല്ലാ സഖാക്കളെയും, അവർ നടത്തിയ അഭിപ്രായപ്രകടനങ്ങളുടെ പേരിൽ ഞാൻ ഹൃദയപൂർവ്വമായ നന്ദി അറിയിച്ചുകൊള്ളട്ടെ. നിരവധി സഖാക്കൾ വിലപ്പെട്ട അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അവതരിപ്പിച്ചു. പാർട്ടിയുടെ ഭാവിയെപ്പറ്റി വലിയ പ്രതീക്ഷ നൽകുന്ന കാര്യമാണത്. ഭാവിയിൽ ഇത്തരം യോഗങ്ങൾ ഇടയ്ക്കിടെ വിളിച്ചുകൂട്ടാൻ പാർട്ടി ആഗ്രഹിക്കുന്നു.

സമീപകാല രാഷ്ട്രീയ സംഭവവികാസങ്ങളെ സംബന്ധിച്ച് പോളിറ്റ്ബ്യൂറോ അംഗങ്ങൾ നടത്തിയ വിലപ്പെട്ട പ്രസംഗങ്ങൾ നിങ്ങൾ കേട്ടു. ഞാൻ മുഖ്യമായും സംഘടനാപ്രശ്നങ്ങളിൽ ഒതുങ്ങി നിന്ന് സംസാരിക്കാം. പക്ഷെ, അതിന് മുമ്പ് മറ്റ് ചില വിഷയങ്ങൾ ചർച്ച ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്നത്തെ ജനറൽസെക്രട്ടറിയെ ഉയർത്തിക്കാട്ടണം (പ്രൊജക്ട് ചെയ്യണം) എന്ന ഒരു നിർദ്ദേശം ഇവിടെ അവതരിപ്പിക്കപ്പെടുകയുണ്ടായി. നേതൃത്വത്തെ ഉയർത്തിക്കാട്ടുക എന്നതിനെ ആ വിധത്തിൽ കണ്ടുകൂടാ എന്നാണ് എന്റെ അഭിപ്രായം. മഹാനായ മാർക്സിസ്റ്റ് ദാർശനികനും നമ്മുടെ ഗുരുനാഥനും ലോക തൊഴിലാളിവർഗ്ഗവിപ്ലവപ്പോരാട്ടത്തിന്റെ നേതാവുമായ സഖാവ് ശിബ്ദാസ്ഘോഷിനെ മാത്രമേ പാർട്ടി ഉയർത്തിക്കാട്ടാവൂ. മതപ്രസ്ഥാനങ്ങൾ ഒരിക്കൽ അവരുടെ നേതാക്കളെ ഉയർത്തിക്കാട്ടി. വ്യത്യസ്ത രാജ്യങ്ങളിലെ നവോത്ഥാനവും സ്വാതന്ത്ര്യപ്രസ്ഥാനവും സ്വന്തം നേതാക്കളെ ഉയർത്തിക്കാട്ടുകയുണ്ടായി. അതുപോലെതന്നെ, തൊഴിലാളിവർഗ്ഗവിപ്ലവപ്പോരാട്ടത്തിനും സ്വന്തം നേതൃത്വത്തെ ഉയർത്തിക്കാട്ടേണ്ട ആവശ്യകതയുണ്ട്. അതിനാൽ, നമ്മുടെ അന്തരിച്ച നേതാവും ഗുരുനാഥനുമായ സഖാവ് ഘോഷിന്റെ നാമധേയവും പാഠങ്ങളും രാജ്യത്തിന്റെ ഓരോ കോണിലുമെത്തേണ്ടതുണ്ട്. ചൂഷിതരായ ജനങ്ങൾക്ക് വിദ്യാഭ്യാസവും പ്രചോദനവും പകർന്നുനൽകുന്നതിന് വേണ്ടി അവരിലോരോരുത്തരുടെയും ഹൃദയത്തിൽ അവ പതിയേണ്ടതാവശ്യമാണ്. ഇന്നത്തെ അനുപേക്ഷണീയമായ ഒരു കർത്തവ്യമാണിത്. നിങ്ങൾക്കറിയാം, മഹാനായ ലെനിന്റെ നിര്യാണത്തിന് ശേഷം പോലും അദ്ദേഹം വളരെയേറെ ഉയർത്തിക്കാട്ടപ്പെടുകയുണ്ടായി. ബോൾഷെവിക് പാർട്ടിയിലെ സാധാരണ അംഗങ്ങൾ മാത്രമല്ല, ലെനിന്റെ അർഹനായ പിൻഗാമിയായ മഹാനായ സ്റ്റാലിനും അങ്ങനെ തന്നെ ചെയ്തു. അതിലൂടെയാണ് ലെനിൻ കഴിഞ്ഞാൽ അടുത്ത സ്ഥാനത്തു നിൽക്കുന്ന ഒരു മാർക്സിസ്റ്റ് പ്രാമാണികനായി സ്റ്റാലിൻ ഉയർന്നുവന്നത്. പാർട്ടിയുടെ ജനറൽസെക്രട്ടറിയെന്ന നിലയിൽ എന്നിൽ അർപ്പിതമായിരിക്കുന്ന കർത്തവ്യങ്ങൾ നിറവേറ്റാൻ, സഖാവ് ശിബ്ദാസ്ഘോഷിന്റെ വിദ്യാർത്ഥിയെന്ന നിലയിൽ, അവസാനത്തുള്ളി രക്തം ചിന്തിയും ഞാൻ പരിശ്രമിക്കുന്നതാണ്. വിവിധ സംസ്ഥാനങ്ങൾ സന്ദർശിച്ച് സഖാക്കളുമായി ഔപചാരികവും അനൗപചാരികവുമായ ചർച്ചകളിലേർപ്പെടാനും അതുപോലെ തന്നെ അവരിൽ നിന്ന് പഠിക്കാനും ഞാൻ ശ്രമിക്കും. ആവശ്യകതയ്ക്കനുസരിച്ച് ചില പൊതുസമ്മേളനങ്ങളിലും ഞാൻ പ്രസംഗിക്കാം. മറ്റ് പോളിറ്റ്ബ്യൂറോ അംഗങ്ങളും സമാനമായി പ്രവർത്തിക്കും.

മറ്റൊരു നിർദ്ദേശമിവിടെ വന്നു, ഞാൻ അതിനെ പിന്തുണയ്ക്കുകയും ചെയ്യുന്നു. പ്രസിദ്ധീകരണങ്ങളെ സംബന്ധിച്ചാണത്. വിവിധ തരം പ്രസിദ്ധീകരണങ്ങൾ നമുക്കാവശ്യമുണ്ട്. സഖാവ് ശിബ്ദാസ്ഘോഷിന്റെ അപ്രകാശിതങ്ങളായ പ്രസംഗങ്ങൾ പ്രസിദ്ധീകരിക്കാൻ നാം തുടർന്നും ശ്രമിക്കും. അതിന് പുറമെ പ്രാചീന ഇൻഡ്യയിലെ ഭൗതികവാദത്തിന്റെ വളർച്ച എടുത്തുകാട്ടുന്ന തരത്തിൽ ഇൻഡ്യൻ തത്വചിന്തയെ സംബന്ധിച്ചുള്ള കൃതികൾ നമുക്കാവശ്യമുണ്ട്. എന്തെന്നാൽ, ഭൗതികവാദികളായ പല പ്രബല ദാർശനികരും പ്രാചീന ഇൻഡ്യയിലുണ്ടായിരുന്നെങ്കിൽപ്പോലും ബിജെപി-ആർഎസ്എസ് നമ്മുടെ പാരമ്പര്യത്തെക്കുറിച്ച് പറയുമ്പോൾ വളരെ വിദഗ്ദ്ധമായും കൗശലപൂർവ്വവും അവരെ ഒഴിവാക്കുകയാണ്. ചരിത്രസംബന്ധിയായ കൃതികൾ, മാർക്സിസം-ലെനിനിസം-സഖാവ് ശിബ്ദാസ്ഘോഷ് ചിന്തയുടെ അടിസ്ഥാനത്തിൽ ഇൻഡ്യൻ സമൂഹത്തിന്റെ വികാസചരിത്രം വിശകലനം ചെയ്യുന്ന കൃതികൾ, നമുക്കാവശ്യമുണ്ട്. പുത്തൻ ട്രോട്സ്കിയിസത്തിനെതിരായ കൃതികൾ നമുക്കാവശ്യമുണ്ട്. ക്രൂഷ്ചേവിന് സ്റ്റാലിന്റെ ആധികാരികതയെ ഇടിച്ചുതാഴ്ത്താൻ സാധിച്ചതിനെത്തുടർന്ന് ഉടലെടുത്ത കപടമാർക്സിസ്റ്റ് ചിന്താസരണിയായ പുത്തൻട്രോട്സ്കിയിസം നമ്മുടെ രാജ്യത്ത് വലിയ പ്രശ്നമല്ലെങ്കിൽപ്പോലും ലാറ്റിനമേരിക്കയിലും യൂറോപ്പിലും അത് തലയുയർത്തിയിരിക്കുകയാണ്. ഹിന്ദു മതമൗലികവാദത്തെയും ഇസ്ലാമിക മൗലികവാദത്തെയും ചെറുക്കാൻ സഹായിക്കുന്ന കൃതികൾ നമുക്കാവശ്യമുണ്ട്. നമ്മുടെ രാജ്യത്തെ ജാതിയുടെയും ദേശീയതയുടെയും പ്രശ്നങ്ങളെ സംബന്ധിച്ച കൃതികളും നമുക്കാവശ്യമുണ്ട്. ഈ മേഖലയിൽ പോളിറ്റ്ബ്യൂറോ അംഗങ്ങളുടെയും കേന്ദ്രകമ്മിറ്റിയംഗങ്ങളുടെയും ഈ യോഗത്തിൽ പങ്കെടുക്കുന്ന മറ്റ് സഖാക്കളുടെ പോലും സംഭാവനയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ശാസ്ത്രരംഗത്ത് സഖാവ് ശിബ്ദാസ്ഘോഷിന്റെ കാലത്തിന് ശേഷമുണ്ടായ വികാസങ്ങളെ സംബന്ധിച്ച് എഴുതണമെന്ന് ഞാൻ ഇതിനകം സഖാവ് കൃഷ്ണചക്രവർത്തിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ശാസ്ത്രരംഗത്ത് പ്രവർത്തിക്കുന്ന സഖാക്കളുടെ സഹായം തീർച്ചയായും അദ്ദേഹത്തിന് ലഭിക്കും. നോവലുകളും ചെറുകഥകളും കവിതകളുമൊക്കെയെഴുതുന്ന സാഹിത്യകാരന്മാരെ നമുക്കാവശ്യമുണ്ട്. അവരെ നാം പ്രോത്സാഹിപ്പിക്കണം. എന്നാൽ ഈ രംഗത്ത് ഒരു പ്രശ്നം നിലനിൽക്കുന്നു. പല സഖാക്കൾക്കും നന്നായി പ്രസംഗിക്കാൻ കഴിയും, പക്ഷെ അവർ പേന കൈകൊണ്ട് തൊടുകയില്ല. പ്രസംഗവും എഴുത്തും തമ്മിൽ അപരിഹാര്യമായ ഒരു പ്രതിയോഗിതവൈരുദ്ധ്യമുണ്ടെന്ന് തോന്നും അവരുടെ രീതി കണ്ടാൽ. ഈ ദുഃസ്വഭാവം ഉപേക്ഷിച്ചേ പറ്റൂ. ഇക്കാരണം കൊണ്ടാണ് പ്രോലിറ്റേറിയൻ ഇറായുടെ പ്രസിദ്ധീകരണം ബുദ്ധിമുട്ട് നേരിടുന്നത്. പ്രോലിറ്റേറിയൻ ഇറായ്ക്ക് വേണ്ടി എഴുതാൻ നേതാക്കളോടും സഖാക്കളോടും, പ്രത്യേകിച്ചും ദക്ഷിണേന്ത്യയിൽ നിന്നുള്ള സഖാക്കളോട്, ഞങ്ങൾ ഇതിനകം അഭ്യർത്ഥിച്ചിട്ടുണ്ട്. ഹിന്ദി മുഖപത്രം പ്രസിദ്ധീകരിക്കുന്ന സഖാക്കളും ഇതേ പ്രശ്നത്തെ നേരിടുകയാണ്. ഹിന്ദിമേഖലയിൽ നിന്നുള്ള എഴുത്തുകാർ അവരെ സഹായിക്കേണ്ടിയിരിക്കുന്നു.

നമുക്ക് മ്യൂസിക്സ്ക്വാഡും നാടകസംഘവും മറ്റ് കലാ സാംസ്കാരിക മാധ്യമങ്ങളും ഉണ്ടാകണം. എല്ലാ സംസ്ഥാനങ്ങളിലെയും പാർട്ടിക്കമ്മിറ്റികളും ബഹുജന മുന്നണി സംഘടനകളും ഇക്കാര്യത്തിന് ഊന്നൽ നൽകണം.

തെരഞ്ഞെടുപ്പിന് ശേഷം രാജ്യത്തുണ്ടായ രാഷ്ട്രീയ സംഭവവികാസങ്ങളെ സംബന്ധിച്ച് മൂന്ന് പോളിറ്റ്ബ്യൂറോ അംഗങ്ങൾ, സഖാക്കൾ കൃഷ്ണചക്രവർത്തിയും രഞ്ജിത് ധറും മണിക് മുഖർജിയും, നടത്തിയ പ്രസംഗങ്ങൾ നിങ്ങൾ കേട്ടുകഴിഞ്ഞു. ബഹുരാഷ്ട്രകുത്തകകളുടെയും ഇൻഡ്യൻ കുത്തകകളുടെയും അനുഗ്രഹാശിസ്സുകളോടെ ബിജെപി അധികാരത്തിലേറിയതിനെത്തുടർന്ന് ഫാസിസ്റ്റ് വിപത്ത് കൂടുതൽ ഗുരുതരമായിത്തീർന്നിരിക്കുന്നുവെന്ന് അവർ ചൂണ്ടിക്കാണിച്ചു. സഖാവ് കൃഷ്ണചക്രവർത്തി ഈ വിഷയത്തിൽ വിശദവും സുപ്രധാനവുമായ ഒരു ചർച്ച നടത്തിക്കഴിഞ്ഞു.

ഞാൻ ഒരു കാര്യം മാത്രം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. ഫാസിസ്റ്റ് വിപത്ത് ഉത്കണ്ഠാജനകമാംവിധം വർദ്ധിച്ചുവരികയാണെങ്കിൽപ്പോലും അത് നമ്മെ ഒട്ടും പരിഭ്രമിപ്പിക്കുന്നില്ല എന്നതാണത്. ഈ വിപത്തിനെ രാഷ്ട്രീയമായും പ്രത്യയശാസ്ത്രപരമായും നേരിടാൻ പര്യാപ്തമായ വിധത്തിൽ നമ്മെ സായുധരാക്കുന്ന സഖാവ് ശിബ്ദാസ്ഘോഷ് ചിന്തകൾ നമ്മുടെ പക്കലുണ്ട്. മുതലാളിത്തം അതിന്റെ ആദ്യകാലത്ത്, കുത്തകസ്വഭാവം ആർജ്ജിക്കുന്നതിന് മുമ്പുള്ള കാലത്ത്, ജനാധിപത്യത്തോടും വ്യക്തിസ്വാതന്ത്ര്യത്തോടും കൂടുതൽ പ്രതിജ്ഞാബദ്ധത പുലർത്തിയിരുന്നു. എന്നാൽ കുത്തക സ്വഭാവം ആർജ്ജിച്ചതിന് ശേഷം അത് ഉദ്യോഗസ്ഥദുഷ്പ്രഭുത്വത്തോടും സൈനികാധിപത്യത്തോടുമാണ് പ്രതിപത്തി പുലർത്തുന്നത്. മഹാനായ ലെനിൻ എത്രയോ വർഷങ്ങൾക്കു മുമ്പ് ചൂണ്ടിക്കാട്ടിയിട്ടുള്ള കാര്യമാണിത്. മഹാനായ സ്റ്റാലിൻ സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പതിനേഴാംകോൺഗ്രസ്സിൽ വച്ച് പറഞ്ഞു: "യുദ്ധവെറി പൂണ്ട ബൂർഷ്വാരാഷ്ട്രീയക്കാരുടെയിടയിൽ ഇപ്പോൾ ഏറ്റവും മേനികൂടിയ ചരക്കായി ഫാസിസം മാറിയിരിക്കുന്നതിൽ അത്ഭുതപ്പെടേണ്ടതില്ല. ഞാനുദ്ദേശിച്ചത് സാമാന്യേനയുള്ള ഫാസിസം എന്നുമാത്രമല്ല, പ്രാഥമികമായും ജർമ്മൻശൈലിയിലുള്ള ഫാസിസം എന്നുതന്നെയാണ്." പിൽക്കാലത്ത് സഖാവ് ശിബ്ദാസ്ഘോഷ് ഫാസിസത്തെ സംബന്ധിച്ചുള്ള ഏറ്റവും വികസിതവും സമഗ്രവുമായ ധാരണ പ്രദാനം ചെയ്തു. അങ്ങനെ അദ്ദേഹം മാർക്സിസം-ലെനിനിസത്തിന്റെ വിജ്ഞാനശേഖരത്തെ സമ്പന്നമാക്കിത്തീർത്തു. രണ്ടാം ലോകയുദ്ധത്തിൽ ഫാസിസ്റ്റ് ജർമ്മനി സൈനികമായി പരാജയപ്പെട്ടതോടെ ഫാസിസം നിർമ്മാർജ്ജനം ചെയ്യപ്പെട്ടിരിക്കുന്നു എന്ന തരത്തിലുള്ള ഒരു ആശയക്കുഴപ്പമുണ്ടായി എന്ന കാര്യം സ്മരണീയമാണ്. നമ്മുടെ പാർട്ടി രൂപംകൊണ്ടുവരുന്ന നാളുകളായിരുന്നു അത്. അക്കാലത്ത് തന്നെ ഈ തെറ്റായ ആശയത്തെ തള്ളിക്കളഞ്ഞുകൊണ്ട് സഖാവ് ശിബ്ദാസ്ഘോഷ് ചൂണ്ടിക്കാട്ടി: ഒന്നാമതായി, ഫാസിസ്റ്റ് ശക്തികൾ സൈനികമായി പരാജയപ്പെട്ടുവെങ്കിലും ഒരു പ്രതിഭാസമെന്ന നിലയിൽ ഫാസിസം പരാജയപ്പെട്ടിട്ടില്ല. മറിച്ച്, മുതലാളിത്തം ഏറ്റവും പ്രതിലോമസ്വഭാവം കൈവരിച്ചിരിക്കുന്ന ഇന്നത്തെ ഘട്ടത്തിൽ വികസിത മുതലാളിത്ത രാജ്യങ്ങളിൽ മാത്രമല്ല, അവികസിത മുതലാളിത്ത രാജ്യങ്ങളിലും ഫാസിസം പല അളവിൽ പല രൂപത്തിൽ പ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. രണ്ടാമതായി അദ്ദേഹം ഫാസിസത്തിന്റെ താഴെപ്പറയുന്ന മൂന്ന് സവിശേഷതകൾ ചൂണ്ടിക്കാട്ടുകയുണ്ടായി. 1) കുത്തകയുടെ രൂപത്തിൽ മൂലധനത്തിന്റെ പരമാവധി കേന്ദ്രീകരണം. 2) ഭരണകൂടത്തിന്റെ കൈകളിൽ രാഷ്ട്രീയാധികാരത്തിന്റെ പരമാവധി കേന്ദ്രീകരണം. 3) ആത്മീയവാദവും ശാസ്ത്രത്തിന്റെ സാങ്കേതികവശങ്ങളും തമ്മിലുള്ള ലയനം. ഈ രണ്ടുകാര്യങ്ങളും അദ്ദേഹം അവതരിപ്പിച്ച അടിസ്ഥാനപരമായ സൈദ്ധാന്തികനിഗമനങ്ങളാണ്. സാർവ്വത്രികമായ സാധുത ഈ സിദ്ധാന്തത്തിനുണ്ട്. ഈ വിഷയത്തിലുള്ള അദ്ദേഹത്തിന്റെ മറ്റ് നിരീക്ഷണങ്ങളും പ്രധാനപ്പെട്ടവയാണ്. അവയ്ക്കും ഇപ്പോഴും സാധുതയുണ്ട്.

ഇനി, സിപിഐ(എം)-ഉം മറ്റ് ഇടതുപക്ഷ പാർട്ടികളുമായുള്ള ഐക്യത്തിന്റെ പ്രശ്നം. ചില സഖാക്കൾക്ക് ഈ വിഷയത്തിലുള്ള ലെനിനിസ്റ്റ് ധാരണ ഇല്ല എന്നാണ് കാണുന്നത്. ഈ വിഷയത്തെ മാർക്സിസ്റ്റുകൾ എങ്ങനെയാണ് കാണേണ്ടത്? മഹാനായ ലെനിൻ അതിന് ഉത്തരം നൽകിയിട്ടുണ്ട്: "കൂടുതൽ കരുത്തനായ ശത്രുവിനെ കീഴടക്കണമെങ്കിൽ അങ്ങേയറ്റത്തെ പരിശ്രമം നടത്തിയേ മതിയാവൂ. അതുപോലെ തന്നെ, വിവിധ രാജ്യങ്ങളിലെ ബൂർഷ്വാസിക്കിടയിലുള്ള ഏറ്റവും നേരിയ വിള്ളലിനെപ്പോലും, വിരുദ്ധ താല്പര്യങ്ങൾ മൂലം അവർക്കിടയിൽ ഉടലെടുക്കുന്ന

*(ശേഷം 14-ാം പേജിൽ)*

# പ്രത്യയശാസ്ത്രപരവും സംഘടനാപരവുമായ ചില പ്രശ്നങ്ങളെപ്പറ്റി

(13-ാം പേജിൽ നിന്ന്)

നിസ്സാരമായ ശത്രുതയെപ്പോലും, പ്രയോജനപ്പെടുത്തണം. അതിന് അനിവാര്യമായും ആഴത്തിലുള്ളതും ശ്രദ്ധാപൂർവ്വവും സൂക്ഷ്മതയോടുകൂടിയതും വൈഭവത്തോടുകൂടിയതുമായ പരിശ്രമം വേണം. അതുപോലെ തന്നെ, ബഹുജനപിന്തുണയുള്ള ഒരു സഖ്യശക്തിയെ കിട്ടാനുള്ള എത്ര ചെറിയ അവസരവും പ്രയോജനപ്പെടുത്തണം. ആ സഖ്യശക്തി താല്ക്കാലികമായി മാത്രം സഖ്യംപുലർത്തുന്നതും, ചാഞ്ചാട്ടസ്വഭാവമുള്ളതും, സ്ഥിരതയില്ലാത്തതും, സോപാധികവുമാണെങ്കിൽപ്പോലും. ഇത് മനസ്സിലാക്കാത്തവർ മാർക്സിസത്തിന്റെയും, പൊതുവിൽ ആധുനിക ശാസ്ത്രീയസോഷ്യലിസത്തിന്റെയും, കണിക പോലും മനസ്സിലാക്കുന്നതിൽ പരാജയപ്പെട്ടവരാണ്...ബോൾഷെവിക്കുകൾ എക്കാലവും ഈ നയം മുറുകെപ്പിടിച്ചു. 1903 മുതൽ ബോൾഷെവിക്കുകൾ, ലിബറൽബൂർഷ്വാസിക്കും സാറിസത്തിനുമെതിരെ തൊഴിലാളിവർഗ്ഗത്തിന്റെയും കർഷകരുടെയും ഐക്യത്തിന് വേണ്ടി ചിട്ടയായി വാദിച്ചുപോന്നു. എന്നാൽ അതേസമയം തന്നെ അവർ സാറിസത്തിനെതിരെ ബൂർഷ്വാസിയെ പിന്തുണയ്ക്കാൻ ഒരിക്കലും വിസമ്മതിച്ചിട്ടില്ല. അതുപോലെ തന്നെ, ബൂർഷ്വാ വിപ്ലവ കർഷകപ്പാർട്ടിയായ സോഷ്യലിസ്റ്റ് റെവല്യൂഷണറികൾക്കെതിരായ നിരന്തരമായ പ്രത്യയശാസ്ത്ര രാഷ്ട്രീയസമരത്തിന് ഒരിളവും വരുത്തിയില്ല. സ്വയം സോഷ്യലിസ്റ്റുകളെന്ന് തെറ്റായി അവകാശപ്പെട്ടിരുന്ന ആ പാർട്ടി യഥാർത്ഥത്തിൽ പെറ്റിബൂർഷ്വാ ജനാധിപത്യവാദികളാണെന്നത് തുറന്നുകാട്ടുന്നതിലും യാതൊരു വിട്ടുവീഴ്ചയും ചെയ്തില്ല. 1903-നും 1912-നുമിടയിലുള്ള നിരവധി വർഷങ്ങൾ നാം ഔപചാരികമായി മെൻഷെവിക്കുകളുമായി ഐക്യത്തിൽ, ഒരൊറ്റ സോഷ്യൽഡെമോക്രാറ്റിക് പാർട്ടിക്കുള്ളിലാണ് പ്രവർത്തിച്ചിരുന്നത്. എന്നാൽ അവസരവാദികളും തൊഴിലാളിവർഗ്ഗത്തിനിടയിൽ ബൂർഷ്വാ സ്വാധീനം കൊണ്ടെത്തിക്കുന്നവരുമായ അവർക്കെതിരായ പ്രത്യയശാസ്ത്ര-രാഷ്ട്രീയ സമരം നാം ഒരിക്കൽപ്പോലും അവസാനിപ്പിച്ചില്ല... ഒക്ടോബർ വിപ്ലവത്തിന്റെ ആ നിമിഷം മുതൽ നാം പെറ്റിബൂർഷ്വാ കർഷകവർഗ്ഗവുമായി അനൗപചാരികമെങ്കിലും സുപ്രധാനമായ ഒരു രാഷ്ട്രീയ ഐക്യത്തിൽ പ്രവേശിച്ചു... അതേസമയം തന്നെ നാം ഇടതുപക്ഷ സോഷ്യലിസ്റ്റ് റെവല്യൂഷണറികളുമായി, ഗവണ്മെന്റിൽ പങ്കാളിത്തമുൾപ്പെടെയുള്ള ഔപചാരികമായ രാഷ്ട്രീയഐക്യത്തിനുള്ള നിർദ്ദേശം മുന്നോട്ടുവച്ചു. ബ്രെസ്റ്റ് ലിതോവ്സ്ക് ഉടമ്പടി ഒപ്പുവയ്ക്കപ്പെട്ടതിനെത്തുടർന്ന് അവർ ആ ഐക്യം പിരിച്ചുവിടുകയും, തുടർന്ന് 1918 ജൂലൈയിൽ, നമുക്കെതിരെ സായുധ കലാപവും ഒടുവിൽ സായുധപ്പോരാട്ടവും പോലും നടത്തുന്ന നിലപാടിലേയ്ക്ക് മാറുകയും ചെയ്തു.” ലെനിൻ ഉദാഹരണസഹിതം നൽകുന്ന പാഠം ഇതാണ്. രണ്ടാം ലോകയുദ്ധകാലത്ത് അച്ചുതണ്ടുശക്തികൾക്കെതിരെ (ഫാസിസ്റ്റ് ജർമ്മനി, ഇറ്റലി, സാമ്രാജ്യത്വ ജപ്പാൻ) പാശ്ചാത്യ സാമ്രാജ്യത്വശക്തികളുമായി (അമേരിക്ക, ബ്രിട്ടൺ,ഫ്രാൻസ്) സഖ്യത്തിലേർപ്പെട്ടപ്പോൾ മഹാനായ സ്റ്റാലിൻ ഈ പാഠമാണ് വിജയകരമായി പ്രയോഗിച്ചത്. മഹാനായ മാവോ സെതുങ്ങും ഈ ലൈൻ വിജയകരമായി പ്രയോഗിച്ചു. ജപ്പാൻ ചൈനയെ ആക്രമിച്ചപ്പോൾ അദ്ദേഹം കുമിന്താങ്ങുമായി സഖ്യത്തിലേർപ്പെട്ടു (ആ കുമിന്താങ്ങുമായാണ് അദ്ദേഹം ആഭ്യന്തരയുദ്ധത്തിലേർപ്പെട്ടിരുന്നത്).

നമ്മുടെ മഹാനായ നേതാവ് സഖാവ് ശിബ്ദാസ്ഘോഷ് ഈ വിഷയത്തിൽ നൽകിയിട്ടുള്ള പാഠമെന്താണെന്ന് നോക്കുക. അദ്ദേഹം പറഞ്ഞു: “ജനാധിപത്യസമരത്തിന്റേതായ ഈ ഘട്ടം നിലനിൽക്കുവോളം, അതായത് ജനാധിപത്യ ബഹുജനപ്രക്ഷോഭങ്ങൾ വളർത്തിയെടുക്കുന്നതിലൂടെ വിപ്ലവപ്പാർട്ടിക്ക് അത് നയിക്കുന്ന ബഹുജനമുന്നണി സംഘടനകളുമായിച്ചേർന്ന് എല്ലാ ബഹുജനപ്രക്ഷോഭങ്ങളെയും ഏകോപിപ്പിച്ച് അവയുടെ ചരിത്രപരമായ പരിണതിയായ മുതലാളിത്തവിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവത്തിലേയ്ക്ക് നയിക്കാൻ പര്യാപ്തമായ കരുത്തുണ്ടാകുന്നതുവരെയും, ഐക്യമുന്നണി ആവശ്യമാണ്. ഒരു മുട്ടുശാന്തിയെന്ന നിലയിലല്ല, മറിച്ച് ജനാധിപത്യപ്രക്ഷോഭത്തിലെ അനുപേക്ഷണീയമായ സമരോപകരണമെന്ന നിലയിൽ.” അദ്ദേഹം വീണ്ടും പറഞ്ഞു: “എല്ലാ ഇടതുപക്ഷ ജനാധിപത്യ പാർട്ടികളുടെയും ശക്തികളുടെയും ഐക്യമുന്നണിയാണ് ഒരേയൊരു ബദൽ...ജനങ്ങളുടെ വിപ്ലവപ്രബുദ്ധത വളർത്തിയെടുക്കുന്നതിലൂടെ ഈ ശക്തികളെ ബഹുജനങ്ങളിൽ നിന്ന് പൂർണ്ണമായും ഒറ്റപ്പെടുത്താൻ കഴിയുന്നതുവരെയും അവരുമായി ഐക്യം വളർത്തിയെടുക്കുന്ന ഈ പ്രക്രിയ തുടരുകയും ചെയ്യും. വിപ്ലവകരമായ അനിവാര്യതയിൽ നിന്ന് തന്നെ നാം ഈ ഐക്യം കാത്തുപുലർത്താൻ വേണ്ടി ശ്രമിക്കുകയെങ്കിലും ചെയ്യേണ്ടതാണ്.” മിക്ക സഖാക്കൾക്കും അറിയാത്ത ഒരു കാര്യമുണ്ട്. സ്വാതന്ത്ര്യലബ്ധിയെത്തുടർന്ന് പശ്ചിമബംഗാളിൽ ബഹുജനപ്രക്ഷോഭത്തിലേർപ്പെട്ടിരുന്ന മറ്റ് ഇടതുപക്ഷ പ്പാർട്ടികളൊന്നും തന്നെ അന്നത്തെ സിപിഐ-യുമായി ഐക്യത്തിന് തയ്യാറായിരുന്നില്ല. 1942-ലെ ക്വിറ്റിൻഡ്യാ സമരത്തിനെതിരെ അവർ സ്വീകരിച്ച നിലപാടും, 1948-ൽ മറ്റെല്ലാ ഇടതുപക്ഷപാർട്ടികളെയും സാമ്രാജ്യത്വത്തിന്റെ ഏജന്റുമാരെന്ന് മുദ്രയടിച്ചുകൊണ്ട് അവർ കൈക്കൊണ്ട തീവ്രഇടതുസാഹസിക നിലപാടുമായിരുന്നു അതിന് കാരണം. അന്ന് സഖാവ് ശിബ്ദാസ്ഘോഷ് സിപിഐ-യെ മുന്നണിയിൽ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെപ്പറ്റി മറ്റ് പാർട്ടികളുടെ നേതാക്കളെ ബോദ്ധ്യപ്പെടുത്താൻ സഖാവ് നിഹാർമുഖർജിയെ ചുമതലപ്പെടുത്തുകയുണ്ടായി. ഒടുവിൽ അവരെല്ലാം നമ്മുടെ നിർദ്ദേശം സ്വീകരിച്ചു. അതുമുതലിങ്ങോട്ട് നമ്മൾ നിരവധി സംയുക്തസമരങ്ങളിൽ പങ്കാളികളായിട്ടുണ്ട്. ഐക്യമുന്നണിക്കുള്ളിൽ നമ്മുടെ പാർട്ടിയുടെ വിപ്ലവലൈനും മറ്റ് പാർട്ടികളുടെ പരിഷ്കരണവാദപരമായ ലൈനും തമ്മിൽ നിശിതമായ വൈരുദ്ധ്യമുണ്ടായിരുന്നുവെങ്കിലും. ഇത്തരം യോജിച്ച സമരങ്ങളുടെ ഫലമായി പശ്ചിമബംഗാളിൽ രണ്ട് പ്രാവശ്യം ഐക്യമുന്നണി ഗവണ്മെന്റ് അധികാരത്തിൽ അവരോധിക്കപ്പെടുകയും ചെയ്തു. ഐക്യം തകർത്തത് 1970-ൽ സിപിഐ(എം) ആയിരുന്നു. എങ്കിലും 1972-ൽ വീണ്ടും അവർ കോൺഗ്രസ്സ് ഭരണം അഴിച്ചുവിട്ട ഭീകരവാഴ്ച കണ്ട് ഭയപ്പെട്ട് ഐക്യത്തിനുവേണ്ടി വന്നു. എന്നാൽ 1974-ൽ അവർ വീണ്ടും നമ്മളുമായുള്ള ഐക്യം അവസാനിപ്പിച്ചു. ഏതാനും ദശാബ്ദക്കാലം അതായിരുന്നു അവസ്ഥ. 1977-ൽ സിപിഐ(എം) നേതൃത്വത്തിലുള്ള ഗവണ്മെന്റ് പശ്ചിമബംഗാളിൽ അധികാരത്തിലേറിയതിനെത്തുടർന്ന് ആ ഗവണ്മെന്റിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരെ നമ്മുടെ പാർട്ടി പല വർഗ്ഗ-ബഹുജനപ്രക്ഷോഭങ്ങളും വളർത്തിയെടുക്കുകയുണ്ടായി. ആ പോരാട്ടങ്ങളിൽ പല സഖാക്കളും രക്തസാക്ഷികളായി, പലരും ജയിലഴികൾക്കുള്ളിലായി, പലർക്കും പരിക്കേറ്റു. പക്ഷെ, അപ്പോൾപ്പോലും, കേന്ദ്രഗവണ്മെന്റിന്റെയും ഇതര സംസ്ഥാനങ്ങളിലെ ഗവണ്മെന്റുകളുടെയും ജനവിരുദ്ധ നയങ്ങൾക്കെതിരെ ദേശീയതലത്തിൽ യോജിക്കുകയെന്ന നിർദ്ദേശവുമായി നാം സിപിഐ(എം)-നെ സമീപിക്കുകയുണ്ടായി. നമ്മൾ സിപിഐ(എം)-ന്റെ നേതൃത്വത്തിലുള്ള പശ്ചിമബംഗാൾ ഗവണ്മെന്റിനെതിരെ സമരം സംഘടിപ്പിക്കുന്നത് അവസാനിപ്പിക്കുകയാണെങ്കിൽ മാത്രമേ ഐക്യം സാധിക്കുകയുള്ളു എന്ന മറുപടിയാണ് അവർ നൽകിയത്. പക്ഷെ, ആ വ്യവസ്ഥ അംഗീകരിക്കാൻ നമുക്ക് കഴിഞ്ഞില്ല. പക്ഷെ, പശ്ചിമബംഗാളിലെ സിപിഐ(എം) ഗവണ്മെന്റിന്റെ ഇടതുപക്ഷേതരവും ജനവിരുദ്ധവുമായ നയങ്ങൾക്കെതിരെ സമരം നടത്തിക്കൊണ്ടിരുന്ന അതേ അവസരത്തിൽത്തന്നെ അഞ്ച് സന്ദർഭങ്ങളിൽ നമ്മൾ അവരുമായിച്ചേർന്ന് സംയുക്തപരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. ഇറാഖിലെ അമേരിക്കൻ അധിനിവേശം, ബാബ്റിമസ്ജിദ് തകർക്കൽ, ഗുജറാത്ത് കലാപം എന്നീ വിഷയങ്ങളിലായിരുന്നു അത്. അങ്ങനെ, ഐക്യമുന്നണിയെ സംബന്ധിച്ച് മഹാനായ ലെനിൻ ആവിഷ്കരിച്ചതും സ്റ്റാലിനും മാവോ സെതുങ്ങും ശിബ്ദാസ്ഘോഷും സർഗ്ഗാത്മകമായി പ്രാവർത്തികമാക്കിയതുമായ രാഷ്ട്രീയലൈൻ നമ്മൾ അനുവർത്തിച്ചു. ഇന്നത്തെ സാഹചര്യത്തിൽ, ചില വിഷയങ്ങളിൽ ഐക്യം-സമരം-ഐക്യം എന്ന മാർക്സിസ്റ്റ്-ലെനിനിസ്റ്റ് തത്ത്വത്തിന്റെയടിസ്ഥാനത്തിൽ ഇടതുപക്ഷ ഐക്യത്തിന് വേണ്ടി നാം വീണ്ടും ശ്രമിക്കേണ്ടിയിരിക്കുന്നു. അവർ നമ്മുടെ നീക്കത്തോട് പ്രതികരിക്കുമോ, പ്രതികരിച്ചാൽത്തന്നെ അത് എങ്ങനെ എന്തുമാത്രം എത്രകാലത്തേയ്ക്ക് തുടങ്ങിയ കാര്യങ്ങളൊക്കെ ഭാവിയിൽ മാത്രമേ വ്യക്തമാകുകയുള്ളു. എന്തുതന്നെയായാലും മാർക്സിസ്റ്റുകളെന്ന നിലയിൽ നാം ഈ പരിശ്രമം നടത്തുകയും തുടരുകയും ചെയ്യേണ്ടിയിരിക്കുന്നു. പ്രത്യേകിച്ചും ബിജെപി അധികാരത്തിലിരുന്നുകൊണ്ട് വർഗ്ഗസമരങ്ങൾക്കും ജനാധിപത്യ സമരങ്ങൾക്കും എതിരെ വലിയ ഭീഷണിയുയർത്തുന്ന ഇന്നത്തെ സാഹചര്യത്തിൽ. ബിജെപി അധികാരത്തിലേറിയതോടെ ഫാസിസ്റ്റ് ഭീഷണി വലുതായിരിക്കുന്നു. അവർ ജനാധിപത്യപരവും ധാർമ്മികവുമായ മൂല്യങ്ങൾക്കും, ശാസ്ത്രീയ മനോഘടനയ്ക്കും, യുക്തിസഹമായ ചിന്താപ്രക്രിയയ്ക്കും എതിരെയുള്ള ആക്രമണം കൂടുതൽ രൂക്ഷമാക്കും. അങ്ങനെ ജനങ്ങളുടെ മനുഷ്യത്വം കെടുത്തും. ഇരുണ്ട മദ്ധ്യകാലഘട്ടത്തിന്റേതായ ആശയങ്ങളെയും ആത്മീയവാദത്തെയും അന്ധവിശ്വാസങ്ങളെയും ഉത്തേജിപ്പിക്കും. പ്രതിഷേധത്തിന്റേതായ എല്ലാ ശബ്ദങ്ങളെയും അമർച്ച ചെയ്യും. ജനാധിപത്യപ്രക്ഷോഭങ്ങളുടെയും വർഗ്ഗ -ബഹുജന സമരങ്ങളുടെയും വളർച്ചയെ തടസ്സപ്പെടുത്തും. ഇതിനെയെല്ലാം അതിജീവിച്ചും ജനകീയപ്രക്ഷോഭങ്ങൾ ഉയർന്നുവന്നാൽ അവയെ മൃഗീയമായി അടിച്ചമർത്തും. ബഹുരാഷ്ട്രകുത്തകകൾക്കും കുത്തകകൾക്കും ജനങ്ങളെ നിർദ്ദയം ചൂഷണം ചെയ്യാനും അടിച്ചമർത്താനുമുള്ള നിരങ്കുശമായ അവകാശങ്ങൾ വർദ്ധിച്ചുകൊണ്ടേയിരിക്കും. വിലക്കയറ്റവും പണപ്പെരുപ്പവും തൊഴിലില്ലായ്മയും പിരിച്ചുവിടലും ജനവിരുദ്ധ നയനടപടികളും പെരുകിക്കൊണ്ടിരിക്കും. അനിവാര്യമായും അത് വമ്പിച്ച ജനരോഷത്തിനിടയാക്കും. ജനകീയപ്രക്ഷോഭങ്ങൾ സ്വമേധയാ പൊട്ടിപ്പുറപ്പെടും. ശരിയായ നേതൃത്വത്തിന് വേണ്ടി സമൂഹം ഉറ്റുനോക്കും.

**നമ്മുടെ മഹാനായ നേതാവ് സഖാവ് ശിബ്ദാസ്ഘോഷ് ഈ വിഷയത്തിൽ നൽകിയിട്ടുള്ള പാഠമെന്താണെന്ന് നോക്കുക. അദ്ദേഹം പറഞ്ഞു: “ജനാധിപത്യസമരത്തിന്റേതായ ഈ ഘട്ടം നിലനിൽക്കുവോളം, അതായത് ജനാധിപത്യ ബഹുജനപ്രക്ഷോഭങ്ങൾ വളർത്തിയെടുക്കുന്നതിലൂടെ വിപ്ലവപ്പാർട്ടിക്ക് അത് നയിക്കുന്ന ബഹുജനമുന്നണി സംഘടനകളുമായിച്ചേർന്ന് എല്ലാ ബഹുജനപ്രക്ഷോഭങ്ങളെയും ഏകോപിപ്പിച്ച് അവയുടെ ചരിത്രപരമായ പരിണതിയായ മുതലാളിത്തവിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവത്തിലേയ്ക്ക് നയിക്കാൻ പര്യാപ്തമായ കരുത്തുണ്ടാകുന്നതുവരെയും, ഐക്യമുന്നണി ആവശ്യമാണ്. ഒരു മുട്ടുശാന്തിയെന്ന നിലയിലല്ല, മറിച്ച് ജനാധിപത്യപ്രക്ഷോഭത്തിലെ അനുപേക്ഷണീയമായ സമരോപകരണമെന്ന നിലയിൽ.”**

സഖാവ് ശിബ്ദാസ്ഘോഷ് ആവിഷ്കരിച്ച കരുത്തുറ്റ പ്രത്യയശാസ്ത്രവും രാഷ്ട്രീയലൈനും നമുക്കുണ്ടെങ്കിൽപ്പോലും ഇന്നത്തെ സാഹചര്യത്തെ അഭിമുഖീകരിക്കാൻ പര്യാപ്തമായ വിധത്തിൽ പ്രത്യയശാസ്ത്രപരമായും സംഘടനാപരമായും നൈതികമായും നാം സജ്ജരാണോ?

നമ്മുടെ സഖാക്കളെ അവരുടെ ഉയർന്ന പ്രത്യയശാസ്ത്ര സാംസ്കാരിക നിലവാരത്തിന്റെ പേരിൽ, മറ്റ് പാർട്ടികളുടെ നേതാക്കളും കേഡർമാരും അതുപോലെ തന്നെ സാധാരണ ജനങ്ങളും പ്രശംസിക്കുന്നുണ്ടെന്നത് ശരിതന്നെ. പക്ഷെ, മാർക്സിസം-ലെനിനിസം-സഖാവ് ശിബ്ദാസ്ഘോഷ് ചിന്ത ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നവിധത്തിലും സ്പർശിക്കുന്ന വിധത്തിലും അവരിലേയ്ക്ക് കൊണ്ടെത്തിക്കാൻ ഈ നിലവാരം പര്യാപ്തമല്ല എന്ന് നമുക്കറിയാം. ഒന്നാമതായി, പ്രത്യയശാസ്ത്രസമരത്തിന്റെ കാര്യത്തിൽ നാം വളരെ പിന്നിലാണെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. പ്രത്യയശാസ്ത്രസമരത്തെപ്പറ്റി സ്റ്റാലിൻ പറഞ്ഞ വാക്കുകൾ ഓർമ്മിപ്പിക്കട്ടെ. 1952-ൽ 19-ാം പാർട്ടി കോൺഗ്രസ്സിൽ വച്ച് അദ്ദേഹം പറഞ്ഞു: “പ്രത്യയശാസ്ത്രപ്രവർത്തനം പാർട്ടിയുടെ പ്രാഥമികമായ കർത്തവ്യങ്ങളിലൊന്നാണ്. അതിന്റെ പ്രാധാന്യം കുറച്ചുകാണുന്നത് പാർട്ടിയുടെയും (തൊഴിലാളിവർഗ്ഗ) ഭരണകൂടത്തിന്റെയും താല്പര്യങ്ങൾക്ക് അപരിഹാര്യമായ കോട്ടമുണ്ടാക്കും. സോഷ്യലിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെ സ്വാധീനത്തിന് ക്ഷയമുണ്ടായാൽ അതിന്റെ ഫലം ബൂർഷ്വാപ്രത്യയശാസ്ത്രത്തിന്റെ സ്വാധീനം ശക്തിപ്പെടുക എന്നതായിരിക്കുമെന്ന കാര്യം എപ്പോഴും ഓർക്കണം.” സോവിയറ്റ് യൂണിയനിലെ കമ്മ്യൂണിസ്റ്റുകളുടെ മുന്നിലെന്നപോലെ ലോകത്തെ കമ്മ്യൂണിസ്റ്റുകളുടെയും മുന്നിലാണ് അദ്ദേഹം ഇത് പറഞ്ഞത്. സോവിയറ്റ് യൂണിയനിൽ പിൽക്കാലത്ത് എന്ത് സംഭവിച്ചുവെന്ന് നിങ്ങൾക്കെല്ലാമറിയാം. രണ്ടാം ലോകയുദ്ധത്തിൽ മഹത്തായ വിജയം നേടി പതിനൊന്ന് വർഷം കഴിഞ്ഞപ്പോൾ, മഹാനായ സ്റ്റാലിൻ നിര്യാതനായി മൂന്ന് വർഷം കഴിഞ്ഞപ്പോൾ, തിരുത്തൽവാദികൾ തലപൊക്കുകയും പിന്നീടുണ്ടായ പ്രതിവിപ്ലവത്തിന് കളമൊരുക്കുകയും ചെയ്തു. സ്റ്റാലിന്റെ ഈ മുന്നറിയിപ്പ് ചെവിക്കൊള്ളാൻ, അതിരുകടന്ന ആത്മവിശ്വാസം മൂലം, സോവിയറ്റ് യൂണിയനിലെ കമ്മ്യൂണിസ്റ്റുകൾക്ക് സാധിക്കാതിരുന്നതുമൂലമാണ് അങ്ങനെ സംഭവിച്ചത്. നമുക്കും ഇതൊരു പ്രധാനപ്പെട്ട പാഠവും മുന്നറിയിപ്പുമാണ്. ദൈനംദിനപ്രവർത്തനങ്ങൾക്ക് മാത്രമാണ് ഊന്നൽ നൽകപ്പെടുന്നതെന്ന കാര്യം സഖാവ് രഞ്ജിത് ധർ ഇതിനകം ചൂണ്ടിക്കാട്ടുകയുണ്ടായി. പക്ഷെ, സഖാവ് ശിബ്ദാസ് ഘോഷ് പറഞ്ഞു: “ദൈനംദിനപ്രവർത്തനങ്ങൾ എന്ന് പറയുന്നത് ഒഴിവാക്കാനാവാത്ത ഒരു തിന്മയാണ്. പാർട്ടിക്ക് ഒഴിച്ചുകൂടാനാവാത്തതാണത്. പക്ഷെ, പ്രത്യയശാസ്ത്ര-സാംസ്കാരിക സമരത്തിന്റെ പ്രാധാന്യം കുറച്ചുകണ്ടാൽ അത് പ്രത്യയശാസ്ത്രസമരത്തിന്റെ വളർച്ചയ്ക്കും അവശ്യം വേണ്ട മറ്റ് കർത്തവ്യങ്ങളുടെ നിർവഹണത്തിനും തടസ്സം സൃഷ്ടിക്കുന്ന തിന്മയായി വർത്തിക്കുന്നു.” സഖാവ് സ്റ്റാലിനും ഇങ്ങനെ പറയുകയുണ്ടായി: “നശിച്ച പ്രായോഗികപ്രവർത്തനം...പ്രത്യയശാസ്ത്രസമരത്തിന് വിഘാതം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു.” അതിനാൽ, ഈ പ്രധാനപ്പെട്ട പാഠങ്ങൾ നമ്മൾ എപ്പോഴും ഓർക്കണം.

ഇതുമായി ബന്ധപ്പെട്ട് സഖാവ് ശിബ്ദാസ്ഘോഷിന്റെ ചില പാഠങ്ങൾ ഓർമ്മിപ്പിക്കട്ടെ. അദ്ദേഹം പറഞ്ഞു: “പാർട്ടിയിലെ മുഴുവൻ പ്രവർത്തകർക്കും, കുറഞ്ഞപക്ഷം അവരിൽ ഭൂരിപക്ഷം പേർക്കുമെങ്കിലും, സ്വന്തം ആശയങ്ങളെ വാഗ്രൂപേണ പ്രകടിപ്പിക്കാനുള്ള ബോധനിലവാരമെങ്കിലും ഉണ്ടെങ്കിൽ

(ശേഷം 15-ാം പേജിൽ)

# നാഷണൽ സ്റ്റുഡന്റ്സ് പാർലമെന്റ്




**കേരളാ യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ് യൂണിയൻ തിരുവനന്തപുരത്ത് കാര്യവട്ടം ക്യാമ്പസ്സിൽ സംഘടിപ്പിച്ച നാഷണൽ സ്റ്റുഡന്റ്സ് പാർലമെന്റിനെ എഐഡിഎസ്ഒ അഖിലേന്ത്യാ ജനറൽ സെക്രട്ടറി അശോക് മിശ്ര അഭിസംബോധന ചെയ്യുന്നു. വേദിയിൽ എസ്എഫ്ഐ അഖിലേന്ത്യാ പ്രസിഡന്റ് ഡോ.വി. ശിവദാസൻ, എഐഎസ്എഫ് അഖിലേന്ത്യാ പ്രസിഡന്റ് സയ്യിദ് വലിയുള്ളാഹ് കദ്രി എന്നിവരെ കാണാം. വിദ്യാഭ്യസത്തിനുനേരെയുള്ള ഫാസിസ്റ്റ് ആക്രമണത്തിനെതിരെ ശക്തമായ പ്രക്ഷോഭം കെട്ടിപ്പടുക്കാൻ പ്രതിനിധികളോട് നേതാക്കൾ അഭ്യർത്ഥിച്ചു.**

# ഫാസിസവും ജനകീയപ്രതിരോധവും

## സെമിനാർ



**ചർച്ചയോഗം നാടകകാരൻ കൈനകരി തങ്കരാജ് ഉദ്ഘാടനം ചെയ്യുന്നു**

**ബാ**നർ സാംസ്കാരിക സമിതി കുണ്ടറയിൽ സംഘടിപ്പിച്ച 'ഫാസിസവും ജനകീയ പ്രതിരോധവും' എന്ന സെമിനാർ നടനും സംവിധായകനുമായ കൈനകരി തങ്കരാജ്. ഉദ്ഘാടനം ചെയ്തു. ഫാസിസത്തെ ചെറുക്കാൻ ഇടത് പ്രസ്ഥാനങ്ങൾക്കെ കഴിയു. കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയെ അധികാരത്തിലെത്തിക്കാൻ കൈമെയ് മറന്ന് അധ്വാനിച്ച കലാകാരന്മാരെയും സാഹിത്യകാരന്മാരെയും ഭരണം കിട്ടിയപ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടി മറന്നു. പട്ടിണിയുടെയും പാവപ്പെട്ടവന്റെയും കഥയും കവിതയും നാടകവും എഴുതിയിരുന്നവർ സമ്പന്നന്റെ പൈങ്കിളി എഴുത്തുകാരായി മാറി. സാഹിത്യ സാംസ്കാരികവേദികളിൽ ഫാസിസത്തിനെതിരായി ശക്തമായ ആരവം ഉയരാത്തതിന്റെ കാരണമിതാണെന്നും ഇനിയും വൈകുന്നത് ഏറെ അപകടമാണെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. ജനകീയ പ്രതിരോധ സമിതി ജില്ലാ പ്രസിഡന്റ് എ.ജെയിംസ് അധ്യക്ഷത വഹിച്ചു. ബാനർ സാംസ്കാരിക സമതി സംസ്ഥാന കൺവീനർ ജി.എസ്.പത്മകുമാർ വിഷയം അവതരിപ്പിച്ചു. വൈ.റോബർട്ട്, അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന സംസ്ഥാന സെക്രട്ടറി ഷൈല കെ.ജോൺ, കവി ശശിധരൻ കുണ്ടറ, ചിത്രകാരന്മാരായ ബൈജു പുനുക്കൊന്നൂർ, എൻ.എസ്.മണി, പൗരസമിതി സെക്രട്ടറി ശിവൻവേളിക്കാട്, എഐഡിവൈഒ ജില്ലാ കൺവീനർ പി.പി.പ്രശാന്ത്കുമാർ,മജീഷ്യൻ ആർ.സി. ബോസ്, വി.ആന്റണി തുടങ്ങിയവർ സംസാരിച്ചു.

# പ്രത്യയശാസ്ത്രപരവും സംഘടനാപരവുമായ ചില പ്രശ്നങ്ങളെപ്പറ്റി

*(14-ാം പേജിൽ നിന്ന്)*

മാത്രമേ, അതായത് പാർട്ടിക്കുള്ളിൽ നടക്കുന്ന സംവാദങ്ങളിലും പ്രത്യയശാസ്ത്ര സമരങ്ങളിലും സംഭാഷണങ്ങളിലൂടെയും ചർച്ചകളിലൂടെയും കാര്യക്ഷമമായ പങ്ക് വഹിക്കാൻ അവർക്ക് കഴിയുമെങ്കിൽമാത്രമേ, പാർട്ടിക്കുള്ളിൽ തൊഴിലാളിവർഗ്ഗജനാധിപത്യം പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കാൻ കഴിയൂ. സൈദ്ധാന്തികവിശകലനത്തിന് അവശ്യം വേണ്ട ഈ മിനിമം നിലവാരം ആർജ്ജിക്കണമെങ്കിൽ, അതിനൊരു മുന്നുപാധിയെന്ന നിലയിൽ, പാർട്ടിപ്രവർത്തകർ ജീവിതത്തിന്റെ എല്ലാ വശങ്ങളെയും ഉൾക്കൊള്ളുന്ന മൂർത്തമായ സമരങ്ങളിലൂടെ ഉയർന്ന സാംസ്കാരിക-നൈതിക നിലവാരം ആർജ്ജിച്ചവരായേ മതിയാവൂ...പ്രബുദ്ധതയും സാംസ്കാരികനിലവാരവും താണിരുന്നാൽ, അത് അനുകൂലസാഹചര്യത്തിൽ ഏതെങ്കിലും നിർണ്ണായകഘട്ടത്തിൽ തിരുത്തൽവാദത്തിനും പരിഷ്കരണവാദത്തിനും ജന്മം നൽകിയേക്കാം. വിജ്ഞാനശാസ്ത്രത്തിന്റെയും സംസ്കാരത്തിന്റെയും രംഗത്തുള്ള ഈ പിന്നോക്കാവസ്ഥ തുടർന്നും നിലനിൽക്കുകയാണെങ്കിൽ, തൊഴിലാളിവർഗ്ഗത്തിന്റെ വിപ്ലവപ്പാർട്ടിയൊന്നാകെ, മാർക്സിസം-ലെനിനിസത്തിന്റെ പതാകയേന്തുകയും മുദ്രാവാക്യങ്ങൾ മുഴക്കുകയും ചെയ്യുമ്പോൾത്തന്നെ, തിരുത്തൽവാദത്തിന്റെയും പരിഷ്കരണവാദത്തിന്റെയും പാത സ്വീകരിച്ചുവെന്ന് വരാം." ഇപ്പറഞ്ഞത് പ്രത്യേകം ശ്രദ്ധിക്കുക. നാം സഖാവ് ശിബ്ദാസ്ഘോഷിന്റെ പാഠങ്ങൾ അനുവർത്തിക്കുന്നില്ലെങ്കിൽ, നിർണ്ണായകഘട്ടത്തിൽ, അനുകൂല സാഹചര്യത്തിൽ നമ്മുടെ പാർട്ടിയിലും തിരുത്തൽവാദം പ്രത്യക്ഷപ്പെടാം. നമ്മെ സംബന്ധിച്ചിടത്തോളം ഇതൊരു പാഠം മാത്രമല്ല, താക്കീത് കൂടിയാണ്. ഇവിടെ, സഖാവ് ശിബ്ദാസ്ഘോഷ് പഠിപ്പിച്ച മറ്റൊരു പ്രധാന കാര്യം കൂടി ഓർമ്മിപ്പിക്കട്ടെ. മാർക്സിസ്റ്റ് കാഴ്ചപ്പാടും മാർക്സിസ്റ്റ് പ്രയോഗപദ്ധതിയും സ്വായത്തമാക്കാൻ കഴിയുമാറ് മാർക്സിസത്തെ ദാർശനികമായി മനസ്സിലാക്കാൻ ചുരുങ്ങിയപക്ഷം വ്യത്യസ്ത നിലകളിലുള്ള നേതാക്കൾക്കെങ്കിലും സാധിക്കേണ്ടതാണ് എന്നദ്ദേഹം ചൂണ്ടിക്കാട്ടുകയുണ്ടായി. പ്രതിഭാസങ്ങളുടെ ചലനത്തെ നിയന്ത്രിക്കുന്ന നിയമങ്ങളുടെ പ്രവർത്തനം ശ്രദ്ധിക്കാനും മനസ്സിലാക്കാനും നമുക്ക് കഴിവുണ്ടാകണം എന്നാണ് അദ്ദേഹം ഉദ്ദേശിച്ചത്. എന്തെന്നാൽ, ഏതൊന്നും നിരന്തരമായ ചലനത്തിലാണെന്നും, ഈ ചലനം വ്യക്തമായ നിയമങ്ങളാൽ നിയന്ത്രിക്കപ്പെടുന്നതാണെന്നും നമുക്കറിയാം. കേവലം ദ്വന്ദ്വവാദത്തിന്റെ മൂന്ന് സിദ്ധാന്തങ്ങളോ അതല്ലെങ്കിൽ വൈരുദ്ധ്യസിദ്ധാന്തമോ ഉദ്ധരിക്കാനുള്ള കഴിവ് നേടുക എന്നതല്ല, ദ്വന്ദ്വാത്മകനിയമങ്ങൾ ശരിയായി മനസ്സിലാക്കുകയും ഉൾക്കൊള്ളുകയും ചെയ്യുക എന്നതാണാവശ്യം. ഒരു ശാസ്ത്രജ്ഞൻ ആറ്റങ്ങളുടെയോ ഇലക്ട്രോണുകളുടെയോ ചലനത്തെ നിയന്ത്രിക്കുന്ന നിയമം മനസ്സിലാക്കുന്നതുപോലെ, അതല്ലെങ്കിൽ ഒരു ഡോക്ടർ ബാക്ടീരിയയുടെ പ്രകൃതവും സ്വഭാവവും നിരീക്ഷിച്ച് കണ്ടുപിടിക്കുന്നതുപോലെ, വൈരുദ്ധ്യാത്മകശാസ്ത്രം പ്രയോഗിച്ച് പ്രതിഭാസങ്ങളിൽ പ്രവർത്തിക്കുന്ന നിയമം കണ്ടെത്താൻ നമുക്ക് കഴിയണം. സമൂഹം നിരന്തരം മാറിക്കൊണ്ടിരിക്കുകയാണ്. പുതിയ സംഭവവികാസങ്ങൾ കടന്നുവരികയും പഴയവ കടന്നുപോവുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഒരു നിശ്ചിത സന്ദർഭത്തിൽ ഒരു പ്രത്യേക പ്രതിഭാസത്തിൽ ഐക്യത്തിലും സമരത്തിലും വർത്തിക്കുന്ന വിപരീതശക്തികൾ ഏവ; വികാസഘട്ടം അളവിലുള്ള മാറ്റമാണോ ഗുണപരമായ മാറ്റമാണോ; നിഷേധത്തിന്റെ നിഷേധനിയമം അതിൽ എങ്ങനെയാണ് പ്രവർത്തനനിരതമായിരിക്കുന്നത്; നിശ്ചിത സാഹചര്യത്തിലെ മുഖ്യവൈരുദ്ധ്യവും വൈരുദ്ധ്യത്തിന്റെ മുഖ്യവശവും ഏവ; വൈരുദ്ധ്യത്തിന്റെ സ്വഭാവം പ്രതിയോഗിതമാണോ അതോ അപ്രതിയോഗിതമാണോ എന്നീ കാര്യങ്ങൾ ആഴത്തിലും സൂക്ഷ്മമായും മനസ്സിലാക്കാൻ കഴിയുന്നില്ലെങ്കിൽ, ശരിയായി പ്രവർത്തിക്കാൻ നമുക്ക് കഴിയുകയില്ല. തീർച്ചയായും, മാർക്സിസ്റ്റ് പ്രയോഗശാസ്ത്രവും ഉന്നതമായ തൊഴിലാളിവർഗ്ഗസംസ്കാരവും ആർജ്ജിക്കണമെങ്കിൽ, സഖാവ് ശിബ്ദാസ്ഘോഷ് പഠിപ്പിച്ചതുപോലെ, ജീവിതത്തിന്റെ എല്ലാ വശങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കഠിനവും ദുഷ്കരവും നിരന്തരവുമായ സമരം ആവശ്യമാണ്. ഒരു അർഹനായ മാർക്സിസ്റ്റ് ആകാൻ ആഗ്രഹിക്കുന്നുവെങ്കിൽ നമുക്ക് ആ സമരം ഒഴിവാക്കാനാവില്ല.

ഏതാനും ആയിരം വർഷങ്ങളായി ആത്മീയവാദവും ആശയവാദവും ദൈവവിശ്വാസവും ജനങ്ങളുടെ മനസ്സിനെ അടക്കിഭരിച്ചുകൊണ്ടിരിക്കുകയാണെന്നും, അവരുടെ ചിന്താപ്രക്രിയയെ നിയന്ത്രിച്ചുകൊണ്ടിരിക്കുകയാണെന്നും നമുക്കറിയാം. നമ്മുടെ രാജ്യത്തെ നവോത്ഥാനത്തിലും സ്വാതന്ത്ര്യ സമരത്തിലും അനുരഞ്ജനസ്വഭാവം പുലർത്തിയിരുന്ന ദേശീയബൂർഷ്വാസി, ഇത്തരം വിശ്വാസങ്ങളെ എതിർക്കുന്നതിന് പകരം, സ്വന്തം വർഗ്ഗതാല്പര്യാർത്ഥം മദ്ധ്യയുഗത്തിന്റേതായ ഈ ചിന്തയെ പ്രോത്സാഹിപ്പിക്കുകയാണ് ചെയ്തത്. ഇതിന് അപവാദം എന്ന് പറയാവുന്നത് വിദ്യാസാഗർ, ശരത്ചന്ദ്രചാറ്റർജി, ഭഗത്സിംഗ് എന്നിവർ മാത്രമാണ്. എന്നുമല്ല, സമൂഹത്തിൽ ഉടമകളും തൊഴിലാളികളും, ഭരിക്കുന്നവരും ഭരിക്കപ്പെടുന്നവരും, എന്ന തരത്തിലുള്ള വിഭജനം ഉള്ള കാലത്തോളം ജനങ്ങളുടെ ചിന്താമണ്ഡലത്തിൽ ഈ പ്രപഞ്ചത്തിന്റെയാകെ ഉടമയും ഭരണാധികാരിയുമായ ഒരു ശക്തിയുണ്ടെന്ന വിശ്വാസവും നിലനിൽക്കുമെന്ന്, മാർക്സിസ്റ്റുകളെന്ന നിലയിൽ, നമുക്കറിയാം. പ്രകൃതിയുടെ രഹസ്യങ്ങളെ സംബന്ധിച്ച്, ജനനം ജീവിതം മരണം തുടങ്ങിയ പ്രതിഭാസങ്ങളെ സംബന്ധിച്ച്, ശാസ്ത്രീയധാരണയില്ലാതെ മനുഷ്യർ അജ്ഞരായിരിക്കുന്നിടത്തോളം കാലം, അതുപോലെ തന്നെ മുതലാളിത്ത ഉൽപ്പാദനത്തിന്റെ അരാജകത്വം മൂലം ജീവിതത്തിൽ അനിശ്ചിതത്വം നിലനിൽക്കുന്നിടത്തോളം കാലവും, വസ്തുനിഷ്ഠമായി, പ്രപഞ്ചസ്രഷ്ടാവിൽ അഥവാ പ്രകൃതിക്ക് പിന്നിലുള്ള പ്രകൃത്യതീതശക്തിയിൽ ഉള്ള അന്ധമായ വിശ്വാസം നിലനിൽക്കും. മതത്തെ ഉപയോഗപ്പെടുത്തി ജനങ്ങളെ ആശയക്കുഴപ്പത്തിലാക്കി വഴിതെറ്റിക്കുകയെന്ന ഉദ്ദേശ്യത്തോടെ, ഭരിക്കുന്ന ചൂഷകവർഗ്ഗവും ഇത്തരം കാലഹരണപ്പെട്ട ആശയങ്ങളെ ആസൂത്രിതമായും സുസംഘടിതമായും പ്രോത്സാഹിപ്പിക്കുന്നത് തുടരും. അതിന് പുറമെ, സുശക്തവും ശാസ്ത്രീയവും വിപ്ലവകരവുമായ ആശയങ്ങളുടെയും കരുത്തുറ്റ വർഗ്ഗ ബഹുജനപ്പോരാട്ടങ്ങളുടെയും അഭാവത്തിൽ, മർദ്ദിതജനതയ്ക്ക് എന്തുമാത്രം നിരാശയും നിസ്സഹായതയും അനുഭവപ്പെടുന്നുവോ അത്രയും കണ്ട് അവർ മതപരമായ ആശയങ്ങളിലും സർവ്വശക്തനായ ദൈവത്തിലുള്ള വിശ്വാസത്തിലും പിടിച്ചുതൂങ്ങുന്നു. അനീതി നിറഞ്ഞ ഈ ലോകത്ത് നിന്ന് മരണാനന്തരം സർവ്വശക്തനായ ദൈവം തങ്ങൾക്ക് മോചനവും നീതിയും നൽകും എന്ന വിശ്വാസത്തിൽമാത്രമാണ് അവർ പ്രതീക്ഷയർപ്പിക്കുന്നത്. ഈ സാഹചര്യത്തിൽ മാർക്സിസം-ലെനിനിസം-സഖാവ് ശിബ്ദാസ്ഘോഷ് ചിന്തകളിൽ ശരിയായ ധാരണയാർജ്ജിച്ച് സജ്ജരായില്ലെങ്കിൽ നമുക്കെങ്ങനെ ജനങ്ങളുടെ മനസ്സിനെ ചിരകാലമായി രൂഢമൂലമായിരിക്കുന്ന ഈ അപകടകരമായ ആശയങ്ങളിൽ നിന്ന് മോചിപ്പിക്കാൻ സാധിക്കും?

നാം സാർവ്വത്രികമായ മാർഗ്ഗനിർദ്ദേശം നൽകുന്ന ക്ലാസ്സിക്കുകൾ അതായത്, മാർക്സിന്റെയും എംഗൽസിന്റെയും ലെനിന്റെയും സ്റ്റാലിന്റെയും ശിബ്ദാസ്ഘോഷിന്റെയും കൃതികൾ, വായിക്കുന്നു. മാർക്സിയൻശാസ്ത്രം മനസ്സിലാക്കുന്നതിനായി നാം ക്ലാസ്സുകളിലും സ്കൂളുകളിലും പങ്കെടുക്കുന്നു. പക്ഷെ, ഇങ്ങനെയെല്ലാം നാം നേടുന്ന അറിവ് സൈദ്ധാന്തികതലത്തിലുള്ളതും അമൂർത്തവുമാണ്. എന്നാൽ പ്രയോഗത്തിൽ, സാമാന്യമായ മൗലികനിയമങ്ങൾ പ്രവർത്തനനിരതമാകുന്നത് മൂർത്തസാഹചര്യത്തിൽ, സമൂർത്തമായും, അതിന്റേതായ എല്ലാ സവിശേഷതകളോടെയും പ്രത്യേകതയോടെയുമാണ്. അതിനെ അപ്രകാരം തന്നെ, സിദ്ധാന്തത്തെ മൂർത്തമായ പ്രയോഗവുമായി ബന്ധപ്പെടുത്തി, പഠിക്കേണ്ടതുണ്ട്. പൊതുവായ വൈദ്യശാസ്ത്രം വ്യത്യസ്ത രോഗങ്ങളുടെ കാര്യത്തിൽ വ്യത്യസ്തമായും പ്രത്യേകമായുമാണ് പ്രയോഗിക്കുന്നത്. സാമാന്യമായ കൃഷിശാസ്ത്രം വ്യത്യസ്ത വിളകളുടെ കാര്യത്തിൽ വ്യത്യസ്തമായാണ് പ്രയോഗിക്കുന്നത്. അതുപോലെതന്നെ, സ്ഥിതിവിശേഷം മാറുമ്പോൾ, പുതിയ സാഹചര്യം ഉണ്ടായിവരുമ്പോൾ, പുതിയ ബാഹ്യ-ആന്തരികവൈരുദ്ധ്യങ്ങളുണ്ടായിവരുമ്പോൾ, പൊതുവായ ശാസ്ത്രത്തെയും വ്യത്യസ്തമായും നൂതനമായും പ്രയോഗത്തിൽവരുത്തേണ്ടിവരും. അളവിലുള്ള മാറ്റമേ ഉണ്ടായിട്ടുള്ളൂ, ഗുണപരമായ മാറ്റമുണ്ടായിട്ടില്ല എന്നാണെങ്കിൽ, പ്രയോഗത്തിലും അളവിലുള്ള ഒരു മാറ്റമുണ്ടാകണം. എങ്കിൽമാത്രമേ അവസരത്തിനൊത്തുയരാൻ നമുക്ക് സാധിക്കുകയുള്ളൂ. സഖാവ് ശിബ്ദാസ് ഘോഷ് ചൂണ്ടിക്കാട്ടിയിട്ടുള്ളതുപോലെ, ഉന്നതമായ തൊഴിലാളിവർഗ്ഗസംസ്കാരം ആർജ്ജിച്ചുകൊണ്ട് സൈദ്ധാന്തികജ്ഞാനത്തെയും പ്രായോഗികജ്ഞാനത്തെയും ദ്വന്ദ്വാത്മകമായി ഉദ്ഗ്രഥിക്കാൻ കഴിയുന്നില്ലെങ്കിൽ അതിനുള്ള ശേഷി നമുക്ക് കൈവരിക്കാനാവുകയില്ല.

*(ശേഷം അടുത്തലക്കത്തിൽ)*

Date of Posting 9 th & 10 th of every month at RMS, Trivandrum.
Date of publishing 01/10/2015
REGISTERED
R. N. 24773/1992
P.R. No. KL/TV(N)/452/2015-2017

UNITY
MALAYALAM MONTHLY

Vol 42 No.8
Price : Rs 5.00
November 2015

# വൈദ്യുതി നിയമ ഭേദഗതിക്കെതിരെ കൊച്ചിയിൽ വൻപ്രതിഷേധം





കൊച്ചിയിൽ നടന്ന പ്രതിഷേധ സമ്മേളനത്തെ ആൾ ഇന്ത്യ പവർമെൻസ് ഫെഡറേഷൻ ജനറൽ സെക്രട്ടറി സഖാവ് സമർകുമാർ സിൻഹ അഭിസംബോധന ചെയ്യുന്നു

**വൈ**ദ്യൂതി വിതരണ മേഖല സമ്പൂർണ്ണമായും സ്വകാര്യവൽക്കരിക്കുന്നതിനു വേണ്ടി കൊണ്ടുവരുന്ന വൈദ്യൂതി നിയമ ഭേദഗതി ബിൽ–2014 അവതരിപ്പിച്ചു പാസ്സാക്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായി കേന്ദ്ര ഊർജ്ജ വകുപ്പു മന്ത്രി പീയൂഷ് ഗോയൽ, സംസ്ഥാന വൈദ്യുതു വകുപ്പു മന്ത്രിമാരുടെ ഒരു യോഗം കൊച്ചിയിലെ ബോൾഗാട്ടി പാലസിൽ നവംബർ 6 ന് വിളിച്ചുചേർത്തു. അന്നേദിവസം കൊച്ചിയിൽ ശക്തമായ പ്രതിഷേധം സംഘടിപ്പിക്കുവാനുള്ള നാഷണൽ കോ-ഓർഡിനേഷൻ കമ്മറ്റി ഓഫ് ഇലക്ട്രിസിറ്റി എംപ്ലോയീസ് ആന്റ് എൻജിനിയേഴ്സ്(NCCOEEE)ന്റെ ആഹ്വാനമനുസരിച്ച് കൊച്ചിയിൽ നടന്ന വമ്പിച്ച പ്രകടനത്തിലും പ്രതിഷേധ സമ്മേളനത്തിലും ആയിരക്കണക്കിന് വൈദ്യുതി തൊഴിലാളികൾ പങ്കെടുത്തു. കേരളത്തിന് പുറമേ തമിഴ്നാട്, കർണ്ണാടക, തെലുങ്കാന, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നിന്നുമുള്ള തൊഴിലാളികളും പ്രതിഷേധത്തിൽ പങ്കെടുത്തു.സിഐടിയു, എഐയുറ്റിയുസി, എഐയുടിയുസി, ഐഎൻടിയുസി, എൽപിഎഫ് തുടങ്ങിയ ട്രേഡ് യൂണിയനുകളും സ്വതന്ത്ര സംഘടനകളും പെൻഷൻകാരുടെ സംഘടനകളും എൻസിസിഒഇഇ യുടെ ബാനറിനു കീഴിൽ അണിനിരന്നു. മറൈൻഡ്രൈവിൽ നടന്ന പ്രതിഷേധ സമ്മേളനത്തിൽ സിഐടിയു നേതാവ് സ.കെ.ഒ.ഹബീബ് അദ്ധ്യക്ഷത വഹിച്ചു. എഐയുടിയുസിയുടെ നേതൃത്വത്തിലുള്ള ആൾ ഇന്ത്യ പവ്വർമെൻസ് ഫെഡറേഷൻ (എഐപിഎഫ്) ജനറൽ സെക്രട്ടറി സഖാവ് സമർ സിൻഹ, എഐടിയുസിയുടെ നേതാവ് എ.എൻ.രാജൻ തുടങ്ങിയവർ പ്രസംഗിച്ചു. എഐപിഎഫ് നേതാക്കളായ കെ.സോമശേഖർ (കർണാടക) എസ്.സീതിലാൽ, ഡി.സുന്ദരേശൻ, കെ.കെ.സുരേന്ദ്രൻ, പി.എം,ദിനേശൻ, എ.വി.ബെന്നി എന്നിവർ പ്രകടനത്തിന് നേതൃത്വം നൽകി.

ശക്തമായ പ്രതിഷേധത്തെ തുടർന്ന് അന്നേദിവസം ഉച്ചയ്ക്ക് 1.30 ന് കേന്ദ്രമന്ത്രി നേതാക്കളെ ചർച്ചയ്ക്ക് വിളിച്ചു. ചർച്ചയിൽ വെച്ച് നിയമം എല്ലാ സംസ്ഥാനങ്ങളും നിർബന്ധമായും നടപ്പിലാക്കണമെന്നതടക്കമുള്ള ചില വ്യവസ്ഥകളിൽ മാറ്റം വരുത്താമെന്ന് കേന്ദ്രമന്ത്രി സമ്മതിച്ചു. എന്നാൽ നിയഭേദഗതിയുമായി മുൻപോട്ട് പോകുവാനുള്ള കേന്ദ്രസർക്കാർ തീരുമാനത്തിനെതിരെ ഡിസംബർ 8 ന് അഖിലേന്ത്യ തലത്തിൽ വൈദ്യുതി മേഖലയിൽ പണിമുടക്ക് നടത്തുവാൻ വൈകിട്ട് ചേർന്ന എൻസിസിഒഇഇ നേതൃയോഗം തീരുമാനിച്ചു.തലത്തിൽ വൈദ്യുതി മേഖലയിൽ പണിമുടക്ക് നടത്തുവാൻ അന്നേ ദിവസം വൈകിട്ട് ചേർന്ന എൻസിസിഒഇഇ നേതൃയോഗം തീരുമാനിച്ചു. ●

# കർഷകനെ ജയിലിലടച്ചത് ബാങ്കിന്റെയും സർക്കാറിന്റെയും മനുഷ്യത്വരഹിത നടപടി – വയനാട് ജില്ലാ കർഷക പ്രതിരോധ സമിതി

ഇരുളത്ത് സുകുമാരൻ എന്ന കർഷകനെ വായ്പാ കുടിശ്ശികയുടെ പേരിൽ കണ്ണൂർ സെൻട്രൽ ജയിലിലടച്ചത് ബാങ്കും സർക്കാരും ഒത്തുകളിച്ചുകൊണ്ട് നടപ്പാക്കിയ മനുഷ്യത്വരഹിത നടപടിയാണെന്ന് വയനാട് ജില്ലാ കർഷക പ്രതിരോധ സമിതി പ്രസിഡണ്ട് ഡോ. ഡി.സുരേന്ദ്രനാഥ്, സെക്രട്ടറി വി.കെ. സദാനന്ദൻ എന്നിവർ ഒരു പ്രസ്താവനയിൽ പറഞ്ഞു. വായ്പാക്കുരുക്കിൽ പെട്ടിരിക്കുന്ന മുഴുവൻ കർഷകർക്കും ഒരു താക്കീത് നൽകുകയെന്ന ഗൂഢാലോചനയുടെ ഭാഗംകൂടിയാണ് ഇത്. വൻകിടക്കാർ വായ്പയെടുത്ത ലക്ഷക്കണക്കിന് കോടി രൂപ തിരിച്ചുപിടിക്കാതെ എഴുതിത്തള്ളുന്ന ബാങ്കുകളും സർക്കാരുമാണ് ആത്മഹത്യാ മുനമ്പിൽ നിൽക്കുന്ന കർഷകരെ ഈ വിധം ജയിലിലടക്കുന്നത്. ബാങ്കിന്റെ ന്യായീകരണങ്ങൾ തീർത്തും അന്യായവും മനുഷത്വരഹിതവുമാണ്. സാധാരണ ജനങ്ങൾക്ക് വായ്പ നൽകുന്നത് വൻതോതിൽ വെട്ടിക്കുറക്കുകയും കോർപ്പറേറ്റുകൾക്കും വൻകിടക്കാർക്കും വെട്ടിവിഴുങ്ങാൻ അവസരമൊരുക്കുകയും ചെയ്യുന്ന ആഗോളവൽക്കരണ നയത്തിന്റെ ഭാഗമാണിത്.

1999 ൽ 90,000 രൂപ വായ്പയെടുത്ത കർഷകനിൽനിന്നും 5.75 ലക്ഷം രൂപ വസൂലാക്കാനാണ് ഇപ്പോൾ ജയിലിലടച്ചിരിക്കുന്നത്. ആകെയുള്ള 75 സെന്റ് സ്ഥലം നൽകിയിട്ടും തൃപ്തി വരാതെ കർഷകനെ സെൻട്രൽ ജയിലിലടച്ചത് അധികാരിവൃന്ദത്തിന്റ പക്ഷപാതിത്വം വ്യക്തമാക്കുന്നു. സർക്കാർ തുടർന്നുവരുന്ന നയങ്ങളുടെ ഭാഗമായി ഉൽപ്പന്നങ്ങളുടെ വിലയിടിവ്, വിളനാശം, വന്യമൃഗശല്യം, സബ്സിഡി നിർത്തലാക്കൽ തുടങ്ങിയവ കാരണം നിത്യദുരിതത്തിലായ കർഷകരെ ജയിലിലടക്കുകകൂടി ചെയ്ത് സർക്കാർ അതിന്റ മുഴുവൻ ക്രൗര്യവും പ്രകടിപ്പിച്ചിരിക്കയാണിപ്പോൾ - പ്രസ്താവനയിൽ ചൂണ്ടിക്കാട്ടുന്നു.

ജയിലിലടച്ച കർഷകനെ ഉടനടി മോചിപ്പിക്കാത്തപക്ഷം ശക്തമായ പ്രക്ഷോഭണത്തിനു തയ്യാറാകാൻ മുഴുവൻ കർഷകരോടും കർഷക പ്രതിരോധ സമിതി അഭ്യർത്ഥിച്ചു. ●



സുൽത്താൻബത്തേരി മിനി സിവിൽസ്റ്റേഷനിലേക്ക് കർഷകപ്രതിരോധ സമിതിയുടെ ആഭിമുഖ്യത്തിൽ നടന്ന മാർച്ച് സെക്രട്ടറി വി.കെ.സദാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു

# കണ്ണൂരിൽ എയ്ഡഡ് പ്രീ പ്രൈമറി സ്കൂൾ അദ്ധ്യാപകരും ആയമാരും ഡിഡിഇ ഓഫീസ് മാർച്ച് നടത്തി




മാർച്ച് കെയുഎസ്ടിഒ സംസ്ഥാനപ്രസിഡന്റ് ജയ്സൺ ജോസഫ് ഉദ്ഘാടനം ചെയ്യുന്നു

**നി**രവധി വർഷങ്ങളായി എയ്ഡഡ് സ്കൂളുകളിൽ തുച്ഛമായ ശമ്പളത്തിൽ ജോലി ചെയ്തുവരുന്ന പ്രീ പ്രൈമറി അദ്ധ്യാപകരും ആയമാരും ഒക്ടോബർ 16 ന് കണ്ണൂർ ഡിഡിഇ ഓഫീസിലേക്ക് മാർച്ച് നടത്തി. എയ്ഡഡ് സ്കൂളുകളിലെ പ്രീപ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും സർക്കാർ സർവ്വീസിനു തുല്യമായ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കുക, പ്രീപ്രൈമറിയെ എയ്ഡഡ് സ്കൂളുകളുടെ ഭാഗമായി അംഗീകരിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് മാർച്ച് സംഘടിപ്പിച്ചത്. കണ്ണൂർ ജില്ലാ പ്രീ പ്രൈമറി ടീച്ചേഴ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടന്ന മാർച്ച് കെയുഎസ്ടിഒ സംസ്ഥാന പ്രസിഡന്റ് ജയ്സൺ ജോസഫ് ഉദ്ഘാടനം ചെയ്തു. പ്രീ പ്രൈമറി ടീച്ചേഴ്സ് അസോസിയേഷൻ ജില്ലാ സെക്രട്ടറി വിജയഷോമ അദ്ധ്യക്ഷത വഹിച്ചു. എഫ്ഇറ്റിഒ ജില്ലാപ്രസിഡണ്ട് കെ.കെ.വിനോദ്, കെയുഎസ്റ്റിഒ ജില്ലാ സെക്രട്ടറി അനൂപ് ഏരിമറ്റം, ബി.വൃന്ദ, പി.നസീമ, സി.പ്രസീത എന്നിവർ പ്രസംഗിച്ചു. ●

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.